# ശുഭഭാവി

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# ശുഭഭാവി


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

NEW STAR PRINTERS

KOCHI - 682 018


●


*copy right reserved*


●

# ആമുഖം

സെന്റ് അഗസ്റ്റിൻ പറഞ്ഞിട്ടുണ്ട് :

"Lord, Thou madest us for theyself, and we can find no rest till we find rest in Thee."

"നാഥാ, അങ്ങ് ഞങ്ങളെ അങ്ങേയ്ക്കായി മെനഞ്ഞുണ്ടാക്കി. അങ്ങയിൽ വിശ്രമം കണ്ടെത്തും വരെ ഞങ്ങൾക്ക് സമാധാനം ലഭിക്കുവാൻ കഴിയുകയില്ല."

ക്രിസ്തുവിൽ ആശ്വാസവും വിശ്രമവും കണ്ടെത്തുന്നതാണ് ഏറ്റവും വലിയ ഭാഗ്യം. ക്രിസ്തുവിനോടുള്ള ദൃഢവും ഗാഢവുമായ സ്നേഹം ഉള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നതാണ് ക്രിസ്തീയ ജീവിതം. വിശുദ്ധ അഗസ്തീനോസിനെപ്പോലുള്ള അനേകം വിശുദ്ധന്മാർ ആസ്വദിച്ചനുഭവിച്ചതാണ് ആ മഹൽ സ്നേഹം.

ആ സ്നേഹം ആകർഷിച്ചതാണ് എന്റെ ജീവിതത്തിലെ മഹാഭാഗ്യം. എന്റെ ബലഹീനതകളും പോരായ്മകളും വിഡ്ഢിത്തങ്ങളും കരുണയോടെ സഹിച്ച്, എന്നെ വഹിച്ച്, ഇന്നയോളം എത്തിച്ച ക്രിസ്തുവിന്റെ സ്നേഹത്തിന്റെ

മുമ്പിൽ എന്റെ ഒന്നുമില്ലായ്മയും നിസ്സാരതയും എളിമ യോടെ ഏറ്റുപറയാനുള്ള സുബോധം ക്രിസ്തു ദാനമായി എനിക്ക് നൽകിയതാണ് ഈ പുസ്തക രചനയ്ക്കും നിദാ നമായത്.

എന്റെ ഹൃദയത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്ന ഒന്നാണ് ക്രിസ്തു തരുന്ന ശാന്തിയും സമാധാനവും. ആ സമാധാനം ഐഹികവും പാരത്രികവുമാണ്. ഞെരുക്കങ്ങളു ടെയും പ്രതിസന്ധികളുടെയും തെറ്റിദ്ധാരണകളുടെയും കുറ്റാ രോപണങ്ങളുടെയും അപഹസനങ്ങളുടെയും മദ്ധ്യത്തിൽ ആ സമാധാനം ജീവിതത്തിൽ ജ്വലിച്ചുയർന്നു വരുന്നു എന്നുള്ള താണ് എന്റെ എളിയ അനുഭവം. അത് ക്രിസ്തുവിന് മാത്രമേ തരാൻ കഴിയുകയുള്ളൂ.

Ralph Waldo Emerson പറഞ്ഞു :

“When it is dark enough, men see the stars.”

കൂരിരുളേറുന്തോറും തെളിഞ്ഞു വരുന്ന രജതതാരങ്ങൾ, നമുക്ക് തരുന്ന പാഠമതാണ്.

“The gem cannot be polished without friction, nor man perfected without trials.” (ഉരസലേശാതെ രത്നത്തിന് തിളക്കമേ റ്റാൻ കഴിയുകയില്ല) എന്ന് കൺഫ്യൂഷിയസ് പറഞ്ഞതും ഈ ആശയത്തിന്റെ ഗരിമ ഉൾക്കൊണ്ടാണ്.

പ്രസംഗികളുടെ പ്രഭുവായ സ്പർജൻ അനുഭവിച്ചുകൊണ്ട് പറഞ്ഞ സുപ്രസിദ്ധമായ ഒരു വാക്യമുണ്ട് : “Many men owe the grandeur of their lives to their tremendous difficulties.” (അ നേകരും തങ്ങളുടെ ജീവിതത്തിന്റെ മഹിമയ്ക്ക് കൊടിയ യാതനകളോട് കടപ്പെട്ടിരിക്കുന്നു.)

ഭാവിയെക്കുറിച്ചുള്ള ഈ ശുഭപ്രതീക്ഷയാണ് ജീവിതത്തിന്റെ മുന്നേറ്റത്തിനുള്ള ആന്തരിക ചോദന. അതു തന്നെയാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയും ആകത്തുകയും ഈ പ്രസംഗങ്ങളുടെ അന്തസ്സത്തയും അതു തന്നെയാണ്.

'അമൃതധാര'യും 'ആന്തരിക ശാന്തി'യും സൗമനസ്യത്തോടെ സ്വീകരിച്ച് എന്നെ പ്രോത്സാഹിപ്പിച്ച എന്റെ ആത്മീയ സഹോദരങ്ങൾ ഈ 'ശുഭഭാവി'യെയും സന്തോഷസമേതം കൈക്കൊള്ളുമെന്ന് എനിക്കുറപ്പുണ്ട്. ക്രിസ്തുവിന്റെ സുവിശേഷം അനേകഹൃദയങ്ങളിൽ ശാന്തി പകരട്ടെ എന്നാശംസിച്ചുകൊണ്ട് ഞാനീഗ്രന്ഥം ബഹുജനസമക്ഷം സമർപ്പിക്കുകയാണ്.

നിങ്ങളുടെ വിനീതവിധേയൻ,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ യാകുന്നു."
പുറപ്പാട് 15 : 16

ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു. യഹോവ റാഫാ. നിത്യനായ ദൈവത്തിന് അനേകം നാമ ങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യഹോവയിരേ - ദൈവം കരുതിക്കൊള്ളും. God sees and God cares

യഹോവ നിസ്സി - ദൈവം എന്റെ കൊടി.

യഹോവ ശാലോം - ദൈവം നമ്മുടെ സമാധാനം.

യഹോവ യാഹ് - ദൈവം എന്റെ ഇടയൻ.

യഹോവ ശമ്മാ - ദൈവം അവിടെയുണ്ട്.

യഹോവ സിദെക്ക്നു -ദൈവം എന്റെ നീതി.

# 7

യഹോവ റാഫാ - ദൈവം എന്റെ സൗഖ്യം.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ യാകുന്നു." പുറപ്പാട് 15 : 26

മനുഷ്യന് ശരീരം ഉണ്ട് - ദേഹം. പ്രാണനുണ്ട് - ദേഹി. ആത്മാവുണ്ട്. മറ്റു ജീവികൾക്ക് ദേഹവും ദേഹിയും മാത്ര മേയുള്ളു. മനുഷ്യന് ദേഹവും ദേഹിയും ആത്മാവും ഉണ്ട്.

ദേഹത്തിൽ രോഗമുണ്ട്, ദേഹിയിൽ രോഗമുണ്ട്, ആത്മാ വിൽ രോഗമുണ്ട്. അകമെയും പുറമെയും രോഗമായി വല യുന്ന എത്രയോ ആളുകളുണ്ട്. രണ്ടായിരമാണ്ടാകുമ്പോഴേക്ക് ഭാരതം തീരാവ്യാധികളുടെ നീരാളിപ്പിടുത്തത്തിൽ ഉലഞ്ഞു പോകുമെന്ന് ചിന്തകന്മാർ പറഞ്ഞിട്ടുണ്ട്. രണ്ടായിരമാണ്ടാകു മ്പോൾ ഭാരതത്തിലെ ജനങ്ങളിൽ 25% പേർ കാൻസർ രോഗികളായിരിക്കുമെന്ന് സ്ഥിതിവിവരക്കണക്കുകൾ പറ ഞ്ഞിട്ടുണ്ട്.

രണ്ടായിരമാണ്ടാകുമ്പോഴേക്കും ഭാരതത്തിലുള്ളവരിൽ 25% പേർ എയ്ഡ്സ് രോഗികളായിരിക്കുമെന്നാണ് ചിന്തക ന്മാർ കണക്കുകൂട്ടിപ്പറഞ്ഞത്. കൊടിയ രോഗങ്ങളുടെയും ഭീതിയുടെയും ആശങ്കയുടെയും കരിനിഴലിൻ കീഴിലാണ് ഇന്ന് മനുഷ്യൻ ജീവിക്കുന്നത്. ഈ സാഹചര്യത്തിൽ "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു" എന്ന വചന ത്തിന്റെ ശക്തി എത്ര അനുഭവവേദ്യമാണ്!

കർത്താവായ യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷ യുടെ നാളുകളിൽ എത്രയോ രോഗികളെ സുഖപ്പെടുത്തി! യേശു സഞ്ചരിച്ചിടത്തെല്ലാം സൗഖ്യം വാരി വിതറുകയായി രുന്നു. യേശു ഉണ്ട് എന്ന് കേൾക്കുന്ന ഇടത്തേക്ക് ആളു കൾ ദീനക്കാരെ കിടക്കയിൽ എടുത്തുകൊണ്ടുവന്നു.

"ഊരുകളിലോ പട്ടണങ്ങളിലോ കുടികളിലോ അവൻ ചെന്നേടത്തൊക്കയും അവർ ചന്തകളിൽ രോഗികളെ കൊണ്ടുവന്നുവെച്ചു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന് അപേക്ഷിക്കുകയും അവനെ തൊട്ടവർക്ക് ഒക്കെയും സൗഖ്യം വരികയും ചെയ്തു."

വി. മാർക്കോസ് 6 : 56

യേശു ചെയ്ത രണ്ടാമത്തെ അടയാളം കഫർന്നഹൂമിലെ രാജഭൃത്യന്റെ മകന് സൗഖ്യം നൽകിയതാണ്. രാജഭൃത്യൻ യേശുവിന്റെ അടുക്കൽ വന്ന് മകനെ സൗഖ്യമാക്കേണം എന്ന് അപേക്ഷിച്ചു. "പൊയ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു", എന്ന് ക്രിസ്തു പറഞ്ഞു. ആ നിമിഷം ആ ബാല്യക്കാരന് സൗഖ്യം ലഭിച്ചു.

മാന്യ സ്നേഹിതാ, താങ്കൾ ഇന്ന് ഏതെങ്കിലും രോഗത്തിന്റെ ബാധകൊണ്ട് നിരാശയിലും വേദനയിലും കഴിയുകയാണോ? അതോ താങ്കളുടെ പ്രിയപ്പെട്ടവരാരെങ്കിലും തീരാരോഗത്തിനടിമപ്പെട്ട് ഭാവി ഇരുളടഞ്ഞ് കഴിയുകയാണോ? കേൾക്കൂ! "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു"എന്ന് തിരുവെഴുത്ത് പറയുന്നു.

ഒരു കുഷ്ടംരോഗി യേശുവിനെതിരെ നില്ക്കുകയായിരുന്നു. "അശുദ്ധൻ", "അശുദ്ധൻ" എന്ന് പറഞ്ഞുകൊണ്ട് സമൂഹമദ്ധ്യേ ഒറ്റപ്പെട്ടവനായി കഴിയേണ്ടവനാണവൻ. ലേവ്യാപുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"വടുവുള്ള കുഷ്ഠരോഗിയുടെ വസ്ത്രം കീറിക്കളയേണം; അവന്റെ തല മൂടാതിരിക്കേണം; അവൻ അധരം മൂടിക്കൊണ്ടിരിക്കുകയും 'അശുദ്ധൻ', 'അശുദ്ധൻ' എന്ന് വിളിച്ചു പറയുകയും

> വേണം. അവന് രോഗമുള്ള നാൾ ഒക്കെയും അവൻ അശുദ്ധനായിരിക്കേണം. അവൻ അശുദ്ധൻ തന്നേ. അവൻ തനിച്ചു പാർക്കേണം; അവന്റെ പാർപ്പ് പാളയത്തിന് പുറത്തായിരിക്കേണം."
> ലേവ്യാ - 13 : 45 - 46

അങ്ങനെ ഒറ്റപ്പെട്ട് നിരാശാപൂരിതമായി തകർന്ന ജീവിതം നയിച്ചുകൊണ്ടിരുന്ന മനുഷ്യൻ അന്നൊരു ദിവസം ക്രിസ്തുവിനെ കണ്ടുമുട്ടി. കിട്ടിയ സന്ദർഭം അവൻ പാഴാക്കിയില്ല. അവൻ യാചിച്ചു : "കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും."

യേശു കൈ നീട്ടി അവനെ തൊട്ടു. യേശു അവനെ കണ്ട്, അറപ്പോടെ മാറി നിന്നില്ല. യേശു അവന്റെ അരികിലേക്ക് നീങ്ങിച്ചെന്നു. അവനെ തൊട്ടു. അതേ, സ്രഷ്ടാവ് സൃഷ്ടിയെ തൊട്ടു. "എനിക്ക് മനസ്സുണ്ട്; നീ ശുദ്ധമാക" എന്ന് യേശു കല്പിച്ചു. എന്തൊരത്ഭുതം! ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധനായി.

ബഹുമാന്യ സഹോദരീ, നീ ഇതു കേട്ടുകൊണ്ടിരിക്കുമ്പോൾ ക്രിസ്തു നിന്റെ അരികിൽ നിൽക്കുന്നു എന്ന് വിശ്വസിക്കുമോ? കർത്താവേ! എന്റെ അകത്തും പുറത്തും പാപങ്ങൾ തന്നെ. കുഷ്ഠരോഗിയുടെ ശരീരമാസകലം വ്രണം നിറഞ്ഞ് ചലം ഒലിച്ച് നിൽക്കുന്നതുപോലെ എന്റെ നാഥാ, എന്റെ ആത്മാവ് മുഴുവൻ പാപത്താൽ മുറിഞ്ഞും തകർന്നും ചീഞ്ഞും ഇരിക്കുന്നുവല്ലോ. എന്നെ ഒന്നു തൊടണമേ എന്ന്, പ്രിയപ്പെട്ടവളേ, നീ ഒന്ന് പ്രാർത്ഥിക്കൂ.

തളർവാതം ബാധിച്ചവർ, കണ്ണു കാഴ്ചയില്ലാത്തവർ, മിണ്ടാൻ വയ്യാത്തവർ, ചെവി കേൾക്കാൻ സാധിക്കാത്തവർ അംഗഹീനർ, ഭൂതബാധിതർ എന്നിങ്ങനെ എത്രയോ ആളു

കൾ യേശുക്രിസ്തുവിന്റെ അരികിലെത്തി സൗഖ്യം പ്രാപിച്ചു!

" ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു." പുറപ്പാട് 15 : 26

ഹൃദയത്തിൽ മുറിവേറ്റ്, ഉള്ളം വേദനകൊണ്ട് പുളഞ്ഞ്, ദുഃഖംകൊണ്ട് വാടി, മ്ലാനത തളംകെട്ടി ജീവിതം തള്ളിനീക്കുന്ന എത്രയോ ആളുകളുണ്ട്. ആന്തരീക മുറിവുകൾക്ക് പൊറുതി തരുന്ന കർത്താവായ യേശുക്രിസ്തുവിന്റെ അരികിലെത്തി മാനസിക സൗഖ്യം അനുഭവിക്കുന്ന അനേകം അനേകം ആളുകളുണ്ട്.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു" എന്ന വചനം സ്വന്തം അനുഭവത്തിൽ രുചിച്ചറിഞ്ഞ ഒരാളാണ് എറണാകുളത്ത് ബിസിനസ് നടത്തുന്ന പഴഞ്ഞി സ്വദേശിയായ തമ്പി. ഒരു കടയിൽ സാധനങ്ങൾ എടുത്തുകൊടുക്കുന്ന തൊഴിലിനായിട്ടാണ് തമ്പി എറണാകുളത്ത് വന്നത്. പടിപടിയായി വളർന്ന് 38-ാമത്തെ വയസ്സായപ്പോഴേക്കും സ്വന്തമായ ഒരു വീടും ഒരു നല്ല ബിസിനസ്സും എറണാകുളത്തുള്ള ഒരാളായി മാറി. പക്ഷേ പെട്ടെന്നിതാ ഒരു വലിയ അത്യാപത്ത്! തമ്പി ഒരു കാൻസർ രോഗിയാണെന്നറിഞ്ഞു.

അതിനെപ്പറ്റി തമ്പിയുടെ സ്വന്തം വാക്കുകളിൽ നമുക്ക് കേൾക്കാം.

"തമ്പിക്ക് കാൻസർ രോഗം ബാധിച്ചു എന്ന് കേട്ടപ്പോഴത്തെ അവസ്ഥ എന്തായിരുന്നു.?"

"ഞാൻ ഞെട്ടിപ്പോയി. 39-മത്തെ വയസ്സിൽ കാൻസർ രോഗം പിടിച്ചല്ലൊ എന്ന് ഞാൻ അതിദുഃഖത്തോടെ ഓർ

ത്തു. വെല്ലൂർ ഹോസ്പിറ്റലിലെ ഡോക്ടർമാർ പറഞ്ഞത് Lymphoma Stage IV B ആണെന്നാണ്. എന്റെ ഭാര്യയും രണ്ടു കുഞ്ഞുങ്ങളും. അപ്പന് ഞങ്ങൾ എട്ടു മക്കളാണ്. എന്റെ സഹോദരന്മാർക്ക് ഓരോരുത്തർക്കും ഓരോ തരത്തിലുള്ള രോഗവും കടബാദ്ധ്യതകളും എല്ലാമുണ്ട്. ഞാൻ എറണാകുളത്ത് വന്നതിനുശേഷം ഒന്ന് പച്ചപിടിച്ചു തുടങ്ങിയതാണ്. അപ്പോഴിതാ അത്യാപത്ത്. ഭയങ്കര രോഗം. ആകെ നിരാശയിലായി. ഞാൻ നേരത്തെ മാനസാന്തരപ്പെട്ട് ദൈവവേല ചെയ്തുകൊണ്ടിരുന്ന ഒരാളായിരുന്നു. എന്നിട്ടും എനിക്കെന്താണിത് വന്നത് എന്ന ചിന്തയും എന്നെ അലട്ടി."

"ആ നിരാശയും ഭാരവും മാറിയതെങ്ങനെയാണ്?"

"ആ നിരാശയിൽ വലഞ്ഞിരുന്ന കാലത്താണ് നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ യു. റ്റി. ജോർജ്ജ് സാറിനെ പരിചയപ്പെട്ടത്. അദ്ദേഹം അന്ന് എറണാകുളം മേജർ സെക്ഷനിൽ ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം എന്നെ കോലഞ്ചേരി ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രാർത്ഥനാ യോഗത്തിലേക്ക് ക്ഷണിച്ചു.

അവിടെ വന്ന് വചനം കേട്ടപ്പോഴാണ് ഞാൻ ഇതു വരെ ധരിച്ചതുപോലൊന്നുമല്ല ക്രിസ്തീയ ജീവിതം എന്ന് മനസ്സിലായത്. മാനസാന്തരപ്പെട്ടു എന്ന് അഭിമാനിച്ച് ജീവിച്ചിരുന്ന എന്റെ ആത്മാവ് എത്ര താണ നിലവാരത്തിലാണെന്ന് എനിക്ക് മനസ്സിലായി. ആഴത്തിലുള്ള ശുദ്ധീകരണം പ്രാപിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിലെത്തുകയില്ല എന്ന് മനസ്സിലായി. ഞാൻ അരിഷ്ടപാപിയെന്ന് തകർന്നു കരഞ്ഞു. കരുണയുള്ള കർത്താവ് എനിക്ക് പാപബോധവും കുറ്റബോധവും തന്നു. പാപക്ഷമയും ശുദ്ധീകരണവും കിട്ടിയതോടെ ഈ ലോകജീ

വിതവും സ്വത്തും രോഗവും ഒന്നും എനിക്ക് ഒരു പ്രശ്ന മല്ലാതായി. അത്ഭുതമെന്ന് പറയട്ടെ, എന്റെ രോഗം അതോടെ കർത്താവ് മാറ്റിത്തന്നു. സ്തോത്രം."

"ആ രോഗം വന്നതിനെപ്പറ്റി തമ്പിക്കിപ്പോൾ എന്തു പറ യാനുണ്ട്?"

"ആ രോഗം വന്നതോടുകൂടി ഒരു കാര്യം എനിക്ക് നല്ല ഉറപ്പായി. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്ര കാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപിക്കുന്നു എന്ന്. ക്രിസ്തീയ ജീവിതം എന്താണെന്നും, വിശുദ്ധ ജീവിതം എന്താണെന്നും, ശുദ്ധീക രണം പ്രാപിക്കുന്നത് എങ്ങനെയാണെന്നും, ഇവിടെ കാണു ന്നതെല്ലാം മായയാണെന്നും നിത്യതയ്ക്കുവേണ്ടി ഒരുങ്ങുന്ന താണ് ഏറ്റവും വലിയ ആവശ്യം എന്നും എനിക്ക് മനസ്സി ലായി. ഞാനിന്ന് ഒരു ഭാഗ്യവാനാണ്. സ്തോത്രം. ഇന്ന് ഞാൻ മുമ്പ് ചെയ്തുകൊണ്ടിരുന്ന ബിസിനസ്സ് നിറുത്തിയിട്ട് കർത്താവിന്റെ വേലയ്ക്കായി Christian Book Centre എന്ന ഒരു സ്ഥാപനം നടത്തുന്നുണ്ട്."

അതേ, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാ കുന്നു" കർത്താവായ യേശുക്രിസ്തു ക്രൂശിൽ രോഗം ശീലിച്ചവനായി അടിപ്പിണരുകളേറ്റ് തകർന്ന് മരിച്ചതുകൊ ണ്ടാണ് നമുക്ക് രോഗസൗഖ്യം ലഭിക്കുന്നത്. യെശയ്യാ പ്രവ ചനം ഇപ്രകാരം പറയുന്നു:

> "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറി വേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നു മിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള

ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പി ണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.”
യെശ 53 : 14

യിരമ്യാവ് പറയുന്നു : ‘

‘ഗിലയാദിൽ സുഗന്ധതൈലമില്ലയോ? അവിടെ വൈദ്യനില്ലയോ?” യിരമ്യാവ് 8 : 22

യേശുക്രിസ്തുവിന്റെ ക്രൂശിൻചുവട്ടിൽ പാപക്ഷമയും രോഗസൗഖ്യവും ഉണ്ട്. യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ പാപമോചനവും രോഗസൗഖ്യവും ഉണ്ട്.

“യഹോവ അവനെ രോഗശയ്യയിൽ താങ്ങുന്നു. ദീനത്തിൽ നീ അവന്റെ കിടക്ക എല്ലാ മാറ്റി വിരിക്കുന്നു.” സങ്കീ. 41 : 3

മാന്യ സ്നേഹിതാ, സൗഖ്യമാക്കുന്ന ക്രിസ്തുവിന്റെ മുമ്പിൽ ഹൃദയം താഴ്ത്തുക. തിരുരക്തത്താലുള്ള സൗഖ്യത്തിനായി ഇപ്പോൾത്തന്നെ യാചിക്കുക. പ്രാർത്ഥന കേൾക്കുന്ന ക്രിസ്തു താങ്കൾക്ക് സൗഖ്യം തരും. വിശ്വാസത്തോടെ പ്രാർത്ഥിക്കുക. നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങളുടെ സ്നേഹനിധിയായ കർത്താവേ, സൗഖ്യദായകനായ യേശുവിന്റെ ആശ്വാസമരുളുന്ന വചനങ്ങൾ തന്നതിനായി സ്തോത്രം. തിരുവചനത്തിന്റെ ശക്തിയാലെന്നെ തൊടണമെ. ആണിപ്പാടുള്ള കരം എന്റെ രോഗമുള്ള ഭാഗത്ത് തിരുരക്തം പുരട്ടി എനിക്ക് സൗഖ്യം നൽകണമേ.

## രണ്ട്

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു." പുറപ്പാട് 15 : 26

കഴിഞ്ഞ അദ്ധ്യായത്തിൽ ഇതേ തിരുവചനഭാഗത്തെ കുറിച്ച് നാം ചിന്തിച്ചല്ലൊ. ഇപ്പോൾ രോഗം വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് ചിന്തിക്കാം.

ഒന്നാമതായി, പാപം മൂലം രോഗം വരുന്നു.

"നിന്റെ നീരസം ഹേതുവായി എന്റെ ദേഹത്തിൽ സൗഖ്യമില്ല. എന്റെ പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല. എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കുമീതെ കവിഞ്ഞിരിക്കുന്നു. ഭാരമുള്ള ചുമടുപോലെ അവ എനിക്ക് അതിഘനമായിരിക്കുന്നു. എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞുനാറുന്നു. ഞാൻ

കുനിഞ്ഞ് ഏറ്റവും കൂനിയിരിക്കുന്നു. ഞാൻ ഇട വിടാതെ ദുഃഖിച്ച് നടക്കുന്നു. എന്റെ അരയിൽ വരൾച്ച നിറഞ്ഞിരിക്കുന്നു. എന്റെ ദേഹത്തിൽ സൗഖ്യമില്ല." സങ്കീ. 38 : 3

അഗാധമായ വേദനയിൽ ഞരങ്ങിക്കൊണ്ടാണ് ഈ സങ്കീർത്തനം എഴുതുന്നത്. കഠിന വേദനയ്ക്കും രോഗ ത്തിനും കാരണം പാപം എന്ന് വ്യക്തമായി ദാവീദ് എഴു തുകയാണ്.

"എന്റെ അകൃത്യം നിമിത്തം എന്റെ ബലം ക്ഷീണിച്ചും എന്റെ അസ്ഥികൾ ക്ഷയിച്ചുമിരി ക്കുന്നു." സങ്കീ 31 : 10

മുപ്പത്തെട്ടു കൊല്ലമായി തളർവാതം ബാധിച്ച് ബേഥെസ്ദാ കുളക്കരയിൽ കിടന്ന രോഗിക്ക് യേശുക്രിസ്തു രോഗ സൗഖ്യം കൊടുത്തു. എഴുന്നേറ്റ് കിടക്ക എടുത്ത് അവൻ നടന്നു. പിന്നീട് യേശു അവനെ കണ്ട് അവനോട് പറയു ന്നത് :

"നോക്കൂ, നിനക്ക് സൗഖ്യമായല്ലൊ. അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യ രുത്." യഹോ 5 : 14

അവന് തളർവാതം പിടിപെടാൻ കാരണം അവൻ പാപം ചെയ്തതായിരുന്നു എന്നും ഇനിയും പാപം ചെയ്താൽ കൂടുതൽ വലിയ വ്യാധി വരും എന്നും കർത്താവ് അരുളി ച്ചെയ്യുകയായിരുന്നു.

ഇന്ന് ലോകമെമ്പാടും ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന 'എയ്ഡ്സ്' എന്ന മാരകരോഗത്തിന്റെ ആരംഭകാലത്തെ

പകർച്ച പാപം മൂലമായിരുന്നു.

തുടരെ മദ്യപിക്കുന്നവർക്ക് പ്രത്യുൽപ്പാദശേഷി കുറയുന്നു എന്ന് വൈദ്യശാസ്ത്രം പറയുന്നു. മദ്യപാനികളുടെ കരളിന് കേട് സംഭവിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. അന്തഃ സംഘർഷവും tension, frustration എന്നിവയും മൂലം ഹൃദ് രോഗം വളരെ കൂടുന്നു.

ഇന്നത്തെ പല രോഗങ്ങളുടെയും മൂലകാരണം കുടുംബ ങ്ങളിലെ അസ്വസ്ഥതയും ഭാര്യഭർത്താക്കന്മാർ തമ്മിലുള്ള ഭിന്നതയും മറ്റുമാണ്. Pressure, diabetis മുതലായ രോഗങ്ങ ളുടെ അടിസ്ഥാന കാരണങ്ങൾ തേടിച്ചെല്ലുമ്പോൾ ശാസ്ത്രജ്ഞന്മാർ കണ്ടെത്തുന്നത് tension, worry, care, chaos, Strife, Stress എന്നീ വാക്കുകൾ സൂചിപ്പിക്കുന്ന മാനസിക പിരിമുറുക്കമാണ്.

പുകവലി, കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവയുടെ അടിമത്തത്തിലാണ്ടുപോയ എത്രയെത്ര യുവാക്കളാണ് അകാല വാർദ്ധക്യവും അകാല ചരമവും പ്രാപിക്കുന്നത്.

പാപത്തിന്റെ പരിഹാരകനായ കർത്താവായ യേശുക്രി സ്തുവിനെ കൈക്കൊണ്ടാൽ അനേകം രോഗങ്ങളും ചികത്സ ഒന്നുമില്ലാതെ നിശ്ശേഷം മാറുന്ന ഒട്ടേറെ അനുഭവങ്ങളുണ്ട്.

രണ്ടാമതായി, പൈശാചിക ബന്ധനം മൂലം രോഗമുണ്ടാ കുന്നു.

ലൂക്കോസ് 13-ന്റെ 16-ൽ പതിനെട്ടു കൊല്ലമായി കൂനു ബാധിച്ചിരുന്ന സ്ത്രീ സാത്താൻ ബന്ധിച്ചിട്ടിരുന്നതുകൊണ്ട് കൂനു പിടിച്ചുപോയി എന്ന് കാണുന്നു. അവൾക്ക് ഒട്ടും നിവരാനാവാതെ കഴിഞ്ഞ പതിനെട്ടു വർഷമായി കൂനി

ക്കൂനി നടക്കുകയായിരുന്നു.

> "സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രഹാമിന്റെ മകളായ ഇവളെ ബന്ധനം അഴിച്ചു വിടേണ്ടതല്ലയോ?"
>
> ലൂക്കോസ് 13 : 16

ക്രിസ്തു അവളുടെ മുതുകത്ത് കരം വെച്ചു. ക്ഷണത്തിൽ അവൾ നിവർന്ന് ദൈവത്തെ മഹത്വപ്പെടുത്തി.

ആറായിരം പിശാചുക്കൾ ബാധിച്ചിരുന്നതുകൊണ്ടാണ് ഗദരദേശത്തെ ഭൂതഗ്രസ്തൻ സുബോധം മുഴുവൻ നഷ്ടപ്പെട്ട് ഭ്രാന്തനായിപ്പോയത്. മാർക്കോസ് 5-ൽ അവനെക്കുറിച്ച് പറഞ്ഞിരിക്കുന്നു:

അവൻ വസ്ത്രം ധരിക്കാതെ കൂകിയും നിലവിളിച്ചും കൊണ്ട് മലകളിൽകൂടെ നടക്കുകയും കല്ലറകളിൽ പാർക്കുകയും ചെയ്തുപോന്നു. ഭൂതാത്മാക്കൾ ബാധിച്ച ആ മനുഷ്യൻ സ്വയം ചതച്ച് മുറിവേല്പിച്ചുപോന്നു. ക്രിസ്തു അവനിലുള്ള ദുരാത്മാക്കളെ ശാസിച്ചപ്പോഴാണ് അവ അവനെ വിട്ടുപോയത്. അവൻ സുബോധമുള്ളവനായിത്തീർന്നു.

മാന്യ സ്നേഹിതാ, താങ്കൾ സാത്താന്റെ ബന്ധനത്തിലാണോ? കൊള്ളയും കൊലപാതകവും സ്ത്രീപീഡനവും ബലാൽസംഗങ്ങളും എല്ലാം സാത്താന്റെ ബന്ധനം മൂലം മനുഷ്യൻ സുബോധംകെട്ട് ചെയ്യുന്നതാണെന്നറിയാമോ? സാത്താന്റെ ബന്ധനങ്ങളിൽ നിന്ന് മോചിപ്പിക്കാൻ കർത്താവായ യേശുക്രിസ്തു ശക്തനെന്ന് താങ്കൾ വിശ്വസിക്കുന്നുവോ?

മൂന്നാമതായി, ശാപംമൂലം രോഗം വരുന്നു.

"ആകയാൽ നയമാന്റെ കുഷ്ഠം നിനക്കും നിന്റെ സന്തതിക്കും എന്നേക്കും പിടിച്ചിരിക്കും."
2 രാജാ 5 : 27

ഏലിശാ പ്രവാചകൻ ശിഷ്യനായ ഗേഹസിയെ ശപിക്കുകയാണ്. അവൻ ഹിമം പോലെ വെളുത്ത് കുഷ്ഠ രോഗിയായി എന്ന് നാം തുടർന്ന് വായിക്കുന്നു.

ഏലിശാ പ്രവാചകന്റെ അടുത്തുവന്ന് പ്രവാചകനിൽക്കൂടെ ലഭിച്ച ദൈവവചനത്തെ അനുസരിച്ച് നയമാൻ കുഷ്ഠരോഗം മാറി മടങ്ങി. ഗേഹസിയുടെ ദ്രവ്യാഗ്രഹം, നുണ, സൂത്രം മുതലായ പാപങ്ങൾ കണ്ട പ്രവാചകൻ ഗേഹസിയെ ശപിച്ചു. നയമാനോടും ഏലീശാ പ്രവാചകനോടും ഗേഹസി കളവ് പറഞ്ഞു. പ്രവാചകനിൽ വസിക്കുന്ന ദൈവാത്മാവിനെ ഗേഹസി തിരിച്ചറിഞ്ഞില്ല. ഫലമോ? നിത്യശാപത്തിന്നിരയായി.

സ്നേഹിതാ, ഏതെങ്കിലും ശാപങ്ങൾ താങ്കളുടെമേൽ ഉണ്ടോ എന്ന് ഇപ്പോൾ ഒന്ന് തിരിഞ്ഞുനോക്കുക. ശാപത്തിന്റെ ഫലമായ രോഗങ്ങൾ ഏതെങ്കിലും താങ്ങളെ ബാധിച്ചിരിക്കുന്നുവോ?

"പ്രിയനേ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു."
3 യോഹ : 2

നീ ശുഭമായും സുഖമായും ജീവിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. സകല ശാപങ്ങളും നിന്നിൽ നിന്ന് മാറി ശാപം മൂലം വന്ന രോഗങ്ങളും മാറി നീ ശുഭമായും സുഖമായും ഇരിക്കേണം. "ക്രിസ്തു നമുക്കുവേണ്ടി ശാപമായി

ത്തീർന്നു, ന്യായ പ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കുവാങ്ങി" എന്ന് ഗലാത്യ ലേഖനം 3 : 13 - 14ൽ കാണുന്നു.

സ്നേഹിതാ, ഇപ്പോൾതന്നെ ക്രൂശിന്മേൽ ശപിക്കപ്പെട്ട വനെപ്പോലെ കിടക്കുന്ന അനുഗ്രഹദാതാവായ ക്രിസ്തുവിനെ ഒന്നു നോക്കുമോ? അവനെ ഒന്ന് വിളിച്ചപേക്ഷിക്കുമോ?

നാലാമതായി, ദൈവമക്കളെ വിമർശിക്കുന്നതുമൂലം രോഗം വരാം.

സംഖ്യാപുസ്തം 12-ാം അദ്ധ്യായത്തിൽ മോശയുടെ സഹോദരി മിര്യാം കുഷ്ഠരോഗിണിയായി എന്നു കാണുന്നു.

> "മിര്യാം ഹിമംപോലെ വെളുത്ത് കുഷ്ഠരോഗിണിയായി. സംഖ്യാപുസ്തകം 12 : 10

ദൈവത്തിന്റെ കോപം അവളുടെ മേൽ ജ്വലിച്ചു. എന്താണ് കാരണം? ദൈവത്തിന്റെ വ്രതനായ മോശയെക്കുറിച്ച് വിമർശിച്ചു സംസാരിച്ചു.

മിര്യാം മോശയുടെ സഹോദരിയാണ്. മോശയെക്കാൾ മുന്നു വയസ്സ് കൂടുതൽ അഹരോന്. ആറു വയസ്സ് കൂടുതൽ മിര്യാമിന്. നീലനദിയിൽ ഞാങ്ങണപ്പെട്ടിയിൽ മോശ മരണത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്നപ്പോൾ ആ ഞാങ്ങണപ്പെട്ടിയെ നോക്കിക്കൊണ്ട് നദീതീരത്തുകൂടി ഓടിക്കൊണ്ടിരുന്നവളാണ് മിര്യാം. അന്ന് അവൾക്ക് ആറു വയസ്സേയുള്ളു. നല്ല ബുദ്ധിയുള്ള കുട്ടിയായിരുന്നു അവൾ. പക്ഷേ മോശ ദൈവത്തിന്റെ ശുശ്രൂഷകനായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ അവൾ അഹരോനുമായി മോശയ്ക്ക് എതിരായി സംസാരിച്ചു. ഫലമോ? അവൾ കുഷ്ഠരോഗിണിയായി.

നോക്കൂ! മോശതന്നെ അവൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിച്ചതിനുശേഷമേ ആ രോഗം മാറിയുള്ളൂ. പാളയത്തിന് പുറത്ത് അവൾ ഏഴു ദിവസം പാർക്കേണ്ടിവന്നു.

ദൈവപൈതലേ, ഏതെങ്കിലും ദൈവപുരുഷന് എതിരായി സംസാരിച്ച് നിന്റെമേൽ നീ രോഗം ക്ഷണിച്ചു വരുത്തിയിട്ടുണ്ടോ? അനുതപിക്കൂ. മാനസാന്തരപ്പെടുക. കണ്ണുനീരുകൊണ്ട് ക്രിസ്തുവിന്റെ പാദം കഴുകുക.

അഞ്ചാമതായി, ദൈവവേല നിമിത്തം ദൈവനാമ മഹത്വത്തിനായി രോഗം വരാം. സ്വയം കാണുന്നതിനും തന്നത്താൻ എളിമപ്പെടുന്നതിനും രോഗം ഉപകരിക്കും.

> "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പിക്കാൻ എനിക്ക് ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു. ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിന് എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെത്തന്നെ. അത് എന്നെ വിട്ട് നീങ്ങേണ്ടതിന് ഞാൻ മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് : എന്റെ കൃപ നിനക്കു മതി ; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു."
> 2 കൊരി. 12 : 7 - 9

അപ്പോസ്തലനായ പൗലോസിന്റെ അനുഭവമാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധീകരണത്തിന്റെ തേജസ്സിൽ അണുമാത്രപോലും കുറയാതെ പൂർണ്ണ പ്രകാശത്തിൽ നിലനിൽക്കുവാൻ ജഡത്തിലെ ശൂലം ദൈവം അനുവദിച്ചുകൊടുത്തു. രാവും പകലും നിരന്തരം കുത്തി വേദനിപ്പിക്കുന്ന ശൂലംപോലെ ആ രോഗം അപ്പോസ്തലന് ഒരു വലിയ

യാതനയായിരുന്നു. അതവിടെ ഇരുന്നാലും "എന്റെ കൃപ നിന്നോടുകൂടെ ഉണ്ടല്ലോ, അതു പോരായോ" എന്നത്രേ കർത്താവ് ആശ്വസിപ്പിക്കുന്നത്.

മാന്യ ദൈവപൈതലേ, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു" എന്ന വചനം താങ്കളുടെ ഹൃദയത്തിൽ പ്രവർത്തിക്കുന്നുവോ? രോഗം വരുന്നതിനുള്ള കാരണങ്ങൾ പാപമാകട്ടെ, പൈശാചിക ബാധയാകട്ടെ, ശാപമാകട്ടെ, ദൈവ മക്കളെ ദുഷിച്ചതാകട്ടെ, എല്ലാം ദൈവനാമമഹത്വത്തിനും സ്വന്തം ആത്മശുദ്ധീകരണത്തിനുമായിത്തീരും, പൂർണ്ണ ഹൃദ യത്തോടെ യേശുക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്ര യിച്ച് ഒരു പുതിയ ജീവിതം ആരംഭിച്ചാൽ. അതിന് താങ്കൾ ഇപ്പോൾ ഒരു തീരുമാനം എടുക്കുമോ? ക്രിസ്തുവിനായി ജീവിതം പ്രതിഷ്ഠിക്കുമോ? ക്രിസ്തുവിന് ഹൃദയത്തിൽ ഇടം കൊടുക്കുമോ?

എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ, ശരീരത്തിലെയും മനസ്സിലെയും ആത്മാവിലെയും സകല രോഗവും മാറ്റുവാൻ അവിടുന്ന് രോഗം ശീലിച്ചവനായി ക്രൂശിൽ ത്യാഗമരണം വരിച്ചതിനാൽ സ്തോത്രം. അവിടുത്തെ കൃപ എന്നോടുകൂടെ ഉണ്ടായിരിക്കണമേ.

# മൂന്ന്

"അവൻ കിടക്കുന്നത് യേശു കണ്ടു. ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞു. നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്ന് ചോദിച്ചു."

യോഹ 5 : 6

ഇന്നും യേശു അതേ ചോദ്യം ചോദിക്കുകയാണ്. "Are you willing to be made whole?" നിനക്ക് പൂർണ്ണനാകുവാൻ മനസ്സുണ്ടോ എന്ന് ഇന്നും ക്രിസ്തു ചോദിക്കുന്നു.

മാന്യ സ്നേഹിതാ, യേശു താങ്കളെ കാണുന്നുണ്ട്. യേശു താങ്കളിൽ മനസ്സലിയുന്നുണ്ട്. താങ്കളുടെ പോരായ്മകളും ഇല്ലായ്മകളും വല്ലായ്മകളും അറിയുന്നുണ്ട്. ഏറിയ കാലമായി പ്രശ്നത്തിന്റെ നീർച്ചുഴിയിൽ താങ്കൾ വട്ടം കറങ്ങുകയാണെന്ന് യേശു അറിയുന്നുണ്ട്.

യേശു ചോദിക്കുന്നു : "സൗഖ്യമാകുവാൻ നിനക്കു മന

സ്സുണ്ടോ?" Are you willing to be made whole? നിനക്കു പൂർണ്ണ നാകുവാൻ മനസ്സുണ്ടോ? നീ ഒന്നു മനസ്സുവെച്ചാൽ നിന്റെ പോരായ്മ ഞാൻ മാറ്റിത്തരാം എന്നാണ് ക്രിസ്തു പറയു ന്നത്. നിന്നിൽ നിത്യരക്ഷകന്റെ കരം പ്രവർത്തിക്കുന്നതിന് നീ ഒന്ന് വിട്ടുകൊടുത്താൽ എല്ലാം നേരെയാക്കാം, ശരി യാക്കാം എന്നാണ് ക്രിസ്തു പറയുന്നത്.

ആ കുളക്കരയിൽ കിടക്കുന്ന മനുഷ്യൻ തളർവാതം ബാധിച്ച് കിടന്ന ഒരാളായിരുന്നു. കഴിഞ്ഞ മുപ്പത്തെട്ടു കൊ ല്ലമായി തളർവാതം പിടിപ്പെട്ടവൻ. എന്തിനും മറ്റാ രുടെയെങ്കിലും സഹായം വേണം. ബേഥെസ്ദാ കുളം "House of Mercy" ആണ്. കരുണയുടെ ഭവനമാണ്. അവിടെ വെള്ള ത്തിന്റെ ഇളക്കം കാത്ത് അനേകം രോഗികൾ കിടക്കുന്നു ണ്ടായിരുന്നു. വെള്ളം കലങ്ങുമ്പോൾ ആദ്യം ഇറങ്ങുന്നവൻ സൗഖ്യം പ്രാപിക്കും. അനേകർ സൗഖ്യം പ്രാപിച്ചു പോകു ന്നുണ്ട്. പക്ഷേ ഈ രോഗിക്ക് മാത്രം സൗഖ്യം ലഭിക്കുന്നി ല്ല.

അവൻ 'diseased ആയിരുന്നു എന്നു മാത്രമല്ല, disap- pointed ആയിരുന്നു. ഇപ്പോൾ അവൻ disolate ആണ്. "എന്നെ കുളത്തിലാക്കുവാൻ എനിക്ക് ആരുമില്ല" എന്നാണ് അവൻ പറയുന്നത്.

മാന്യ സഹോദരി, നീ ഈ തളർവാത രോഗിയെപ്പോലെ diseased ആണോ? രോഗബാധിതയാണോ? ആ രോഗിയെ പ്പോലെ നീ disappointed ആണോ? നിരാശ ബാധിച്ചിരിക്കുക യാണോ? ആ രോഗിയെപ്പോലെ disolate ആണോ? ആരുമി ല്ലാത്തവൾ ആണോ? എന്നെ സ്നേഹിക്കാൻ എനിക്കാരുമി ല്ല, എന്നെ കരുതാൻ എനിക്കാരുമില്ല, എന്നോട് സഹതാപം കാണിക്കാൻ എനിക്കാരുമില്ല എന്ന ചിന്ത നിന്നെ അലട്ടുക

യാണോ?

എങ്കിൽ യേശു ഇതാ നിന്റെ അരികിലേക്ക് വരുന്നു. കരുണയുടെ ഭവനത്തിൽ കരുണ ലഭിക്കാനാവാതെ നിരാശ മുറ്റിക്കഴിയുന്ന നിന്റെ അരികിലേക്ക് യേശു ഇതാ വരുന്നു. അനേകർ രക്ഷപ്പെട്ടു പോകുന്ന ഈ സാഹചര്യത്തിൽ രക്ഷ ലഭിക്കാനാവാതെ അവശയായി കഴിയുന്ന നിന്റെ അരികി ലേക്ക് യേശു ഇതാ വരുന്നു.

യേശു നിന്നെ കാണുന്നുണ്ട്. നീ ഏറിയ കാലമായി ഈ ദുസ്ഥിതിയിൽ വലയുകയാണ് എന്ന് യേശു അറിയു ന്നുണ്ട്. യേശു നിന്നോട് സംസാരിക്കുകയാണ്. സൗഖ്യമാ കുവാൻ നിനക്കു മനസ്സുണ്ടോ?Are you willing to be made whole?

അനേകർ ഇന്ന് അനുഗ്രഹിക്കപ്പെട്ട സഭയിലാണ്. ധന്യ മായ, കൂട്ടായ്മയിലാണ്. കരുണ വഴിഞ്ഞൊഴുകുന്ന സാഹ ചര്യത്തിലാണ്. പക്ഷെ രക്ഷപ്പെടുന്നില്ല. കരുണയുടെ ഭവന ത്തിൽ വസിച്ചിട്ടും കരുണ അനുഭവിക്കാത്ത ജനലക്ഷങ്ങൾ! കാൽവറിക്രൂശിന്റെ ദിവ്യസന്ദേശം നിരന്തരം കേട്ടിട്ടും ആത്മാ വിന്റെ നിത്യജീവൻ പ്രാപിക്കാത്ത ജനലക്ഷങ്ങൾ! അർത്ഥ വത്തായ പ്രാർത്ഥനകളും സ്തോത്രങ്ങളും ഗീതങ്ങളും ആരാ ധനകളും ഉണ്ടായിട്ടും നിത്യജീവന്റെ ഭാഗ്യാനുഭവം നേടാത്ത ജനലക്ഷങ്ങൾ!

യേശു ആ തളർവാതരോഗിയോട് കല്പിച്ചു : "എഴു ന്നേറ്റ് നിന്റെ കിടക്ക എടുത്ത് നടക്ക", എന്ന്. അധികാര മുള്ള ദൈവപുത്രനാണ് കല്പിക്കുന്നത്. സൃഷ്ടിയുടെമേൽ അധികാരമുള്ള സ്രഷ്ടാവാണ് കല്പിക്കുന്നത് : "എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്ക." ഉടനെ ആ മനുഷ്യൻ

സൗഖ്യമായി കിടക്ക എടുത്തു നടന്നു. He was delivered രോഗവിമുക്തി പ്രാപിച്ചു.

ഒന്ന് : അവൻ diseased ആയിരുന്നു- രോഗി.

രണ്ട് : അവൻ disappointed ആയിരുന്നു - നിരാശൻ.

മൂന്ന് : അവൻ desolate ആയിരുന്നു - ഏകാകി. ആരോരുമില്ലാത്തവൻ.

നാല് : അവൻ delivered വിമോചിതൻ - രോഗം മാറിയവൻ.

അഞ്ച് : He was directed. ക്രിസ്തു അവനെ പിന്നെയും കണ്ടു. മാർഗ്ഗനിർദ്ദേശം കൊടുത്തു. ഇനി എങ്ങനെ ജീവിക്കണം എന്ന് വഴി കാണിച്ചു കൊടുത്തു.

> "നോക്കൂ, നിനക്ക് സൗഖ്യമായല്ലോ, അധികം തിന്മയായത് ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്."
> യോഹ. 5 : 14

അവന്റെ രോഗത്തിന്റെ മൂലകാരണം അവന്റെ പാപമായിരുന്നു. യേശു അവന് പാപമോചനം നൽകി. അതോടൊപ്പം രോഗസൗഖ്യവും നൽകി. ഇപ്പോൾ അവന് മുന്നറിയിപ്പ് കൊടുക്കുകയാണ്. ഇനിയും പാപം ചെയ്താൽ അധികം ദോഷമായത് സംഭവിക്കും. ഇനി പാപം ചെയ്താൽ ഇതുവരെ വന്നതിനെക്കാൾ വളരെ കഠിനമായ രോഗം ഇനിയും വരും. അതുകൊണ്ട് ഇനി പാപം ചെയ്യരുത്. He was directed.

മാന്യദൈവപൈതലേ. ക്രിസ്തു ഇപ്പോൾ താങ്കളുടെ അരികത്ത് വന്നുനില്ക്കുന്നു എന്ന് ചിന്തിക്കുന്നുവോ? ക്രിസ്തു

താങ്കളോട് നേരിട്ട് ഇടപെടുകയാണെന്ന് അറിയുന്നുവോ? ക്രിസ്തുവിന്റെ അത്ഭുതസ്നേഹത്തെ താങ്കൾ വിശ്വസിക്കുന്നുവോ? താങ്കളുടെ നെടുനാളത്തെ രോഗവും ദുരിതവും യാതനയും ആറ്റി അകറ്റാൻ ക്രിസ്തുവിന് മനസ്സാണെന്ന് താങ്കൾ വിശ്വസിക്കുന്നുവോ?

മുപ്പത്തെട്ട് കൊല്ലം തളർവാതം ബാധിച്ച് കിടന്ന മനുഷ്യനെപ്പോലെ തലമുറകളായി വലഞ്ഞുപോയ ഒരു കുടുംബമായിരുന്നു മൂവാറ്റുപുഴയിൽ Dental Lab നടത്തുന്ന ശ്രീ. ജോണിന്റേത്. ശ്രീ. ജോണിനോട് നമുക്കിപ്പോൾ ചില കാര്യങ്ങൾ ചോദിച്ച് ജോണിന്റെ ജീവിതം ഐശ്വര്യ പൂർണ്ണമായതെങ്ങനെയെന്ന് അറിയാം :

ജോണിന്റെ കുടുംബപശ്ചാത്തലവും ബാല്യകാലവും ഒന്ന് വിവരിക്കാമോ?

ഞാൻ മൂവാറ്റുപുഴ അപ്പുറം ആറൂർ എന്ന സ്ഥലത്താണ് താമസിക്കുന്നത്. എന്റെ മാതാപിതാക്കൾ കൂലിവേലക്കാരായിരുന്നു. ഞങ്ങളുടെ തൊട്ടടുത്താണ് ആറൂർ മേരിഗിരിപ്പള്ളി. പള്ളിയിൽ പോകുകയും നമസ്ക്കരിക്കുകയും നോമ്പു നോൽക്കയും സണ്ടെസ്ക്കൂളിൽ പോകുകയും ഒക്കെ ചെയ്തിരുന്നു. ഞങ്ങൾ മൂന്ന് ആൺമക്കളാണ്. എന്റെ ചേട്ടൻ പള്ളിമദ്ബഹായിലെ ശുശ്രൂഷയ്ക്ക് കൂടുകയും ചെയ്തിരുന്നു.

ആ കാലത്ത് എന്റെ കുടുംബം മിക്കവാറും പട്ടിണിയായിരുന്നു. അപ്പനും അമ്മയും കൂലിവേലയ്ക്ക് പോയി കൊണ്ടുവരുന്നതുകൊണ്ട് ഞങ്ങൾക്ക് നിറയെ ആഹാരം കഴിക്കാൻ കിട്ടിയിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് എന്റെ അപ്പന് മാനസികരോഗം പിടിച്ചത്. നാട്ടുകാർകൂടി ബലം പ്രയോഗിച്ച്

ടാക്സിയിൽ കയറ്റി തൃശ്ശൂർ ഭ്രാന്താശുപത്രിയിൽ കൊണ്ടുപോയി ആക്കി. ആ കാലത്ത് ദാരിദ്ര്യം മുഴുത്തു. അമ്മ പണിയെടുത്തിട്ട് വരുമ്പോൾ പണി ചെയ്ത വീട്ടിൽ നിന്ന് ചട്ടിയിൽ ചോറ് ഇലകൊണ്ട് മൂടി കൊണ്ടു വരുന്നത് കഴിക്കാൻ ഞങ്ങൾ പിള്ളേര് മൂന്നുപേരും ആർത്തിയോടെ ഇരിക്കാറുണ്ടെന്ന് ഞാൻ ഇപ്പോൾ നന്നായി ഓർക്കുന്നുണ്ട്.

പിന്നെ ഈ സ്ഥിതിക്ക് മാറ്റം വന്നതെങ്ങനെയാണ്?

ഞാൻ മുതിർന്നു വന്നപ്പോൾ അടുത്തുള്ള ഒരാൾക്ക് റബ്ബർ വെട്ടാൻ പോകുമായിരുന്നു. അപ്പനെ ആസ്പത്രിയിൽ നിന്ന് കൊണ്ടുവന്നെങ്കിലും അപ്പൻ താടിരോമങ്ങളിൽ തുപ്പൽ ഒലിപ്പിച്ച് ആറൂർ പള്ളിയുടെ കുരിശിൻതൊട്ടിയിൽ ഇരിക്കുമായിരുന്നു. കുടുംബത്തിലെ ദുരിതവും പട്ടിണിയും കൂടിക്കൂടി വന്നു.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഒരു ദൈവപൈതൽ അമ്മയുടെ കൈയിൽ ഒരു നോട്ടീസ് കൊടുത്തു. കോലഞ്ചേരിയിൽ ഒരു സുവിശേഷയോഗം ഉണ്ടെന്നും അതിനു വന്നാൽ വലിയ സന്തോഷവും സമാധാനവും കിട്ടുമെന്നും പറഞ്ഞു. അമ്മ ആ യോഗത്തിന് പോയി. അമ്മ അന്ന് ക്രിസ്തുവിന് സ്വീകരിച്ച് വലിയ സമാധാനത്തോടെയാണ് മടങ്ങിയത്.

തുടർന്ന് അപ്പനും ഞങ്ങളെല്ലാവരും പ്രാർത്ഥനാ യോഗത്തിന് പോയി. ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് ഞങ്ങൾക്ക് കർത്താവായ യേശുക്രിസ്തുവിനെ കാണിച്ചുതന്നു. അതോടെ കുടുംബത്തിൽ സമാധാനമായി. പട്ടിണിയും പ്രയാസങ്ങളും മാറി. എല്ലാറ്റിലും ഉപരിയായി അപ്പന്റെ ഭ്രാന്ത് മാറി. ഇന്ന് അപ്പൻ പൂർണ്ണ സുബോധത്തോടെ ജീവി

ക്കുന്നു.

കർത്താവായ യേശുക്രിസ്തുവിനെ കർത്താവും രക്ഷി താവുമായി കൈക്കൊണ്ടതിനെ തുടർന്ന് ഉണ്ടായ മാറ്റങ്ങ ളെന്തെല്ലാമാണ്?

മുഴുവൻ മാറ്റങ്ങളാണ്. ആത്മീയമായും ഭൗതികമായും ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഭ്രാന്തൻ കുര്യാക്കോസിന്റെ മക്കൾ എന്ന് വിളിക്കപ്പെട്ടിരുന്ന ഞങ്ങൾ ഇന്ന് വളരെ ഐശ്വര്യമായി കഴിയുന്നു. എന്റെ അപ്പന്റെ അപ്പനും ഭ്രാന്തു ണ്ടായിരുന്നു. പണ്ട് മന്ത്രവാദവും ആഭിചാരവും ക്ഷുദ്രപ്ര യോഗങ്ങളും ചാത്തൻസേവയും എല്ലാം ഉണ്ടായിരുന്നതു കൊണ്ട് കാരണവന്മാരുടെ കാലം മുതലേ ഞങ്ങളുടെ കുടുംബത്തിന്മേൽ ശാപമുണ്ടായിരുന്നു. ഞങ്ങൾ ക്രിസ്തു വിനെ കൈക്കൊണ്ടതോടുകൂടി ശാപങ്ങളെല്ലാം കർത്താവ് മാറ്റിത്തന്നു.

അതുമാത്രമല്ല, ഞങ്ങളുടെ Dental Lab-ൽ ഇപ്പോൾ ഒട്ടേ റെപ്പേർ ജോലി ചെയ്യുന്നു. ഞാൻ ജപ്പാനിലും സിംഗപ്പൂ രിലും സ്വിറ്റ്സർലണ്ടിലും ജർമ്മനിയിലും അമേരിക്കയിലും പരിശീലനത്തിന് പോയിട്ടുണ്ട്. ഒരു സൈക്കിൾ സ്വന്തമാ യിട്ട് വാങ്ങാൻ ആശിച്ചിട്ടും സാധിക്കാതിരുന്ന ഞങ്ങൾക്ക് ഇപ്പോൾ മൂന്ന് വാഹനങ്ങൾ സ്വന്തമായിട്ടുണ്ട്. ദൈവം ഞങ്ങളെ എല്ലാ കാര്യങ്ങളിലും അനുഗ്രഹിച്ചു.

ആകട്ടെ, ഏറ്റവും വലിയ അനുഗ്രഹം എന്താണ്?

ഞങ്ങൾ നിത്യനാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുക യായിരുന്നു. അനേകം പാപങ്ങളുടെയും ദുശ്ശീലങ്ങളുടെയും അടിമയായിരുന്നു ഞാൻ. അഴുക്കുപിടിച്ച ഒരു ജീവിതമായി രുന്നു എന്റേത്. പെട്ടെന്ന് കോപിച്ച് പൊട്ടിത്തെറിക്കുന്ന

സ്വഭാവമാണ് എനിക്കുണ്ടായിരുന്നത്. എന്റെ കർത്താവ് എന്റെ സ്വഭാവം മാറ്റിത്തന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. അങ്ങനെ ക്രിസ്തു എനിക്ക് നിത്യജീവൻ തന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. ദൈവത്തിന് സ്തോത്രം.

ജോണിനും കുടുംബത്തിനും കർത്താവ് സൗഖ്യം കൊടുത്തു. രോഗങ്ങളും പാപങ്ങളും ശാപങ്ങളും കർത്താവ് മാറ്റിക്കൊടുത്തു.

മാന്യ സുഹൃത്തേ, ഈ യേശു ഇതാ താങ്കളുടെ അടുത്ത് നിൽക്കുന്നു. അവനെ കൈക്കൊണ്ട് അവന്റെ നാമത്തെ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. സ്തോത്രം. താങ്കൾ ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് ഭാവിജീവിതം 'മേലിൽ പാപം ചെയ്യുകയില്ല' എന്ന അനുഭവത്തിൽ ജീവിക്കുമോ? ഇതാ, യേശു താങ്കളുടെ ഹൃദയവാതിൽക്കൽ മുട്ടുന്നു. ക്രിസ്തുവിനെ സ്വീകരിക്കുക. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക എന്ന് സമർപ്പിക്കുക. എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹനിധിയായ യേശുവേ, രണ്ടായിരം വർഷം മുമ്പ് ബേഥെസ്ദാകുളക്കരയിൽ ചോദിച്ച ചോദ്യം ഞങ്ങളോർക്കുന്നു. സൗഖ്യമാകുവാൻ നിനക്ക് മനസ്സുണ്ടോ ആ ചോദ്യം ഇന്നും ഞങ്ങളുടെ കാതുകളിൽ മുഴങ്ങുന്നു. ഇനി പാപം ചെയ്യരുത് എന്ന നിർദ്ദേശം ഞങ്ങൾ കൈക്കൊള്ളുന്നു. അനുഗ്രഹിക്കണമേ. ശുദ്ധമാക്കണമേ. സൗഖ്യമാക്കണമേ.

# നാല്

"തുറന്നു വരിക" – മാർക്കോസ് 7 : 34

ക്രിസ്തുവിനെക്കുറിച്ച് വെളിപ്പാടു പുസ്തകം മൂന്നാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറയുന്നു :

"ക്രിസ്തു ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാത്തവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ."

ക്രിസ്തു തുറന്നുവെച്ചാൽ ആർക്കും അടയ്ക്കാൻ സാധിക്കുകയില്ല.

> "ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നുവെച്ചിരിക്കുന്നു. അത് ആർക്കും അടച്ചുകൂടാ."
> വെളിപ്പാട് 3 : 8.

> "അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല;
> അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല."
> യെശയ്യാ 22 : 22.

അടഞ്ഞ വാതിലുകളെ തുറക്കുന്നവനാണ് ക്രിസ്തു. ആശയറ്റ ജീവിതത്തിന് പുതിയ കിളർപ്പും കൂമ്പും തരുന്ന വനാണ് ക്രിസ്തു. മുരടിച്ചുപോയ ജീവിതത്തിന് പുതുനാമ്പ് തരുന്നവനാണ് ക്രിസ്തു.

ക്രിസ്തു പരസ്യശുശ്രൂഷ ചെയ്തു പ്രവർത്തിച്ചു കൊണ്ടി രുന്ന നാളുകളിൽ ഗലീല കടൽപ്പുറത്ത് ഒരിക്കൽ അവിടുന്ന് എത്തി. വിക്കനും ചെകിടനുമായ ഒരാളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവന്റെമേൽ ഒന്ന് കൈവെയ്ക്ക ണം, അവന് സൗഖ്യം നൽകണം എന്ന് ക്രിസ്തുവിനോട് അപേക്ഷിച്ചു.

യേശു അവനെ ആ പുരുഷാരത്തിന്റെ മദ്ധ്യത്തിൽ നിന്ന് വേറിട്ടു കൂട്ടികൊണ്ടുപോയി. ചെവി കേൾക്കാൻ വയ്യാത്ത ആ സാധുവിന്റെ ചെവിയിൽ യേശു വിരൽ ഇട്ടു. മാത്രമ ല്ല, തുപ്പിയിട്ട് ആ തുപ്പൽ അവന്റെ നാവിനെ തൊടുവിച്ചു.

അതിനുശേഷം സ്വർഗ്ഗത്തേക്കു നോക്കി നെടുവീർപ്പോടെ പ്രാർത്ഥിച്ചു. കർത്താവിന്റെ ഉള്ളലിഞ്ഞു. ആർദ്രതയോടെ യേശു ആ സാധു മനുഷ്യനെ നോക്കി. സ്രഷ്ടാവ് തന്റെ സൃഷ്ടിയെക്കണ്ട് മനസ്സലിഞ്ഞു. തന്റെ സൃഷ്ടിയുടെ പ്രയാ സത്തിൽ യേശു ഉള്ളം നൊന്തുകൊണ്ട് നെടുവീർപ്പോടെ പ്രാർത്ഥിച്ചു.

അന്തരം യേശു അവന്റെ നേരെ നോക്കി, തുറന്നു വരിക എന്നർത്ഥമുള്ള "എഫഥാ" എന്നു പറഞ്ഞു. ഹാ, എന്തൊരത്ഭുതം! ഉടനെ അവന്റെ ചെവി തുറന്നു. അവന്റെ നാവിന്റെ കെട്ടും അഴിഞ്ഞു. അവന് വ്യക്തമായി കേൾക്കാ റായി. സ്പഷ്ടമായി സംസാരിക്കുകയും ചെയ്തു.

ക്രിസ്തു ഇന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ്.

അക്ഷരികമായി ക്രിസ്തു അത്ഭുതം പ്രവർത്തിക്കുന്നുണ്ട്.

മാന്യ സുഹൃത്തേ, എന്താണ് താങ്കളുടെ പ്രയാസം എന്ന് ക്രിസ്തുവിനോട് തുറന്നു പറയുവിൻ. ക്രിസ്തു നാവിന്റെ കെട്ടഴിക്കും. ചെവിയുടെ മാന്ദ്യമകറ്റും.

ഒരിക്കൽ ദാവീദ് രാജാവിന്റെ നാവ് കെട്ടപ്പെട്ടുപോയി. പാപം ജീവിതത്തിൽ വന്നതോടെ സ്തുതി നിലച്ചു പോയി. ആരാധന നിന്നുപോയി. ആന്തരിക മൂകത ദാവീദിനെ ബാധിച്ചു. പാപം മൂലമുള്ള മൂകത.

അനുതാപത്തോടെ, ഏങ്ങലടിച്ചുകൊണ്ട് ദാവീദ് പ്രാർത്ഥിച്ചു :

> "കർത്താവേ, എന്റെ അധരങ്ങളെ തുറക്കേണമേ. എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും." സങ്കീ. 51 : 15

കരുണയുള്ള ദൈവം ദാവീദിന്റെ പാപങ്ങൾ ക്ഷമിച്ചു കൊടുത്തു. "ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ" എന്ന് പാടുവാൻ ദാവീദിനു ഭാഗ്യം ലഭിച്ചു.

സെഖര്യാ പുരോഹിതൻ ഒരിക്കൽ ഊമനായിപ്പോയി. ദൈവം അത്ഭുതം പ്രവർത്തിക്കുമെന്നും, തനിക്ക് ഒരു മകൻ ജനിക്കുമെന്നും ദൈവത്തിന്റെ അരുളപ്പാട് കിട്ടിയപ്പോൾ ആ വചനത്തെ സെഖര്യാവ് അവിശ്വസിച്ചു. ദൈവത്തിന്റെ സർവ്വശക്തിയെയും കരുണയെയും സംശയിച്ചു. അവിശ്വാസം മൂലമുള്ള മൂകത.

> "ഞാൻ ഇത് എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ" ലൂക്കോസ് 1 : 18

എന്നാണ് അവിശ്വാസത്തിന്റെ വാക്കുകൾ സെഖര്യാവ് പറഞ്ഞത്. ആ നിമിഷം മുതൽ അദ്ദേഹം ഊമനായി പാർത്തു.

സ്നാപക യോഹന്നാൻ ജനിച്ചു. ഓമന മകനെ കൺകുളിർക്കെ കണ്ടു. കഴിഞ്ഞ പത്തുമാസത്തെ മൗനം - മൂകത - സെഖര്യാവിന് പുതിയ അനുഭവങ്ങൾ നൽകി. അവിശ്വാസം വന്നുപോയല്ലോ എന്നോർത്ത് അനുതപിച്ച് കഴിയുകയായിരുന്നു. ഹൃദയത്തിന്റെ അനുതാപം കാണുന്ന ദൈവം സെഖര്യാവിന്റെ പാപം ക്ഷമിച്ചുകൊടുത്തു എന്നു മാത്രമല്ല.

> "അവന്റെ വായും നാവും തുറന്നു, അവൻ സംസാരിച്ചു. ദൈവത്തെ സ്തുതിച്ചു."
>
> ലൂക്കോസ് 1 : 64

ഒന്ന്, ചെവി തുറന്നു, ദൈവശബ്ദം കേൾപ്പാൻ.

രണ്ട്, നാവു തുറന്നു, ദൈവത്തെ സ്തുതിക്കാൻ.

അരുതാത്ത ശബ്ദം കേട്ട്, കേൾക്കാൻ കൊള്ളാത്ത വാക്കുകൾ കേട്ട്, അഴുക്കു പറ്റിയ നിന്റെ ചെവി തുറന്നുതരാൻ ക്രിസ്തുവിനോട് ഇപ്പോൾ ഒന്നു യാചിക്കുമോ? കർത്താവേ, ഇനിമേൽ നിന്റെ വചനത്തിന്റെ ശബ്ദം കേൾപ്പാൻ ഞാൻ ഉത്സാഹിച്ചുകൊള്ളാം എന്ന് നിന്റെ തീരുമാനം ക്രിസ്തുവിനോട് നീ പറയുമോ?

ക്രിസ്തുവിനെ സ്തുതിക്കാൻ പറ്റാതെ നീ മൗനമായി പോകാൻ നിന്റെ പാപമാണ് കാരണമായി തീർന്നത് എന്നറിഞ്ഞ് നിന്റെ പാപത്തെ നീ ഏറ്റു പറഞ്ഞുപേക്ഷിക്കുക. മേലിൽ പഴയ ജീവിതത്തിലേക്കില്ല എന്ന് തീരുമാനിക്കുക. എന്റെ നാവിനെ തുറക്കണമേ എന്ന് പ്രാർത്ഥിക്കുക.

മൂന്നാമതായി, കണ്ണു തുറന്നു.

"ഉടനെ അവരുടെ കണ്ണു തുറന്നു, അവർ അവനെ അറിഞ്ഞു." ലൂക്കോസ് 24 : 31

യേശു ഉയിർത്തെഴുന്നേറ്റ ദിവസം. രണ്ടു ശിഷ്യന്മാർ എമ്മവൂസ്സിലേക്ക് പോകുകയായിരുന്നു. അവർ നിരാശരായിരുന്നു. കഴിഞ്ഞ മൂന്നരവർഷം പാഴായിപ്പോയല്ലോ എന്ന് ചിന്തിച്ച് പരവശരായിരുന്നു അവർ. യേശു ക്രൂശിൽ കിടന്ന് പിടയുന്നത് അവരെ തീർത്തും മ്ലാനരാക്കി. അവർ വാടിയ മുഖത്തോടെ പോകുകയായിരുന്നു.

അപ്പോഴിതാ ഒരപരിചിതൻ അവരോട് ചേർന്നു നടക്കുന്നു. അത് യേശു എന്ന് അവരറിഞ്ഞില്ല.

"അവനെ അറിയാതവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നു." ലൂക്കോസ് 24 : 16

ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരോട് സംസാരിച്ചു. യേശുവിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്നപ്പോൾ അവരുടെ ഹൃദയം കത്തിക്കൊണ്ടിരുന്നു.

അവരുടെ വീടിനോട് അടുത്തപ്പോൾ അവർ ഈ അപരിചിതനെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചു. അവർ അവനെ നിർബന്ധിച്ചു. അവൻ അവരുടെ കൂടെ ചെന്നു. ഇന്നും നിർബന്ധിക്കുന്നവരുടെ കൂടെ യേശു വരും.

അതിഥി ആതിഥേയനായി. ഭക്ഷണത്തിനിരിക്കുമ്പോൾ യേശു അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്കു കൊടുത്തു. അപ്പം നുറുക്കിയപ്പോൾ അവർ ആ തൃക്കൈകളിൽ ആണിപ്പാട് കണ്ടു. ഉടനെ അവരുടെ കണ്ണു തുറന്നു. അവർ അവനെ അറിഞ്ഞു.

പിറവിക്കുരുടന്റെ കണ്ണു തുറന്നവൻ, ബർത്തിമായിയുടെ

കണ്ണു തുറന്നവൻ, ആന്തരിക കണ്ണ് അടഞ്ഞിരുന്ന ശിഷ്യന്മാരുടെ കണ്ണു തുറന്നവൻ ഇതാ, നിന്റെ അരികത്ത് നിൽക്കുന്നു! അവന്റെ തിരുമുറിവുകളെ നീ ഒന്നു കാണുമോ? എങ്കിൽ നിന്റെ വീക്ഷണം അപ്പാടെ മാറും. യേശു നിനക്ക് കണ്ണു തുറന്നു തരും.

നാലാമതായി, ബുദ്ധി തുറന്നു.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. അവിടുന്ന് അവരോട് ഇങ്ങനെ പറഞ്ഞു :

> "ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവൃത്തിയാകേണം എന്നുള്ളത് തന്നേ" എന്ന് പറഞ്ഞു തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു. ലൂക്കോസ് 24 : 44-46

മകനേ, നിന്റെ മന്ദബുദ്ധി മാറ്റാൻ ക്രിസ്തു ശക്തനാണ്. നിന്റെ ബുദ്ധിയെ തുറന്ന് ആവശ്യമുള്ള ജ്ഞാനവും പരിജ്ഞാനവും വിവേകവും തരാൻ ക്രിസ്തു മനസ്സുള്ളവനാണ്. അവനോട് യാചിക്കൂ. അവനെ വിളിച്ചപേക്ഷിക്കൂ.

അഞ്ചാമതായി, ഹൃദയത്തെ തുറന്നു.

> "പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് അവളുടെ ഹൃദയം തുറന്നു."
> അപ്പോസ്തല പ്രവൃത്തികൾ 16 : 14

പൗലോസ് യൂറോപ്പിൽ ആദ്യമായി ഗ്രീസിലെ ഫിലിപ്പി

യിൽ എത്തിയിരിക്കയാണ്. ശീലാസും കൂടെയുണ്ട്. അവൻ അവിടെ ഒരു പുഴവക്കത്ത് എത്തി. അടുത്ത പട്ടണമായ തുയഥൈരയിൽ പാർക്കുന്നവളും തുണിച്ചായം ഉണ്ടാക്കി വിൽക്കുന്ന തൊഴിൽ ചെയ്യുന്നവളുമായ ലുദിയ എന്ന സ്ത്രീ അവിടെ ഉണ്ടായിരുന്നു.

അവിടെ കൂടിനിന്നിരുന്ന സ്ത്രീകളോട് പൗലോസ് ജീവന്റെ വചനം സംസാരിച്ചു. ലുദിയ ദൈവഭക്തയായ ഒരു സ്ത്രീ ആയിരുന്നു. പൗലോസ് സംസാരിക്കുന്നത് അവൾ കേട്ടുകൊണ്ടിരുന്നു. അത് മുഴുവൻ ഉൾക്കൊള്ളുവാൻ തക്ക വണ്ണം കർത്താവ് അവളുടെ ഹൃദയം തുറന്നു.

കർത്താവ് ഹൃദയം തുറന്നാൽ മാത്രമേ ഒന്ന് കേൾക്കാൻപോലും പറ്റുകയുള്ളൂ. കേട്ടാൽ തന്നെ മനസ്സിലാകുകയുള്ളൂ. ഒന്ന് ശ്രദ്ധിക്കാൻ സാധിക്കണമെങ്കിലും കർത്താവ് ഹൃദയം തുറക്കണം.

ലുദിയ മാനസാന്തരപ്പെട്ടു ക്രിസ്തുവിനെ വിശ്വസിച്ചു. ക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊണ്ടു. അവളുടെ ഭവനത്തിലേക്ക് വിശുദ്ധരായ ദൈവമക്കളെ ക്ഷണിച്ചു. വീടടക്കം ആനന്ദിച്ചു.

മാന്യ സ്നേഹിതാ, ക്രിസ്തു ചെവി തുറന്നു. ക്രിസ്തുവായും നാവും തുറന്നു. ക്രിസ്തു കണ്ണു തുറന്നു. ക്രിസ്തു ബുദ്ധിയെ തുറന്നു. ക്രിസ്തു ഹൃദയവും തുറന്നു. ക്രിസ്തു തുറക്കുന്നവനാണ്.

രണ്ടായിരം വർഷം മുമ്പ് ചെകിടനും വിക്കനുമായ മനുഷ്യനെ നോക്കി നെടുവീർപ്പോടെ "തുറന്നു വരിക" എന്നു പറഞ്ഞ ക്രിസ്തു, മാന്യ സഹോദരീ, പ്രിയ സ്നേഹിതാ, നിന്റെ അരികത്ത് നിൽക്കുന്നുണ്ട്. നിന്റെ ജീവിതത്തിലെ

അടഞ്ഞ വശങ്ങളെ തുറക്കാൻ ക്രിസ്തു കാത്തു നിൽക്കുകയാണ്.

ഗോഗുൽത്തായിലെ കുരിശിൽ ചങ്കു തുറന്ന് ചോരയും നീരും ഒഴുക്കിയവൻ നിന്നെ തന്റെ ഹൃദയത്തിലേറ്റി, ഇന്നു മുതൽ ഒരു പുതിയ ജീവിതം തുറന്നു തരാൻ ആവലോടെ നില്ക്കുകയാണ്. യേശുവിനെ കാണുന്നുണ്ടോ നീ? യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക എന്ന് യേശുവിനോട് പറയൂ. എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം.

നാഥാ, ഇന്നുവരെ അടഞ്ഞ ഏടുകൾ നിറഞ്ഞതാണ് എന്റെ ജീവിതം. കുരിശിൽ മാറ് പിളർന്നവനേ, ഇന്ന് എന്റെ ജീവിതത്തെ നിനക്കായി തുറക്കണമേ, എന്നെ ജീവന്റെ കൃപയ്ക്ക് അവകാശിയാക്കി തീർക്കണമേ. മരണം വരെ നിന്നെ സ്നേഹിച്ച് ജീവിക്കാൻ ഒരു പുതിയ സൗഭാഗ്യം എനിക്ക് തരണമേ. യേശുവിന്റെ നാമത്തിൽ യാചിക്കുന്നു. കേൾക്കണമേ. ആമ്മീൻ.

# അഞ്ച്

"ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും."

ലൂക്കോസ് 19 : 40

ദുരിതവും ദുഃഖവും നിറഞ്ഞ ഒരു സാഹചര്യത്തിലാണ് ഓരോ മനുഷ്യനും കഴിയുന്നത്. കണ്ണീരും വേദനയും യാതനയും ജീവിതത്തിൽ വിട്ടുമാറാതെ നിൽക്കുകയാണ്.

എത്രയെത്ര ഊരാക്കുരുക്കുകളിലാണ് മനുഷ്യനിന്ന് കുടുങ്ങിക്കിടക്കുന്നത്. ക്ലേശവും നെടുവീർപ്പും മാത്രം.

എനിക്കൊരു നല്ല കാലം കിട്ടുമോ, എനിക്കു ഇനിയും ഒരു നല്ല നാളെ ലഭിക്കുമോ എന്ന് ചിന്തിച്ച് നിരാശയിലാണ്ട് കഴിയുന്ന മനുഷ്യന് പെട്ടെന്ന് അവാച്യമായ ഒരു സൗഭാഗ്യം ലഭിക്കുന്നു എന്ന് സങ്കല്പിക്കുക. എന്തൊരാനന്ദാനുഭവമായിരിക്കും അത്! എന്തൊരാഹ്ലാദമായിരിക്കുമപ്പോൾ! നിനച്ചിരിക്കാതെ കൈവന്ന ഭാഗ്യത്തിന്റെ വേലിയേറ്റത്താൽ സന്തോ

ഷിച്ച് നൃത്തം ചെയ്യുകയില്ലേ? ആർത്ത് ആനന്ദിച്ച് നൃത്തം ചെയ്യുകയില്ലേ?

അതുപെലെയുള്ള മഹാസന്തോഷമാണ് ക്രിസ്തു തരുന്നത്.

ഇയ്യോബിന്റെ യാതനയുടെ മദ്ധ്യത്തിൽ സന്തോഷകരമായ ഒരു വാഗ്ദത്തം ലഭിക്കുന്നുണ്ട്.

> "അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറയ്ക്കും."
> ഇയ്യോബ് 8 : 21

യിരമ്യാ പ്രവാചകൻ പറയുന്നു :

> "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. കരയാതെ നിന്റെ ശബ്ദവും കണ്ണീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക.... നിന്റെ ഭാവിയെക്കുറിച്ച് പ്രത്യാശയുണ്ട്.
> യിരമ്യാവ് 31 : 16 – 17

> "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്."
> യിരമ്യാവ് 29 : 11

മാന്യസ്നേഹിതാ, ജീവിതം ഇനി ഒരിക്കലും ഒരു കൂമ്പെടുക്കുകയില്ല എന്ന നിരാശയിലാണോ താങ്കൾ? ഒരു നറുനാമ്പിനി വിരിയുക സാദ്ധ്യമല്ല എന്ന് ജീവിതം തകർന്ന് ദൃഷ്ടി കുമ്പിട്ടിരിക്കുകയാണോ താങ്കൾ? എങ്കിൽ കേൾക്കൂ, ആർപ്പു

വിളിക്കുന്ന ആഘോഷ ശബ്ദവും ഉല്ലാസഘോഷവും ഇനിയും ജീവിതത്തിൽ തരാൻ ക്രിസ്തു ശക്തനാണ്.

ജീവനുള്ള ദൈവത്തിന്റെ വാഗ്ദത്തം കേൾക്കൂ :

> "ഇനിയും ആനന്ദഘോഷവും സന്തോഷധ്വനിയും മണവാളന്റെ സ്വരവും മണവാട്ടിയുടെ സ്വരവും : സൈന്യങ്ങളുടെ യഹോവയെ സ്തുതിപ്പിൻ, യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് പറയുന്നവരുടെ ശബ്ദവും യഹോവയുടെ ആലയത്തിൽ സ്തോത്രയാഗം കൊണ്ടുവരുന്നവരുടെ ശബ്ദവും കേൾക്കും. ഞാൻ ദേശത്തിന്റെ സ്ഥിതി മാറ്റി പണ്ടത്തെപ്പോലെ ആക്കും. യിരമ്യാ 33 : 11

ദാവീദിന്റെ സങ്കീർത്തനങ്ങൾ സ്തോത്രഗീതങ്ങളാണ്. ആനന്ദധ്വനികളാണ്. ദൈവത്തോടുള്ള നന്ദിയുടെ കീർത്തനങ്ങളാണ്. 40-ാം സങ്കീർത്തനത്തിൽ ദാവീദ് പറയുന്നു :

> "ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു. അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. അവൻ എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി. അവനെന്റെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നെ. പലരും അതു കണ്ട് ഭയപ്പെട്ട് യഹോവയിൽ ആശ്രയിക്കും."
>
> സങ്കീ. 40 : 1-3

സാക്ഷാലുള്ള സ്തുതിയാണ് നന്ദിയുടെ പ്രകാശനം.

നിർമ്മല ഹൃദയത്തിൽ നിന്ന് ഉറവെടുക്കുന്ന സ്തോത്രമാണ് വിശുദ്ധിയുടെ ആരാധന. താണു താണു പൊയ്ക്കൊണ്ടിരുന്ന മനുഷ്യൻ ഉറപ്പുള്ള പാറമേൽ നിൽക്കുമ്പോഴുണ്ടാകുന്ന സ്ഥിരതയുടെ അനുഭവമാണ് വിശുദ്ധ സ്തുതി. അതു കാണുമ്പോൾ, കേൾക്കുമ്പോൾ പലരും ഭയപ്പെടും.

അതാണ് ഹോശന്നായുടെ ദിവസം പരീശന്മാർ ഭയപ്പെടുവാൻ കാരണം. കഴുതക്കുട്ടിമേൽ വാഹനമേറി രാജകീയമായി എഴുന്നള്ളിവരുന്ന യേശുവിനെ കുഞ്ഞുങ്ങൾ സ്തുതികരേറ്റി, എതിരേറ്റു. ആർപ്പോടെ എതിരേറ്റു. അതിലാണ് പരീശന്മാർക്ക് ഈർഷ്യയുണ്ടായത്. ദാവീദു പുത്രന് ഹോശന്നാ എന്നു കുഞ്ഞുങ്ങൾ ഉച്ചത്തിൽ പാടി.

ശിഷ്യന്മാർ വഴിയിൽ വസ്ത്രം വിരിച്ചു. കുഞ്ഞുങ്ങൾ പൂക്കൾ വാരിവിതറി. സൈത്തിൻകൊമ്പുകൾ ഉയർത്തിപ്പിടിച്ചും പുഷ്പവൃഷ്ടി ചെയ്തും ദാവിദു പുത്രനു ഹോശന്നാ പാടി. അത് പരീശന്മാർക്ക് രസിച്ചില്ല.

തന്നെയുമല്ല, ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടമെല്ലാം തങ്ങൾ കണ്ട സകല വീര്യപ്രവൃത്തികളെയും കുറിച്ച് സന്തോഷിച്ച് അത്യുച്ചത്തിൽ ദൈവത്തെ പുകഴ്ത്തി : “കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ. സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും” എന്ന് പറഞ്ഞു. അതും പരീശന്മാർക്ക് രസിച്ചില്ല.

അവർ ക്രിസ്തുവിനോട് പറഞ്ഞു : “ഗുരോ, നിന്റെ ശിഷ്യന്മാരെ വിലക്കുക.” അതിന് യേശു : “ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും” എന്ന് പറഞ്ഞു.

കല്ല് നിർജ്ജീവ വസ്തുവാണ്. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ നിർജ്ജീവ വസ്തുപോലും ജീവൻ പ്രാപിച്ച്

ക്രിസ്തുവിന് സ്തോത്രം അർപ്പിക്കും. ജീവൻ പ്രാപിച്ചാൽ സ്തുതിക്കും.

"ജീവനുള്ളതൊക്കെയും ദൈവത്തെ സ്തുതിക്കട്ടെ" എന്ന് സങ്കീർത്തനം 150 : 6 – ൽ കാണുന്നു.

> ബന്ധനമഴിഞ്ഞാലും ദൈവത്തെ സ്തുതിക്കും. "ഞാൻ നിന്റെ നാമത്തിന് സ്തോത്രം ചെയ്യേണ്ട തിന് എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമേ" എന്ന് ദാവീദ് പ്രാർത്ഥിച്ചു.
> സങ്കീ. 142 : 7

പൈശാചികന്റെ ജയിലറയിൽ നിന്ന് മോചനം പ്രാപിക്കുകയും പുനരുത്ഥാനവും ജീവനുമായ ക്രിസ്തുവിന്റെ ജീവൻ ഉള്ളിൽ തുടിക്കുകയും ചെയ്യുമെങ്കിൽ സ്വാഭാവികമായ സ്തോത്രം ഹൃദയത്തിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട് സന്തോഷ സ്തോത്രങ്ങൾ ആലപിക്കും.

അതുകൊണ്ടത്രേ പരിശുദ്ധന്മാരായ പിതാക്കന്മാർ പ്രഖ്യാപിച്ചത് : "ഭയത്തോടു കൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത് യുക്തവും ന്യായവുമാകുന്നു" ജീവിതത്തിൽ പാപം വരുമ്പോൾ ഹൃദയം കല്ലിക്കും. പാപത്തെക്കുറിച്ചുള്ള അനുതാപം വരുമ്പോൾ കല്ലുപോലുള്ള ഹൃദയം ഉരുകും. അതാണ്, തകർന്നും നുറുങ്ങിയുമുള്ള ഹൃദയം. കല്ലുപോലുള്ള ഹൃദയം ഉരുകിയാൽ സ്തോത്രം പൊട്ടിപ്പുറപ്പെടും.

ജീവനും വിശേഷ ബുദ്ധിയുമുള്ള മനുഷ്യൻ സ്തുതിച്ചില്ലെങ്കിൽ അനക്കമറ്റ കല്ലുകൾ ചലിക്കും. അവയും ആർത്തുവിളിക്കും. ക്രിസ്തുവിനെ എതിരേല്പാൻ ഭാഗ്യം ലഭിച്ച എത്രയോ ആളുകൾ തങ്ങളെത്തന്നെ മറന്ന് സ്തുതിയും സ്തോത്രവും ആലപിക്കുന്നു. കല്ലിച്ചു പോയിരുന്ന അവ

രുടെ ഹൃദയങ്ങൾ തകർന്ന് പാപം ക്ഷമിച്ചു തന്ന രക്ഷകനെ വാഴ്ത്തിപ്പുകഴ്ത്തുന്നു!

അങ്ങനെ ആർത്ത് ആഘോഷിച്ച് ദൈവത്തെ സ്തുതിച്ച ഒരു ദൈവപൈതലാണ് എറണാകുളം കിറ്റ്കൊയിലെ മാനേ ജരായ അഞ്ചി എൻ. കൊല്ലംപറമ്പ്. എൻജിനീയറിംഗിന് തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിൽ പഠിക്കുമ്പോൾ പാപത്തിൽ രസിച്ച് ഹൃദയം കല്ലിച്ചുപോയിരുന്ന ഒരാളാണ് അഞ്ചി. അഞ്ചിയുടെ ജീവിതത്തിൽ ഈ സത്യസ്തുതി ലഭി ച്ചതെങ്ങനെയെന്ന് നമുക്ക് ചോദിച്ചറിയാം.

എൻജിനീയറിംഗിന് പഠിക്കുന്ന കാലത്തെ കുറിച്ച് ഇന്ന് എന്തെല്ലാം ഓർക്കുന്നുണ്ട്?

വീട്ടിലെ കർശനമായ അച്ചടക്കത്തിൽ നിന്ന് ഒരു സ്വാതന്ത്ര്യം കിട്ടിയ കാലം. കോളേജിലും ഹോസ്റ്റലിലും പൂർണ്ണ സ്വാതന്ത്ര്യം. എങ്ങനെ വേണമെങ്കിലും ജീവിക്കാ വുന്ന സാഹചര്യം. മദിച്ച് പുളച്ച് ജീവിക്കാവുന്ന പ്രായം. ഒരു നിയന്ത്രണവുമില്ലാത്ത ജീവിതമായിരുന്നു. ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ അറയ്ക്കുന്നതും ലജ്ജിക്കുന്നതുമായ ഒരു ജീവിതം. പാപത്തിൽ രസിച്ചും ജഡ ഇമ്പങ്ങളിൽ മുഴു കിയും ജീവിച്ച ഒരു കാലം.

ഈ പാപ ജീവിതത്തിൽ നിന്ന് ഒരു മാനസാന്തരത്തി ലേക്ക് വന്നതെങ്ങനെയാണ്?

എന്റെ ചേട്ടൻ ജോജി കെ നൈനാൻ. അന്ന് തിരുവന ന്തപുരം മെഡിക്കൽ കോളേജിൽ Final BDS – ന് പഠിക്കുക യാണ്. ഒരു ദിസവം ചേട്ടൻ വന്ന് എന്നോട് പറഞ്ഞു : ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു എന്ന്. ആദ്യം എനി ക്കൊന്നും മനസ്സിലായില്ല. പക്ഷേ ചേട്ടന്റെ മട്ടും ഭാവവും

സംസാരരീതിയും വേഷവും സ്വഭാവവുമെല്ലാം പാടേ മാറി യിരിക്കുന്നു. പക്ഷേ അതുപോലൊരു മാറ്റത്തിന് എനിക്കൊട്ടും മനസ്സില്ലായിരുന്നു.

പിന്നെ അത് മനസ്സു വന്നതെങ്ങനെയാണ്?

ചേട്ടന്റെ നിർബന്ധത്തിന് വഴങ്ങി അവിടെ ഒരു പ്രാർത്ഥ നാ യോഗത്തിന് പോയി. അവിടെ സാറായിരുന്നല്ലോ പ്രസം ഗിച്ചത്. അന്ന് കേട്ട പ്രസംഗം എന്നെ ആകെ പിടിച്ച് കുലുക്കി. വളരെ അലസനായി ചാരിയിരുന്ന് ഉറങ്ങാമെന്ന് കരുതി അലക്ഷ്യമായി ഇരുന്നിരുന്ന എന്റെ ഹൃദയത്തി ലേക്ക് ആ വാക്കുകൾ തുളഞ്ഞു കയറി. ഞാൻ അവിടെ യിരുന്ന് കരയാൻ തുടങ്ങി. എന്തിനാണ് കരയുന്നതെന്ന് എനിക്കറിയാൻ പാടില്ലായിരുന്നു. എനിക്ക് മനസ്സിലാക്കാൻ സാദ്ധ്യമല്ലാത്ത ഒരു ശക്തി എന്റെ ഉള്ളിലേക്ക് കടന്നുവന്നു. എന്തോ ഒന്ന്! നിറഞ്ഞ സ്നേഹം! നിറഞ്ഞ ആശ്വാസം! പറ ഞ്ഞറിയിക്കാൻ വയ്യാത്ത സമാധാനം! എന്റെ ഭാരം ഇല്ലാ തായ സ്ഥിതി! കനമില്ലാത്ത വായുവിൽ പൊങ്ങിനിൽക്കുന്ന അവസ്ഥ!

ഇന്നത്തെ സ്ഥിതിയെന്താണ്?

ഇന്ന് ഞാൻ അത്യധികം സന്തുഷ്ടനാണ്. ഞാനിന്ന് കുടുംബമായി സമാധാനമായി കഴിയുന്നു. ദൈവം ആരാണെ ന്നറിയുന്തോറും ഞാൻ എത്ര നിസ്സാരനെന്ന്, എത്ര ഹീനപാപി യെന്ന് മനസ്സിലാക്കുന്നു. ഓരോ ദിവസവും പ്രകടമായ പാപങ്ങൾ ഒന്നും വരുന്നില്ലെങ്കിലും എന്റെ സ്വഭാവത്തിലും പ്രകൃതിയിലും മറഞ്ഞു കിടക്കുന്ന പാപങ്ങൾ മനസ്സിലാക്കി അവയെ ഓർത്ത് അനുതപിക്കാനും ശുദ്ധീകരണം പ്രാപി ക്കാനും കഴിയുന്നു. എന്റെ പാപങ്ങൾ വിടാൻ മനസ്സില്ലാതെ

ലോകത്തിന്റെയും സ്വയത്തിന്റെയും അടിമയായി ജീവിച്ചി രുന്ന എനിക്ക് പാപ ചിന്തകൾ പോലും വരാത്ത അവസ്ഥ യിൽ കൃപയാൽ കർത്താവ് എന്നെ വഴി നടത്തിക്കൊണ്ടി രുന്നു. ഇന്ന് ദൈവത്തെ സ്തുതിക്കുന്നതിന്റെ മധുരവും സുഖവും ഞാനറിയുന്നു.

പ്രിയപ്പെട്ട അഞ്ചിയുടെ പാപമയമായ ജീവിതം മാറ്റി വിശുദ്ധ ജീവിതത്തിന്റെ സ്തുതി നൽകിയ കർത്താവ് ജീവി ക്കുന്നു. ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കു കയും ഹൃദയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുമെങ്കിൽ, പ്രിയ സഹോദരി, പ്രിയ സഹോദരാ, നിനക്ക് ഈ വിശുദ്ധ സ്തുതി ലഭിക്കും. ഭൂമിയിൽവെച്ച് ആത്മാവിൽ സ്തുതി ക്കാൻ കഴിഞ്ഞില്ലെങ്കിൽ കടന്നു ചെല്ലുമ്പോൾ വിശുദ്ധന്മാ രുടെ നിരയിൽ നിൽക്കാൻ സാദ്ധ്യമല്ല, ഈ മഹാഭാഗ്യ ത്തിന് വാഞ്ഛിക്കുന്നു എങ്കിൽ അരികത്ത് വന്നുനിൽക്കുന്ന ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഭാവിജീവിതം ഏല്പിച്ചു കൊടുക്കുക. യേശുവേ ഞാനിതാ വരുന്നു. എന്നെ സ്വീക രിക്കണമേ എന്ന് പ്രാർത്ഥിക്കാം.

കരുണയുള്ള യേശുവേ, വാഴ്ത്തപ്പെട്ട കർത്താവേ, ഇന്നു നീ തന്ന സ്നേഹമോലുന്ന വചനങ്ങൾക്കായി സ്തോത്രം. സ്തുതി എന്ന മേലാട എന്നെ ധരിപ്പിക്കേണമേ. അന്ത്യ ത്തോളം നിലനിറുത്തണമേ. യേശുവിൻ നാമത്തിൽ തന്നെ. ആമ്മീൻ.

## ആറ്

ക്രൂശിലെ ഏഴ് തിരുമൊഴികൾ.

ദു:ഖവെള്ളിയാഴ്ചത്തെ മുഖ്യ ധ്യാനവിഷയമാണ് ക്രൂശിലെ ഏഴു തിരുമൊഴികൾ. Seven words from the cross. ക്രൂശിൽ കിടന്ന് ക്രിസ്തു പറഞ്ഞ ഏഴ് തിരുമൊഴികൾ. ക്രൂശിൽ കിടക്കുന്ന ക്രിസ്തുവിനെ നോക്കി പലരും പറഞ്ഞ ഏഴ് വാക്യങ്ങളുമുണ്ട്. Seven words to the cross.

ദു:ഖവെള്ളിയാഴ് നല്ല വെള്ളിയാഴ്ചയാണ്. Good Friday. മനുഷ്യജാതിയുടെ നിത്യമായ വീണ്ടെടുപ്പ് സാധിക്കുന്നതിനു വേണ്ടി നിത്യനായ ദൈവത്തിന്റെ ഏകജാതനായ ക്രിസ്തു ക്രൂശിൽ സ്വയം അർപ്പണം ചെയ്യുന്നതിനെ അനുസ്മരിക്കുന്ന മഹത്വപൂർണ്ണമായ സുദിനമാണ് നല്ല വെള്ളിയാഴ്ച.

ക്രൂശിൽ കിടന്നുകൊണ്ട് യേശുക്രിസ്തു പറഞ്ഞ ഏഴു വചനങ്ങളും രക്ഷയുടെയും ദൈവസ്നേഹത്തിന്റെയും നിക്ഷേപങ്ങളാണ്. ഒന്നാമത്തെയും ഒടുവിലത്തെയും നടുവിലത്തെയും വചനങ്ങൾ ക്രിസ്തു പിതാവാം ദൈവത്തോട് പറ

യുന്നവയാണ്. ആദ്യത്തെയും അവസാനത്തെയും വചനങ്ങൾ ദൈവത്തെ 'പിതാവേ' എന്ന് വിളിക്കുന്നവയാണ്. നടുവിലത്തെ വചനം ദൈവത്തെ 'എന്റെ ദൈവമേ' എന്ന് വിളിക്കുന്നതാണ്. ഓരോ വചനവും വളരെയേറെ അർത്ഥപുഷ്ടിയുള്ളതാണ്.

ഒന്നാമത്തെ വചനം.

> "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" എന്നാണ്.
> ലൂക്കോസ് 23: 34

അത് ക്ഷമയുടെ വചനമാണ്. അത് വിട്ടുവീഴ്ചയുടെ വാക്കുകളാണ്. തന്നെ വിസ്തരിക്കുകയും മുഖത്തുതുപ്പുകയും കന്നത്തടിക്കുകയും മുൾമുടി വെയ്ക്കുകയും കൈകളിലും കാലുകളിലും കാരിരുമ്പാണികൾ തറയ്ക്കുകയും ചെയ്തവരോടു ക്ഷമിക്കുന്ന നിത്യസ്നേഹത്തിന്റെ പ്രാർത്ഥനയാണത്. ദീർഘക്ഷമയുടെ പ്രാർത്ഥനയാണത്. തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. Forgiveness - ക്ഷമ.

ഈ ഒന്നാമത്തെ വചനത്തിന്റെ അടിസ്ഥാനത്തിൽ പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, നിന്റെ ജീവിതത്തെ ഒന്നു പരിശോധിക്കുമോ? ഇങ്ങോട്ട് തെറ്റു ചെയ്തവരോട് ഇന്നും ക്ഷമിക്കാതിരിക്കുന്നുവോ? പൂർണ്ണ ഹൃദയത്തോടെ ക്ഷമിക്കാനും സ്നേഹിക്കാനും കഴിയുന്നില്ലെങ്കിൽ ക്രിസ്തുവിന്റെ മനോഭാവത്തിനെതിരാണ് അത് എന്ന് നീ ചിന്തിക്കുന്നുണ്ടോ?

കർത്തൃപ്രാർത്ഥനയിൽ ക്രിസ്തു പഠിപ്പിച്ചു. "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ" എന്ന്

പ്രാർത്ഥിക്കാൻ. ഈ പ്രാർത്ഥന ചൊല്ലാൻ മാന്യ സ്നേഹി താ, താങ്കൾ യോഗ്യനാണോ? കടക്കാരോട് ക്ഷമിച്ചിട്ടുണ്ടോ? Forgetting and Forgiving - മറക്കുക; പൊറുക്കുക. അതായിരിക്കട്ടെ നമ്മുടെ ജീവിതാദർശം.

ക്രിസ്തുവിന് 800 വർഷം മുമ്പ് മീഖാ പ്രവചിച്ചു: "അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശ ത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കു കയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളൂ?" മീഖാ 7 : 18

ക്രിസ്തുവിന്റെ സ്വഭാവം സ്നേഹമാണ്. പൂർണ്ണ ക്ഷമ യാണ്. ഈ മനോഭാവം മനുഷ്യനിലുണ്ടായാൽ ഭൂമുഖത്തു നിന്ന് യുദ്ധങ്ങൾ മാറിപ്പോകും. ശാന്തിയും സമാധാനവും രാഷ്ട്രങ്ങളിൽ വാഴും. കുടുംബങ്ങളിൽ സ്വസ്ഥതയുണ്ടാ കും. ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഇണക്കമാകും. വാസ്ത വത്തിൽ ആ സ്നേഹവും വിശുദ്ധിയുമല്ലേ സ്വർഗ്ഗത്തിന്റെ ഭാവം? മാന്യ സ്നേഹിതാ, ഈ വചനത്തിന്റെ ആഴം ഉൾക്കൊള്ളാൻ താങ്കൾ തയ്യാറാണോ?

ക്രൂശിലെ രണ്ടാമത്തെ വചനം.

" ഇന്നു നീ എന്നോടു കൂടി പറുദീസയിൽ ഇരിക്കും" എന്ന് പറഞ്ഞ വചനമാണ്. ഇത് അനു തപിച്ച കള്ളനോടു പറഞ്ഞ വചനമാണ്. Salvation - രക്ഷ. ക്രിസ്തുവിന്റെ ക്രൂശിന്റെ ഇരുവ ശത്തും ഓരോ കള്ളന്മാരെ ക്രൂശിച്ചിരുന്നു. അവർ രണ്ടുപേരും ക്രിസ്തുവിനെ പഴിക്കുകയും നിന്ദി ക്കുകയും ദുഷിക്കുകയും ചെയ്തവരാണ്.

മാർക്കോസ് 15 : 32, മത്തായി 27 : 44

എന്നാൽ “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവരറിയാകയാൽ ഇവരോട് ക്ഷമിക്കേണമേ” എന്ന് ക്രിസ്തു പ്രാർത്ഥിച്ചതുകേട്ടപ്പോൾ അത് ഒരു കള്ളന്റെ ഉള്ളത്തെ തൊട്ടു. അവൻ ഞെട്ടിത്തിരിഞ്ഞ് നോക്കി. കാര്യമറിയാതെ വിമർശിക്കുകയും നിന്ദിക്കുകയും ചെയ്തെങ്കിലും ക്രിസ്തു വിന്റെ ശബ്ദം കേൾക്കുകയും മുഖം നേരിട്ട് കാണുകയും ചെയ്തപ്പോൾ അവന്റെ ധാരണകൾ മുഴുവൻ മാറി. വലതു ഭാഗത്തെ കുരിശിലെ കള്ളനാണവൻ എന്ന് പറയപ്പെടുന്നു ണ്ടെങ്കിലും അതിന് തെളിവുകൾ ഒന്നുമില്ല. അവൻ പെട്ടെന്ന് അനുതപിച്ചു. അവൻ തന്റെ കൂട്ടുകാരനായ കള്ളനോടുപറ യുന്നു :

> “സമശിക്ഷാവിധിയിൽ തന്നെയായിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമാ യിട്ട് ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ച തിന് യോഗ്യമായതല്ലോ കിട്ടുന്നത്? ഇവനോ അരു താത്തതൊന്നും ചെയ്തിട്ടില്ല.”
>
> ലൂക്കോസ് 23:40–42.

ഇങ്ങനെ അവൻ സ്നേഹിതനെ ശാസിക്കുകയും ക്രിസ്തു വിനെക്കുറിച്ച് സാക്ഷിക്കുകയും ചെയ്തിട്ട് ക്രിസ്തുവിനോട് പ്രാർത്ഥിച്ചു.

“യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ.”

> യേശു അവനോട് കരണയോടെ പറഞ്ഞു : “ഇന്ന് നീ എന്നോട് കൂടെ പറുദീസയിൽ ഇരി ക്കൂ.” ലൂക്കോസ് 23:43

അവന് ലഭിച്ച മഹത്വപൂർണ്ണമായ രക്ഷയുടെ വാഗ്ദാന ത്തിന് പല കാരണങ്ങളുണ്ട്.

ഒന്ന്, അവൻ ജീവിതത്തിന്റെ അവസാനസമയത്താണ് അനുതപിച്ചതെങ്കിലും അവൻ ക്രിസ്തുവിന്റെ തിരുശബ്ദം കേട്ട ആദ്യ അവസരത്തിൽ തന്നെ അനുതപിച്ചു.

രണ്ട്, അവൻ സ്വന്തം തെറ്റ് അംഗീകരിക്കുകയും കുറ്റ ബോധത്തോടെ ഏറ്റുപറയുകയും ചെയ്തു. "നാം ന്യായമായിട്ട് ശിക്ഷ അനുഭവിക്കുന്നു. നാം പ്രവർത്തിച്ചതിന് യോഗ്യമായതല്ലോ കിട്ടുന്നത്."

മൂന്ന്, അവൻ ക്രിസ്തുവിനെ തിരിച്ചറിഞ്ഞു. യേശു അരുതാത്തതൊന്നും ചെയ്യാതെയാണ് ശിക്ഷ ഏൽക്കുന്നത് എന്നറിഞ്ഞു.

നാല്, അവൻ ക്രിസ്തുവിനെ സാക്ഷിച്ചു. ഇവൻ അരുതാത്തതൊന്നും ചെയ്തിട്ടില്ല എന്ന് സാക്ഷിച്ചു.

അഞ്ച്, അവൻ തന്റെ കൂട്ടുക്കാരനെ ശാസിക്കുകയും അനുതപിപ്പാൻ ഉപദേശിക്കുകയും ചെയ്തു. പ്രബോധിപ്പിച്ചു.

ആറ്, യേശു ഇന്ന് മുൾമുടിയേറ്റ് ക്രൂശിൽ മരിച്ചാലും രാജത്വം പ്രാപിച്ച് വീണ്ടും വരുന്നവനാണെന്ന് അവൻ വിശ്വസിച്ചു.

ഏഴ്, ഒരുനിമിഷം വൈകാതെ അവൻ രക്ഷയ്ക്കായി പ്രാർത്ഥിച്ചു.

മാന്യസ്നേഹിതാ, നീ ഈ നിമിഷംതന്നെ യേശുവിനോട് നിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുമോ?

ക്രൂശിലെ മൂന്നാമത്തെ വചനം.

"സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്ന് മാതാവിനോടും

"ഇതാ, നിന്റെ അമ്മ" എന്ന് ശിഷ്യനോടും പറയുന്നതാണ്. യോഹ. 19:25-27. Affection - സ്നേഹം.

ഓമനമകന്റെ കഠോര യാതനയിൽ മാതാവ് ഉള്ളുരുകി കരയുകയാണ്. യൗസേപ്പ് പിതാവ് നേരത്തെ മരിച്ചുപോയിരുന്നു. അനാഥയായ അമ്മയ്ക്ക് ഒരു സഹായിയെ, ഒരു മകനെ, ഏൽപ്പിച്ചുകൊടുക്കുകയാണ്.

ശിഷ്യന്മാരെല്ലാം ചിതറിപ്പോയിരിക്കുന്നു. പത്രോസും അന്ത്രയോസും തോമാസും നഥനയേലും യാക്കോബും മറ്റും ഓടിമാറിപോയിരിക്കുന്നു. താൻ ഒറ്റപ്പെട്ടു എന്ന ചിന്തയിൽ ക്രൂശിലേക്കുനോക്കി നെടുവീർപ്പിട്ടും ക്രൂശിന്റെ താഴ്വരയിലേക്ക് നോക്കി ഏങ്ങലടിച്ചും യോഹന്നാൻ നിൽക്കുകയാണ്. അവന് ഒരമ്മയെ നൽകി.

യേശു തന്നിൽ ആശ്രയിക്കുന്നവരെ അനാഥരായി വിടുകയില്ല. യോഹ. 14:18. ക്രൂശിൽ കിടന്ന് പിടയുമ്പോഴും അനാഥരായി നിൽക്കുന്ന അമ്മയെയും ശിഷ്യനെയും യേശു മറന്നില്ല. അനുതപിച്ച കള്ളനെ മറന്നില്ല. യേശു മഹാ കാരുണ്യവും സ്നേഹവും മാത്രമാണ്.

ക്രൂശിലെ നാലാമത്തെ വചനം ഏഴു മൊഴികളിൽ നടുവിലത്തെ വചനമാണ്. ഉച്ചയ്ക്ക് പന്ത്രണ്ടുമണി മുതൽ മൂന്നുമണിവരെ ദേശത്തെല്ലാം കൂരിരുട്ടുണ്ടായി. കൂരിരുളിന്റെ മദ്ധ്യത്തിൽ കേൾക്കാം ഒരു നിലവിളി.

> "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" മത്തായി 27:46, മാർക്കോസ് 15:34. Anguish - കഠിനയാതന.

ഒന്നാമത്തെയും ഒടുവിലത്തെയും മൊഴികളിൽ

ദൈവത്തെ "പിതാവേ" എന്ന് വിളിക്കുന്ന യേശു ഈ നടുവിലത്തെ വചനത്തിൽ "എന്റെ ദൈവമേ" എന്ന് വിളിക്കുകയാണ്. മനുഷ്യന്റെ പാപം മുഴുവൻ യേശു തന്റെ ശിരസ്സിൽ ഏറ്റിരിക്കുകയാണ്. പിൽക്കാലത്ത് വി. പൗലോസ് പറഞ്ഞു:

> "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം ആക്കി." 2 കൊരിന്ത്യർ 5:21

യേശു പാപമാക്കപ്പെട്ടു കിടക്കുമ്പോൾ ദൈവത്തെ പിതാവേ എന്ന് വിളിപ്പാൻ സാദ്ധ്യമല്ല. മാന്യ സ്നേഹിതാ, നിന്നിൽ പാപം വസിക്കുന്നു എങ്കിൽ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന് വിളിക്കാൻ അർഹതയില്ല.

ദൈവത്തിൽ നിന്ന് ജനിച്ചവൻ ദൈവത്തിന്റെ മകനാകുന്നു. "പാപം ചെയ്യുന്നവൻ പിശാചിന്റെ മകനാകുന്നു." 1 യോഹ. 3:8. പ്രിയ സഹോദരാ, മാന്യ സഹോദരി, അതിവേഗം നീ പാപത്തോട് യാത്ര പറഞ്ഞ്, ദൈവത്തിന്റെ മകനും മകളും ആകുക.

ക്രൂശിലെ അഞ്ചാമത്തെ വചനം.

"എനിക്ക് ദാഹിക്കുന്നു." യോഹന്നാൻ 19:28. Suffering - പീഢ

ഇന്നും ക്രിസ്തു ദാഹിക്കുകയാണ്. നശിച്ചു പോകുന്ന ആത്മാക്കൾക്കുവേണ്ടിയുള്ള സ്നേഹത്തിന്റെ ദാഹം. നരകയോഗ്യരായി ജീവിക്കുന്നവരെ സ്വർഗ്ഗാവകാശികളാക്കാനുള്ള വീണ്ടെടുപ്പിന്റെ ദാഹം. പാപത്തിൽ കെട്ടപ്പെട്ടു കിടക്കുന്നവരുടെ പാപബന്ധനം അഴിക്കാനുള്ള കാരുണ്യത്തിന്റെ ദാഹം.

സാത്താൻ ഞെരിച്ചുകൊണ്ടിരിക്കുന്നവരെ സമാധാനത്തിലേക്ക് ആനയിക്കുന്നതിനുവേണ്ടിയുള്ള രക്ഷയുടെ ദാഹം.

മാന്യസുഹൃത്തേ, ക്രിസ്തുവിന്റെ ദാഹം ഒന്ന് ശമിപ്പിക്കുമോ? പാപജീവിതത്തോട് നീ ഇന്ന് യാത്ര പറയുമോ? പൈശാചിക ശക്തിയെ നീ ഉപേക്ഷിക്കുമോ? ഒരു സമാധാനപുത്രനായി നിന്റെ ദേശത്തും നിന്റെ ഭവനത്തിലും ഒന്ന് നിൽക്കുമോ?

ക്രൂശിലെ ആറാമത്തെ തിരുമൊഴി.

“നിവൃത്തിയായി” എന്ന് ജയഘോഷം പ്രഖ്യാപിക്കുന്ന വചനമാണ്. "It is finished." Victory - വിജയം. യോഹ. 19:30

മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം നിവർത്തിക്കേണ്ട പരിപാടികൾ നിവൃത്തിയായി: എല്ലാം പൂർത്തിയാക്കി. ന്യായപ്രമാണ നിയമങ്ങളെല്ലാം പൂർത്തിയായി, സകല യാഗങ്ങളും പൂർത്തിയായി. സ്വർഗ്ഗീയ കാര്യപരിപാടി നിവൃത്തിയായി. അന്ധകാരശക്തിയെ ബന്ധിക്കാനുള്ള ദൈവിക പ്ലാൻ നിവൃത്തിയായി. ഏദൻതോട്ടത്തിൽ സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും എന്ന ദൈവിക വാഗ്ദത്തം നിവൃത്തിയായി.

പ്രിയ സ്നേഹ്താ, നിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി ക്രിസ്തു എല്ലാം നിവർത്തിച്ചു എന്ന് വിശ്വസിക്കുന്നുവോ? എങ്കിൽ നിന്റെ ജീവിതം ക്രിസ്തുവിൻ പാദത്തിൽ ഇപ്പോൾ അർപ്പണം ചെയ്യുക.

ക്രൂശിലെ ഒടുവിലത്തെ വചനം, ഏഴാമത്തെ തിരുമൊഴി.

“പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു.” ലൂക്കോസ് 23:46. Contentment - സംതൃപ്തി.

മരണനേരത്ത് സംതൃപ്തിയോടെ പിതാവിങ്കലേക്ക് ആത്മാവിനെ ഏല്പിക്കുന്നു. എല്ലാം ചെയ്തുതികച്ച് സമാധാനത്തോടെ കടന്നുപോകുന്നു.

ഇതല്ലയോ നമുക്കെല്ലാവർക്കും വേണ്ടത്? സ്നേഹിതാ, ഒരു നല്ല അവസാനത്തിന് താങ്കൾ ഒരുങ്ങിയോ? സമാധാനത്തോടും പ്രസന്നതയോടുംകൂടെ ഈ ഭൂമിയിലെ താല്ക്കാലിക ജീവിതം വിടുവാൻ താങ്കൾ ഒരുങ്ങിയോ? ജീവിതം ക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിച്ചുവോ? ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹത്താൽ രക്ഷിക്കപ്പെട്ടുവോ? ഒരു പുതിയ കാഴ്ചപ്പാട് ലഭിച്ചുവോ? എങ്കിൽ ക്രൂശിൽ മരിച്ച രക്ഷകന്റെ പാദത്തിൽ ജീവിതമർപ്പിച്ചുകൊണ്ട് സ്തുതിക്കാം.

നാഥാ, ക്രൂശിലെ തിരുവചനങ്ങൾക്കായി സ്തോത്രം. എന്നെ വിടുവിക്കുവാൻ മരണം രുചിനോക്കിയ കൃപയ്ക്കായി സ്തോത്രം. ഈ വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കേണമേ. യേശുവിൻ നാമത്തിൽ തന്നേ. ആമ്മീൻ.

## ഏഴ്

"സ്ത്രീയേ, നീ കരയുന്നതെന്ത്?"
യോഹന്നാൻ 20:13, 15

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി പറഞ്ഞവാക്കാണ് "സ്ത്രീയേ, നീ കരയുന്നതെന്ത്?" യോഹ. 20:15. ക്രിസ്തു മഗ്ദലനമറിയാമിനോടു ചോദിക്കുന്ന ചോദ്യമാണിത്.

പട്ടണത്തിലേക്കും പാപിനിയായ സ്ത്രീയായിരുന്നു അവൾ. ലൂക്കോസ് 7:37. ഏഴു ഭൂതങ്ങൾ ബാധിച്ച സ്ത്രീയാ യിരുന്നു അവൾ. ലൂക്കോസ് 8:2-3. എന്നാൽ അവൾ പാപ ത്തോട് യാത്ര പറഞ്ഞ് അനുതപിച്ച് ഏറ്റുപറഞ്ഞപ്പോൾ അവൾക്ക് ക്രിസ്തു പാപക്ഷമ നൽകി. അവളുടെ അനേക മായ പാപങ്ങൾ മോചിച്ചുകൊടുത്തു. അതോടെ അവളി ലുള്ള ഭൂതങ്ങൾ ഇറങ്ങി മാറിപ്പോയി. അവളുടെ ഹൃദയം ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ടും നന്ദികൊണ്ടും നിറ ഞ്ഞു. അധികം ഇളച്ചു കിട്ടിയവൻ അധികം സ്നേഹിക്കും.

ക്രിസ്തുവിനെ ക്രൂശിക്കാൻകൊണ്ടുപോകുമ്പോൾ പിന്നാലെ കരഞ്ഞുകൊണ്ടുപോകുന്ന യരൂശലേം പുത്രമാരുടെകൂടെ മഗ്ദലനമറിയാമുണ്ട്. ക്രിസ്തു ക്രൂശിൽ യാതനയേറ്റ് പിടയുമ്പോൾ താഴെ കരഞ്ഞുകൊണ്ട് നിൽക്കുന്ന സ്ത്രീകളുടെ കൂട്ടത്തിൽ മഗ്ദലനമറിയാമുണ്ട്. യേശു ക്രൂശിൻമേൽ കിടന്ന് മൂന്നുപ്രാവശ്യം പിതാവാം ദൈവത്തോട് സംസാരിച്ചു. ദു:ഖിതയായ അമ്മയോട് സംസാരിച്ചു. ഒറ്റപ്പെട്ടു നിൽക്കുന്ന യോഹന്നാനോട് സംസാരിച്ചു. എന്നോടുമാത്രം ഒരു വാക്കു മിണ്ടിയില്ലല്ലോ – വേണമെങ്കിൽ ഒരു പരിഭവം മഗ്ദലനമറിയാമിനുണ്ടാകാമായിരുന്നു. ഇല്ല, അവൾക്ക് പരിഭവമില്ല. തികഞ്ഞ സ്നേഹത്തിൽ പരിഭവത്തിന് ഇടമില്ല. തികഞ്ഞ സ്നേഹത്തിന് പരിഭവിക്കാൻ സാദ്ധ്യമല്ല. തികഞ്ഞ സ്നേഹത്തിൽ പരാതികൾ മുങ്ങിപ്പോകും.

അരിമഥ്യക്കാരൻ യൗസേപ്പ് യേശുവിന്റെ തിരുശരീരം വളരെ ഭയാദരവുകളോടെ കല്ലറയിൽ അടക്കം ചെയ്യുമ്പോഴും മഗ്ദലമറിയം അവിടെയുണ്ട്. അവനെവെയ്ക്കുന്ന ഇടം അവൾ നോക്കിക്കണ്ടു. കല്ലറയും അവന്റെ ശരീരം വെച്ച വിധവും കണ്ടു.

വെള്ളിയാഴ്ചയും ശനിയാഴ്ചയും കഴിഞ്ഞ് മൂന്നാംനാൾ അതിരാവിലെ ഇരുട്ടുള്ളപ്പോൾതന്നെ മഗ്ദലനമറിയാം കല്ലറയിലെത്തി. കല്ലറയുടെ വാതിൽക്കുണ്ടായിരുന്ന കല്ല് ഉരുട്ടിമാറ്റി വെച്ചിരിക്കുന്നതു കണ്ടു. അവൾ ഓടി പത്രോസിന്റെയും യോഹന്നാന്റെയും അരികിൽ ചെന്ന്, കർത്താവിനെ കല്ലറയിൽ നിന്ന് എടുത്തുകൊണ്ടുപോയി എവിടെ വെച്ചിരിക്കുന്നു എന്നറിയുന്നില്ല എന്ന് പറഞ്ഞു. ശിഷ്യന്മാർ രണ്ടുപേരും ബദ്ധപ്പെട്ട് ഓടി കല്ലറയ്ക്കലെത്തി. കല്ലറയ്ക്കുള്ളിൽ നോക്കി. യേശുവിന്റെ തിരുശരീരം കാണാതെ കുറെ നേരം

വിഷാദമഗ്നരായി നിന്നിട്ട് മടങ്ങിപ്പോയി.

അവർ പോയിട്ടും മഗ്ദലനമറിയം പോയില്ല. അവൾ പുറത്ത് കരഞ്ഞുകൊണ്ടു നിന്നു. ഇടയ്ക്ക് കല്ലറയിൽ കുനിഞ്ഞു നോക്കും. യേശുവിനെ കാണാത്തതുകൊണ്ട് അവളുടെ ഉള്ള് വിങ്ങുകയാണ്. അവൾ വിതുമ്പിക്കരയുക യാണ്. അപ്പോൾ, യേശു ഇതാ പിന്നിൽ നിൽക്കുന്നു! യേശു എന്ന് അവൾ തിരിച്ചറിഞ്ഞില്ല. "സ്ത്രീയേ, നീ കരയുന്ന തെന്ത്?" യേശു ചോദിച്ചു.

കരയുന്നവരെ ആശ്വസിപ്പിക്കാൻ യേശു ഉയിർത്തെഴു ന്നേറ്റു. കരയുന്നവരുടെ കണ്ണീര് തുടയ്ക്കാൻ യേശു ജീവി ക്കുന്നു. യേശു ഹൃദയം തകർന്നവരെ മുറി കെട്ടാൻ വന്ന വനാണ്. യേശു തടവുകാർക്ക് വിടുതൽ നൽകാൻ വന്നവ നാണ്. യേശു ബന്ധിതകർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ വന്നവനാണ്. യേശു ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പി ക്കാൻ വന്നവനാണ്. യേശു വെണ്ണീറിനു പകരം അലങ്കാര മാല (beauty for ashes) കൊടുപ്പാൻ വന്നവനാണ്. യേശു ദു:ഖത്തിനു പകരം ആനന്ദതൈലം നൽകാൻ വന്നവനാണ്. യേശു വിഷണ്ഡ മനസ്സിനു പകരം സതുതി എന്ന മേലാട നൽകാൻ വന്നവനാണ്.

പ്രിയ സ്നേഹിതാ, താങ്കൾക്ക് ആശ്വാസം ലഭിച്ചുവോ? താങ്കളുടെ മ്ലാനത മാറിയോ? താങ്കളുടെ വിഷണ്ഡ മനസ്സു മാറി 'സ്തുതി' എന്ന മേലാട അണിഞ്ഞുവോ? താങ്കൾക്ക് സമാധാനം നൽകാൻ യേശു, ഇതാ, താങ്കളുടെ അരികത്ത് നില്ക്കുന്നു.

സ്ത്രീയേ, നീ കരയുന്നതെന്ത്? എന്ന ചോദ്യത്തിന്റെ പ്രസക്തി മുഴുവൻ അനുഭവിച്ച ഒരാളാണ് കടയിരുപ്പിൽ

എന്റെ വീടിനടുത്ത് താമസിക്കുന്ന ശൂശാൻ. ശൂശാന്റെ പതിനെട്ടാമത്തെ വയസ്സിൽ വിവാഹം കഴിഞ്ഞ് ഏഴുമാസം ഭർത്താവിന്റെ കൂടെ ജീവിച്ചു. ജോലിസ്ഥലത്തുണ്ടായ ഒര ത്യാഹിതത്തിൽ ഭർത്താവ് മരിച്ചു. അടുത്തു തന്നെ ഒരു കമ്പനിയിലായിരുന്നു ജോലി.

രാവിലെ ജോലിക്കു പോയതാണ്. ശൂശാൻ പിന്നെ കാണുന്നത് ഭർത്താവിന്റെ പൊള്ളി വെന്തഴുകിയ ശവശരീരമാണ്. എങ്ങനെ സഹിക്കും? അന്ന് ശൂശാൻ നാലുമാസം ഗർഭിണിയാണ്. ഉറക്കമില്ലാത്ത രാവുകൾ. ദു:ഖവും നെടുവീർപ്പും മാത്രം. ഭാവി മുഴുവനും ഇരുളടഞ്ഞു. മരിച്ചാലോ എന്ന് പലവട്ടം ചിന്തിച്ചു.

ശൂശാന്റെ സ്വന്തം മുഖത്തുനിന്ന് ആ യാതനയുടെ നാളുകളെക്കുറിച്ച് കേൾക്കുന്നതായിരിക്കും നല്ലത്.

ഭർത്താവ് മരിച്ചതിനുശേഷമുള്ള അവസ്ഥ ഒന്ന് വിവരിക്കാമോ?

ഞാനെങ്ങനെയാണ് ആ കാലം വർണ്ണിക്കുന്നത്? ഇന്നെനിക്ക് മുപ്പത്തെട്ട് വയസ്സുണ്ട്. ഒരു വിധവയായിട്ട് പത്തൊൻപത് കൊല്ലം കഴിഞ്ഞു. പതിനെട്ടാമത്തെ വയസ്സിൽ എന്റെ കല്യാണം കഴിഞ്ഞു. ഏഴുമാസം ഞാൻ എന്റെ ഭർത്താവിന്റെ കൂടെ ജീവിച്ചു. ഭർത്താവ് മരിച്ചതിനുശേഷം ഞാനിനി എന്തിന് ജീവിക്കണം എന്നോർത്ത് ഞാൻ ഉള്ളുനീറി വലഞ്ഞു. ആത്മഹത്യ ചെയ്യാൻ ഞാനുറച്ചു. പല പ്രാവശ്യം ഞാനതിനൊരുങ്ങി.

പക്ഷേ എന്റെ ഹൃദയത്തിലൊരു ചിന്തയുണ്ടായി. എന്റെ വയറ്റിൽ കിടക്കുന്ന കുഞ്ഞിനെ ഒന്നു കണ്ടിട്ട് മരിക്കാം. അങ്ങനെ ആ മാസങ്ങൾ സഹിക്കാൻ വയ്യാത്ത ദു:ഖത്തിൽ

ഞാൻ തള്ളിനീക്കി.

പ്രസവത്തിനുശേഷം പിന്നെ ആത്മഹത്യയിൽ നിന്ന് പിന്തിരിയാനെന്താണ് കാരണം?

എന്റെ മോനെ കണ്ടപ്പോൾ എനിക്ക് മറ്റൊരു ചിന്തയുണ്ടായി. ഞാൻ മരിച്ചാൽ പിന്നെ എന്റെ കുഞ്ഞിനാരുണ്ട്? അവന് അവന്റെ അപ്പനെ കാണാൻ ഭാഗ്യമില്ല. അവന്റെ അമ്മയും പോയാലോ? അതുകൊണ്ട് ഞാനുറച്ചു, എന്റെ മോനുവേണ്ടി ഞാൻ ജീവിക്കണമെന്ന്; അവനെ പോറ്റി വളർത്തണമെന്ന്.

യേശുവിനെ ജീവിതത്തിൽ കണ്ടുമുട്ടിയതെങ്ങനെയാണ്?

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗത്തിൽ എന്റെ ഭർത്താവിന്റെ അപ്പനും അമ്മയും പോകുന്നുണ്ടായിരുന്നു. എന്റെ അമ്മായപ്പൻ ക്രിസ്തുവിനെപ്പറ്റിയും ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റിയും എല്ലാം പറയാറുണ്ടായിരുന്നു. എന്നാൽ എനിക്ക് യോഗത്തിനു പോകാൻ ഒരു താൽപര്യവും തോന്നിയിരുന്നില്ല.

ഒരു ദിവസം അപ്പന്റെ വാത്സല്യം നിറഞ്ഞ നിർബന്ധം കൊണ്ട് ഞാൻ ആ പ്രാർത്ഥനായോഗത്തിനു പോയി. അവിടെ പോയി ഇരുന്നതു മുതൽ എന്തെന്നില്ലാത്ത ഒരു സമാധാനം എന്റെ ഹൃദയത്തിൽ നിറഞ്ഞു. ഞാനൊരു പുതിയ ലോകത്തിരിക്കുന്നതുപോലെ എനിക്കു തോന്നി. എന്റെ ഉള്ളിലെ ദു:ഖവും മ്ലാനതയുമെല്ലാം എന്റെ ഉള്ളിൽനിന്നിറങ്ങിപ്പോയി. ഞാൻ ആ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചു.

അതിനുശേഷമുള്ള ജീവിതം എങ്ങനെയാണ്?

പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരാശ്വാസം ഇന്ന് ഞാൻ അനുഭവിക്കുന്നു. ഭർത്താവ് മരിച്ചുപോയത് തീരാനഷ്ടമാണ്. നികത്താനാവാത്ത നഷ്ടംതന്നെ. പക്ഷേ ദൈവം ആ മഹാ നഷ്ടത്തെ നന്മയ്ക്കാക്കിത്തീർത്തു. എനിക്ക് നിത്യജീവനെ മുറുകെ പിടിക്കാൻ ഭാഗ്യം ലഭിച്ചു. സ്വർഗ്ഗരാജ്യത്തിന്റെ അവകാശം കർത്താവ് എനിക്ക് തന്നു. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ കർത്താവെനിക്ക് ക്ഷമിച്ചുതന്നു. ഇന്ന് ഞാനൊരു ഭാഗ്യവതിയാണ്. സ്തോത്രം.

സ്ത്രീയേ, നീ കരയുന്നതെന്ത്?

മഗ്ദലനമറിയാം ആ ചോദ്യം കേട്ടു. അവൾ യേശുവിനെ തിരിച്ചറിഞ്ഞില്ല. കണ്ണുനീരു തുടയ്ക്കാനും കരച്ചിലകറ്റാനുംവരുന്ന ക്രിസ്തുവിനെ പലരും തിരിച്ചറിയുന്നില്ല. അവൾ പറഞ്ഞു. “യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയെങ്കിൽ, അവനെ എവിടെ വെച്ചു എന്ന് പറഞ്ഞു തരിക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം.”

യേശു അവളോട് “മറിയയേ” എന്നു പറഞ്ഞു. എന്തൊരത്ഭുതം! അവൾ യേശുവിനെ തിരിച്ചറിഞ്ഞു. അവളുടെ കരച്ചിൽ മാറി. അവളുടെ ദു:ഖം പോയി. യേശു മരിച്ചിട്ടില്ല. യേശു ജീവിക്കുന്നു. ഭാഗ്യം! അവൾ “റബ്ബുനി” – “ഗുരോ” എന്നു വിളിച്ചുകൊണ്ട് കാല്ക്കൽ വീണു.

യേശു താൻ ജീവിച്ചിരിക്കുന്ന സത്യം തന്റെ ശിഷ്യന്മാരെ അറിയിപ്പാൻ മഗ്ദലനമറിയാമിനെ ഭരമേല്പിച്ചു. അങ്ങനെ ചരിത്രത്തിലെ ഒന്നാമത്തെ സുവിശേഷകയായി മാറി മഗ്ദലനമറിയാം.

സ്നേഹിതാ, യേശു കരച്ചിൽ മാറ്റുന്നത് നീ അവന്റെ സുവിശേഷം അറിയിക്കാനാണ്. യേശു ജീവിച്ചിരിക്കുന്നു

എന്ന സദ്വർത്തമാനം അറിയിക്കുവാനുള്ള വലിയ ചുമതല യാണ് ക്രിസ്തു നിന്നെ ഏല്പിക്കുന്നത്. ദു:ഖിതരായി, വിഷാ ദവിവശരായി, നിരാശ തിങ്ങി ഇരുന്ന ശിഷ്യന്മാരുടെ അടു ക്കൽ മഗ്ദലനമറിയാം ഓടിച്ചെന്നു. യേശു ജീവനോടുകൂടി യിരിക്കുന്നു എന്നും അവൾ യേശുവിനെ കണ്ടു എന്നും മഗ്ദലനമറിയാം ശിഷ്യന്മാരെ അറിയിച്ചു.

ഇന്നും കർത്താവ് കല്പിക്കുന്നത് “കരയേണ്ട” എന്നാ ണ്. ലൂക്കോസ് 7:13. മനുഷ്യന്റെ നിത്യമായ കരച്ചിലകറ്റാ നാണ് ക്രിസ്തു ക്രൂശിൽ കിടന്നു കരഞ്ഞത്. എന്റെ ദൈവ മേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് എന്ന കര ച്ചിൽ കൂരിരുട്ടിന്റെ മദ്ധ്യത്തിൽ ലോകമെങ്ങും മുഴങ്ങി. സ്നേഹിതാ, യേശുവിന്റെ കരച്ചിൽ നിന്റെ ഹൃദയത്തിൽ മാറ്റൊലിക്കൊണ്ടാൽ നിന്റെ നിത്യദണ്ഡനത്തിന്റെ കരച്ചിൽ മാറും. നിത്യശാന്തിയും സമാധാനവും നിനക്ക് ലഭിക്കും.

മാന്യ സഹോദരാ, പ്രിയ സഹോദരീ, നിന്റെ ആശകളും ആശങ്കകളും ക്രിസ്തുവിന്റെ സന്നിധിയിലേക്ക് കൊണ്ടുവ രുമോ? നിന്റെ കയ്പുകളും വേദനകളും ക്രിസ്തുവിന്റെ പാദത്തിൽ നീ താഴ്ത്തി വെക്കുമോ? നിന്റെ കണ്ണുനീർ തുരുത്തിയിൽ ആക്കിവെയ്ക്കുന്ന ക്രിസ്തുവിനെ ഹൃദയ ത്തിലേക്ക് നീ എതിരേല്ക്കുക. അവന്റെ ആണിപ്പാടുള്ള കരങ്ങൾ നിന്റെ കണ്ണുനീർ തുടയ്ക്കാൻ നീ അപേക്ഷിക്കു ക. എങ്കിൽ ക്രിസ്തുവിനോട് ഒരു വാക്ക് ഇപ്പോൾ നീ പറ യുക. യേശുവേ നീ എന്റെ കണ്ണുനീര് ഇഹത്തിലും പര ത്തിലും അകറ്റാൻ എനിക്കുവേണ്ടി ക്രൂശിൽ യാതനയേറ്റതി നാൽ നിന്നെ ആശ്വസിപ്പിക്കാൻ ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം നയിക്കും. തീരു മാനിക്കുക. പ്രാർത്ഥിക്കുക. യേശുവേ ഇന്നു മുതൽ ഞാനൊരു പുതിയ ജീവിതം നയിക്കും. നമുക്ക് പ്രാർത്ഥി

ക്കാം.

യേശുവേ, അരുമനാഥാ, നീ എന്നെ സ്നേഹിക്കുന്നതിനാൽ നിനക്കു സ്തോത്രം. എന്റെ കഴിഞ്ഞകാല പാപങ്ങളോർത്ത് നീ കരഞ്ഞതിനാൽ നിനക്കു സ്തോത്രം. എന്റെ നിത്യമായ കരച്ചിൽ മാറ്റാൻ നീ ക്രൂശിൽ മരിച്ചതിനാൽ സ്തോത്രം. എന്നെ പുതുക്കണമേ. എന്നെ രൂപാന്തരപ്പെടുത്തണമേ. യേശുവിൻ നാമത്തിൽ തന്നേ.

## എട്ട്

"മാറായിലെ വെള്ളം മധുരമായിത്തീർന്നു."
പുറപ്പാട് 15:25.

അറുനൂറായിരം വരുന്ന യിസ്രായേൽ ജനം മരുഭൂമിയിൽകൂടി യാത്ര ചെയ്യുകയാണ്. അവർ മിസ്രയീമിലെ ഫറവോന്റെ അടിമത്തത്തിൽനിന്ന് മോചനം പ്രാപിച്ച് കനാനെ ലാക്കാക്കി പ്രയാണം ചെയ്യുകയാണ്. ചുട്ടുപഴുത്ത മണലാരണ്യത്തിൽക്കൂടെയാണ് യാത്ര. തീക്കനൽ കോരിയിടുന്നതുപോലെ ശരീരത്തിലേല്ക്കുന്ന മണൽത്തരികൾ.

കഠിന യാതനയുടെ നാളുകളാണവർക്ക്. ഈ കൊടിയ വെയിലിൽ ഒന്നു തണലിളയ്ക്കാൻ വല്ല മരങ്ങളുമുണ്ടായിരുന്നെങ്കിൽ! ഇല്ല. നോക്കിയാൽ നോക്കെത്താത്ത ദൂരത്തോളം പരന്ന് കിടക്കുന്ന മണലാരണ്യം. ഒരു ചെറിയ കുറ്റിച്ചെടിപോലുമില്ലാത്ത മണൽക്കാട്.

അവർ ദാഹിച്ചു വലഞ്ഞു. തൊണ്ട വരളുന്നു. നാവിറങ്ങിപ്പോകുന്നു. ക്ഷീണിച്ച് വാടിത്തളരുന്നു. എല്ലാവരും അവ

ശരാണ്.

മാന്യസ്നേഹിതാ, താങ്കളുടെ ജീവിതം ഈ മരുഭൂമി യാത്രയ്ക്കു തുല്യമാണോ? ജീവിത യാതനകളേറ്റ് താങ്കൾ വാടിത്തളരുകയാണോ? ശത്രുവായ ഫറവോന്റെ അടിമവേല യിൽനിന്ന് മോചനം പ്രാപിച്ചെങ്കിലും കനാനിലേക്കുള്ള ഈ യാത്രയിൽ ആശ്വാസമില്ലാതെ താങ്കൾ മനമുരുകിക്കഴിയുക യാണോ? ആകുലങ്ങളും ആവലാതികളും താങ്കളെ ഇന്ന് വലയം ചെയ്തിരിക്കയാണോ?

ആറു ലക്ഷം വരുന്ന ജനം മൂന്നു ദിവസമായി വെള്ളം കിട്ടാതെ സഞ്ചരിക്കുകയാണ്. മുന്നോട്ട് ഒരടിപോലും വെയ്ക്കാൻ സാദ്ധ്യമല്ലാതെ വലയുകയാണ്. ഈ മരുപ്പറ മ്പിൽ ദാഹിച്ചു വലഞ്ഞ് ചത്തുവീഴുമോ? അവർ പരിഭ്രാന്ത രാണ്.

അപ്പോഴിതാ, അങ്ങ് അകലെ വെള്ളം ഓളം വെട്ടുന്നു! അവർക്കുണ്ടായ ആനന്ദത്തിനതിരുണ്ടോ? പാവങ്ങൾ! അവ രിതാ ആർത്തിപൂണ്ട് വെള്ളത്തിന്നരികത്തേയ്ക്ക് പായുന്നു. ആശിച്ച്, കൊതിച്ച്, മോഹിച്ചു കിട്ടിയ മഹാഭാഗ്യം! ഉള്ളം കുളുർത്തുകൊണ്ട് അവർ ആ വെള്ളത്തിനരികത്തെത്തി. കൈക്കുമ്പിളിൽ വെള്ളമെടുത്ത് ആർത്തിയോടെ കുടിച്ചു.

അയ്യോ, കഷ്ടം! കുടിക്കുന്നവർ, കുടിക്കുന്നവർ അതു തുപ്പിക്കളയുകയാണ്. ചിലർ ഛർദിക്കുകയാണ്. എന്താണ് പറ്റിയത്? ആറ്റുനോറ്റ് കിട്ടിയ വെള്ളം കൈപ്പുള്ളതായിരുന്നു. അത് അവർക്ക് കുടിക്കാൻ കഴിഞ്ഞില്ല.

മാന്യ യുവാവേ, ആറ്റുനോറ്റു കിട്ടിയ വിവാഹം ഇന്ന് കൈപ്പുറ്റതായിരിക്കുന്നുവോ? താങ്കളുടെ ഭാര്യ അന്യ പുരു ഷനുമായി ബന്ധപ്പെട്ട് താങ്കൾക്ക് താങ്ങാനാവാത്ത മനോ

വേദന നൽകികൊണ്ടിരിക്കുകയാണോ? ആശിച്ച്, മോഹിച്ച് കഴിഞ്ഞ വിവാഹം ഇന്ന് നൈരാശ്യത്തിലും കൊടിയ വേദനയിലും എത്തിനില്ക്കുകയാണോ?

പ്രിയ സഹോദരീ, നിന്റെ ജീവിതത്തിൽ വലിയ പ്രതീക്ഷയോടെയാണ് നീ ആ വിവാഹം കഴിച്ചത്. ഇന്ന് നീ നിരാശയിലും ഭാരത്തിലുമാണോ? നിന്റെ ഭർത്താവ് മദ്യത്തിന്റെ അടിമയായി കുടുംബം മുടിക്കുകയും നിന്നെ നിരന്തരം ഉപദ്രവിക്കുകയുമാണോ? പ്രിയപ്പെട്ടവളേ, നീ ഇന്ന് നിന്റെ ഭർത്താവിനെ പിരിഞ്ഞ് മാറിതാമസിക്കുകയാണോ?

പഠിച്ചു, പരീക്ഷ പാസ്സായി. നല്ല മാർക്ക് കിട്ടി. വളരെ മാന്യമായ ഒരു ഉദ്യോഗം ലഭിച്ചു. പക്ഷേ നിനച്ചിരിക്കാതെ ഒരു രോഗം! മാറാരോഗം. ആ തീരാവ്യാധിയോടെ മരണത്തിന്റെ നിമിഷം എണ്ണിയെണ്ണി കഴിക്കുന്നു. മാറായിലെ കൈയ്പ്പുവെള്ളം.

ഒരു നല്ല ബിസിനസ്സായിരുന്നു. നല്ല വളർച്ചയായിരുന്നു. പെട്ടന്നാണത് സംഭവിച്ചത്. ബിസിനസ്സ് തകർന്നു. കടമായി. പലിശ കൊടുത്തു മുടിഞ്ഞു. ഇനിയിപ്പോൾ പൈസ കൊടുക്കാൻ മാർഗ്ഗമില്ല. എന്തു ചെയ്യും? മാറായിലെ കൈയ്പ്പുവെള്ളം.

ഭാര്യ അല്ലെങ്കിൽ ഭർത്താവ് അകാല മരണം പ്രാപിക്കുന്നു. ഇണയാളിയുടെ വിയോഗത്തിൽ കൈയ്പ്പോടെ കരയുന്നു. തീർത്താൽ തീരാത്ത ദു:ഖം മാറായിലെ കൈയ്പ്പുവെള്ളം.

വളരെ നാളത്തെ കാത്തിരിപ്പിനും പ്രാർത്ഥനയ്ക്കും ശേഷം ലഭിച്ച ഒരു കുഞ്ഞ്. കൈ വളരുന്നോ, കാൽ വളരുന്നോ എന്ന് നോക്കി ഓമനിച്ചു വളർത്തിക്കൊണ്ടു വരിക

യാണ്. പക്ഷെ പെട്ടെന്നിതാ ഒരു കൈ സ്വാധീനമില്ലാതായി. പിന്നെ ഒരു ദിവസം ആ വശത്തെ കാലും തളർന്നു. ഇന്നിതാ തന്നത്താൻ ഒന്നും ചെയ്യാനാകാതെ തളർന്നു കിട ക്കുന്നു. മാറായിലെ കൈയ്പ്പുവെള്ളം.

ആ വെള്ളം അവർക്കു കുടിക്കാൻ കഴിഞ്ഞില്ല. തങ്ങൾ എന്തു കുടിക്കും എന്ന് പറഞ്ഞ് ജനം പിറുപിറുത്തു. ഞങ്ങളെ എന്തിന് ഈജിപ്റ്റിൽനിന്ന് പുറപ്പെടുവിച്ചു എന്നു പറഞ്ഞ് മോശെയുടെ നേരെ അവർ നീരസപ്പെട്ടു. കടുത്ത പരിഭവ ത്തോടെ അവർ പിറുപിറുത്തു.

അനേകരിന്ന് സാഹചര്യങ്ങളെ പഴിക്കുകയാണ്. സ്വയം സഹതപിക്കുകയും മറ്റുള്ളവരുടെ നേരെ പിറുപിറുക്കുകയും ചെയ്യുകയാണ്. നിരാശയും വിഷാദവും മൂലം സ്വന്തം വീട്ടിൽതന്നെ മറ്റുള്ളവരോട് ക്രുദ്ധിക്കുകയും പരിഭവിക്കു കയും പിറുപിറുക്കുകയും ചെയ്യുകയാണ്.

തന്റെ നേരെയുള്ള പിറുപിറുപ്പ് മോശെ കേട്ടു. മോശെ അവരോട് ഒന്നും പറഞ്ഞില്ല. പക്ഷെ ദൈവത്തോട് പറ ഞ്ഞു. പ്രശ്നം നിത്യനായ ദൈവത്തിന്റെ സന്നിധി യിലുണർത്തിച്ചു. ദൈവസന്നിധിൽ ഉള്ളു പകർന്നു. ദൈവ ത്തോട്, സർവ്വശക്തനോട് യാചിച്ചു.

ദൈവം മോശെയ്ക്ക് ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അത് വെട്ടി. അവൻ അത് വെള്ളത്തിൽ ഇട്ടു. കൈപ്പുള്ള വെള്ളത്തിലേക്ക് ഇതാ ആ വൃക്ഷം ഇടുന്നു. മോശെ പറഞ്ഞു. "ഇനി നിങ്ങൾ ഈ വെള്ളം കുടിച്ചു കൊൾവിൻ."

ജനം കുടിച്ചു ഹാ! എന്തു മധുരം! ഈ വെള്ളത്തിന്റെ കൈയ്പ്പെല്ലാം എവിടെപ്പോയി. കുടിച്ചിട്ടും കുടിച്ചിട്ടും മതി

വരുന്നില്ല. അവർ വീണ്ടും വീണ്ടും കുടിച്ചു. ഈ ചുട്ടുപഴുത്ത മണലാരണ്യത്തിൽ മധുര ജലം.

ദൈവപൈതലേ, നിന്റെ ജീവിതത്തിലെ കൈയ്പ്പ് മാറും. നിന്റെ യാതനകൾ തീരും. നിന്റെ കണ്ണീര് തോരും. നിന്റെ ആകുലങ്ങൾ അകലും. മാറാ മധുരമാകും. കാരണം സർവ്വ കൃപാലുവായ ദൈവം ജീവിക്കുന്നു.

ആ മരം വെട്ടി വെള്ളത്തിലിട്ടു. ആ മരം വെള്ളത്തിന്റെ കൈയ്പ്പെല്ലാം വലിച്ചെടുത്തു. വെള്ളത്തിൽ ആസകലം അലിഞ്ഞും ലയിച്ചും കിടന്ന കൈയ്പ്പെല്ലാം മരം തന്നിലേക്ക് ഏറ്റുവാങ്ങി.

മാത്രമല്ല, ആ മരത്തിന്റെ സ്വാഭാവിക പ്രകൃതിയായ മധുരം വെള്ളത്തിലേക്ക് പകർന്നു. വെള്ളത്തിന്റെ ദൂഷ്യമെല്ലാം മരം വലിച്ചെടുത്തു. മരത്തിന്റെ ഗുണമെല്ലാം വെള്ളത്തിലേക്ക് പകർന്നു.

ആ മരം എവിടെയായിരുന്നു? മാറായിലെ കൈയ്പ്പുവെള്ളത്തിന് തൊട്ടരികത്തുതന്നെ. ഒട്ടും ദൂരെപ്പോകേണ്ടി വന്നില്ല. അടുത്തുതന്നെ നില്പുണ്ടായിരുന്നു ആ മരം. ആ മരത്തിന് ഈ അത്ഭുതശക്തി ഉണ്ടെന്ന് ആരും അറിഞ്ഞിരുന്നില്ല. ദൈവം കാണിച്ചു കൊടുത്തു.

സ്നേഹിതാ, നിന്റെ കയ്പ്പുറ്റ ജീവിതത്തിന്റെ തൊട്ടരികെ ഇതാ ഈ മരം നിൽക്കുന്നു. നിനക്കുവേണ്ടി ഈ മരം വെട്ടപ്പെട്ടിരിക്കുന്നു. അതിൽ നിന്ന് മരച്ചാറ് ഇതാ കൈയ്പ്പുള്ള വെള്ളത്തിലേക്ക് ഇറങ്ങുന്നു. നിന്റെ കൈയ്പ്പെല്ലാം ഈ മരം വലിച്ചെടുക്കുന്നു.

ഈ വെട്ടപ്പെട്ട മരം ഏതാണ്? നിന്റെ കയ്പ്പെല്ലാം ഏറ്റെടുക്കാൻ മതിയായ ഈ മരം ഏതാണ്? ഇതാ, ഇപ്പോൾ

പ്രിയനെ, നിന്റെ അരികത്ത് നിൽക്കുന്ന നസറായനായ യേശു! അവൻ മുറിക്കപ്പെട്ടിരിക്കുന്നു. അവന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടിരിക്കുന്നു. ചോര ചീറിത്തെറിക്കുന്നു.

അവന്റെ ചങ്കിൽ കുന്തംകൊണ്ട് കുത്തിയിരിക്കുന്നു. ചോരയും നീരും പൊട്ടിപുറപ്പെടുന്നു. അവന്റെ ശിരസ്സിൽ മുൾമുടിവെച്ചിരിക്കുന്നു. ശിരസ്സിൽ മുൾമുടിവെച്ച് കോൽകൊണ്ടടിച്ചപ്പോൾ മുള്ള് ശിരസ്സും നെറ്റിയും തുളച്ച് കണ്ണിൽവരെ എത്തുന്നു. ചോര കണ്ണിലൂടെ ഇറ്റിറ്റുവീഴുന്നു. ചാട്ടവാർകൊണ്ടടിച്ചപ്പോൾ ചാട്ടവാറിൽ കൊരുത്തിരുന്ന ചൂണ്ടൽ കൊളുത്തുപോലുള്ള ആണികൾ ശരീരത്തിലുള്ള മാംസവുംകൂടി പിച്ചിച്ചീന്തികൊണ്ട് പറിഞ്ഞുപോന്നതിനാൽ യേശുവിന്റെ ശരീരമാകെ ഉഴവുചാലുകൾപോലെ കീറിപ്പറിഞ്ഞിരിക്കുന്നു.

മാന്യ യുവാവേ, പ്രിയ സഹോദരീ, നീ സൂക്ഷിച്ചുനോക്കിയോ? കയ്പ്പിന്റെ വിഷമെല്ലാം വലിച്ചെടുത്തതുകൊണ്ട് ഈ മരം ഇപ്പോൾ കറുത്ത് വിരൂപമായി കാണപ്പെടുന്നു! യേശുവിനെ ക്രൂശിൽ കിടക്കുന്നതായി, യേശു ജനിക്കുന്നതിന് എഴുന്നൂറ്റമ്പത് കൊല്ലം മുമ്പ് കണ്ടുകൊണ്ട് യെശയ്യാ പ്രവാചകൻ പ്രവചിച്ചു:

“അവനു രൂപഗുണമില്ല : കോമളത്വമില്ല : കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖംമറച്ചു കളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. ”

സ്നേഹിതാ, നിന്റെ പാപത്തിന്റെ വിഷം അവൻ ഏറ്റെടുത്തു. നിന്റെ ശാപങ്ങൾ അവൻ ഏറ്റെടുത്തു. നിന്റെ മേൽ

വരേണ്ട ശിക്ഷയെല്ലാം അവൻ ഏറ്റെടുത്തു.

ഈ വെട്ടപ്പെട്ട മരം നിന്റെ ജീവിതത്തിലേക്കിടുവാൻ നിനക്ക് ആഗ്രഹമുണ്ടോ? ഈ യേശുവിനെ നിന്റെ ഉള്ളിലേക്ക് സ്വീകരിക്കാൻ നിനക്ക് കൊതിയുണ്ടോ? എങ്കിൽ, നീ ഉള്ളുതുറന്നു പറയൂ:

"യേശുവേ, നീ എനിക്ക് വേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കുവേണ്ടി ജീവിക്കും."

നമുക്ക് പ്രാർത്ഥിക്കാം :

കരുണയുള്ള യേശുവേ, പരമ കാരുണ്യവാനായ നാഥാ, നീ എന്നെ ഇന്നു കേൾപ്പിച്ച വചനങ്ങൾക്കായി സ്തോത്രം. മാറായെ മധുരമാക്കുന്നതിനാൽ സ്തോത്രം. പുതിയ ഭാഗ്യാനുഭവം തരുന്നതിനാൽ സ്തോത്രം. ഈ വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കേണമേ.

യേശുവിന്റെ നാമത്തിൽ തന്നെ.

# ഒമ്പത്

"നൊവൊമി എന്നല്ല മാറാ എന്ന് എന്നെ വിളിപ്പിൻ." രൂത്ത് 1 : 20

കയ്പേറിയ ജീവിതാനുഭവങ്ങളിൽ തകർന്ന ഒരു സ്ത്രീയാണ് രൂത്തിന്റെ പുസ്തകത്തിലെ നൊവൊമി. അവൾ ഒരു വിധവയാണ്. ബേത്‌ലഹേമിൽ കഴിഞ്ഞ കാലം നിറവിന്റെ കാലമായിരുന്നു. അന്ന് ആരോഗ്യവും ഐശ്വര്യവും സ്നേഹവും നിറഞ്ഞ ഭർത്താവുണ്ടായിരുന്നു - എലീമേലെക്ക്. നല്ല ചുറുചുറുക്കും ഊർജ്ജസ്വലതയും തികഞ്ഞ രണ്ട് ആൺമക്കളുണ്ടായിരുന്നു - മഹ്ലോനും, കില്ല്യോനും.

മോവാബിലെത്തിയതോടെ എല്ലാം തകിടം മറിഞ്ഞു. ആൺമക്കൾ രണ്ടു മോവാബ്യ യുവതികളെ വിവാഹം കഴിച്ചു - രൂത്തും ഒർപ്പായും. ഒന്നിനുമേൽ ഒന്നായി ആപത്ത് വന്നു ആ ഭവനത്തിൽ. എലീമേലെക്ക് മരിച്ചു, മഹ്ലോൻ മരിച്ചു, കില്ല്യോനും മരിച്ചു. പുരുഷന്മാർ മൂന്നുപേരും മരിച്ചു.

മൂന്ന് വിധവകൾ. മുഖത്തോടു മുഖം നോക്കിയിരുന്ന് കരയാൻ മൂന്നു വിധവകൾ.

യൗവനക്കാരികളായ മരുമക്കൾ രണ്ടുപേരേയും നൊവൊമി അടുത്തിരുത്തി പറഞ്ഞു.

"മക്കളേ, ഞാൻ ബേത്‌ലഹേമിലേക്ക് മടങ്ങിപ്പോകയാണ്. എന്റെ ഭാവിയെല്ലാം തകർന്നല്ലോ. ഇനി എനിക്കൊരു ഭാഗ്യകാലം ഉണ്ടാകാൻ പോകുന്നില്ല. എന്റെ ജീവിതമുണ്ടോ ഇനി നാമ്പെടുക്കുന്നു? നിങ്ങൾ അങ്ങനെയല്ലല്ലോ. നിങ്ങൾക്ക് പ്രായം കുറവല്ലേ? നിങ്ങൾ വിവാഹം കഴിച്ച് ഇവിടെ താമസിച്ചു കൊള്ളൂ."

ഒർപ്പാ അമ്മായിയമ്മയെ ചുംബിച്ചു പിരിഞ്ഞു. രൂത്ത് അമ്മായിഅമ്മയോട് പറ്റി നിന്നു. അങ്ങനെ രണ്ടു വിധവകൾ ബേത്‌ലഹേമിലേക്ക് വരികയാണ്.

അവിടത്തെ സ്ത്രീകൾ പറഞ്ഞു : "ഇത് ആര്? ഇത് നൊവൊമിയല്ലേ?"

നൊവൊമി പറഞ്ഞു :"നൊവൊമി എന്നല്ല, മാറാ എന്ന് എന്നെ വിളിപ്പിൻ, സർവ്വശക്തൻ എന്നോട് ഏറ്റവും കയ്പ്പായുള്ളതു പ്രവർത്തിച്ചിരിക്കുന്നു. നിറഞ്ഞവളായി ഞാൻ പോയി, ഒഴിഞ്ഞവളായി യഹോവ എന്നെ മടക്കി വരുത്തിയിരിക്കുന്നു."

നൊവൊമി എന്ന വാക്കിന് pleasant – പ്രസന്നവതി എന്നാണർത്ഥം. മാറാ എന്ന വാക്കിന് bitterness – കയ്പ് എന്നുമാണർത്ഥം. നിറവിന്റെ കാലം എനിക്കുണ്ടായിരുന്നു. അതെല്ലാം പഴയ കഥ. അതെല്ലാം ഓർമ്മകൾ മാത്രം. ഭർത്താവും നല്ല കരുത്തന്മാരായ രണ്ട് ആൺമക്കളും ഒരുമിച്ചു ഐശ്വര്യമായി കഴിഞ്ഞകാലം. നല്ല നിറവിന്റെ കാലം.

ഇന്നോ എല്ലാം നഷ്ടപ്പെട്ടു. കയ്പ്പേറിയ ജീവിതം! ഓർക്കു ന്തോറും ഏങ്ങലടിക്കാനും നെടുവീർപ്പിടാനും മാത്രമായ ജീവിതം. “നിങ്ങൾ എന്നെ സന്തോഷവതി എന്നു വിളിക്ക രുതേ, എന്നെ കയ്പ് എന്നു വിളിക്കൂ.” “Don't call me pleasant , but call me bitterness.”

ഇത്രമാത്രം നിരാശ മുറ്റിയ നൊവൊമിയെക്കുറിച്ച് അതേ സ്ത്രീകൾ തന്നെ പിൽക്കാലത്ത് പറയുന്നതു കേൾക്കൂ :

> “ഇന്ന് നിനക്ക് ഒരു വീണ്ടെടുപ്പുകാരനെ നൽകിയിരിക്കകൊണ്ട് യഹോവ വാഴ്ത്തപ്പെട്ടവൻ. അവന്റെ പേര് യിസ്രായേലിൽ വിശ്രുതമായിരി ക്കട്ടെ. അവൻ നിനക്ക് ആശ്വാസപ്രദനും നിന്റെ വാർദ്ധക്യത്തിൽ പോഷകനും ആയിരിക്കും.”
>
> രൂത്ത് 4 : 14

അതേ, ഒരു വീണ്ടെടുപ്പുകാരനെ ലഭിച്ചു. നൊവൊമിക്ക് സമാധാനം കൈവന്നു. വിലാപത്തിന്റെ ഭവനം സന്തോഷ ത്തിന്റെ ഭവനമായി മാറി. ഉറങ്ങിപ്പോയ വീട് വീണ്ടും ആർപ്പും സന്തോഷവും കൊണ്ട് നിറഞ്ഞു. കാരണം ഒരു വീണ്ടെടുപ്പുകാരനെ ലഭിച്ചു.

ഇനിയും നല്ല നാളെകൾ ലഭിക്കണമെന്നാഗ്രഹിക്കുന്ന മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, നിനക്ക് സന്തോ ഷവും ആഹ്ലാദവും അലതല്ലുന്ന ഒരു ജീവിതം ഇതാ ക്രിസ്തു വാഗ്ദാനം ചെയ്യുന്നു. നിന്റെ ജീവിതത്തിലേക്ക് ഒരു വീണ്ടെ ടുപ്പുകാരൻ വരട്ടെ.

> “വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന

വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വില യേറിയ രക്തംകൊണ്ടത്രേ.” പത്രോസ് 1 : 18

ഒരു നല്ല കഥ കേട്ടിട്ടുണ്ട്. ഒരു മിടുക്കനായ കുട്ടി. നല്ല കരകൗശല വിദഗ്ധനായ ബാലൻ. അവൻ ഒരു കളിവഞ്ചി യുണ്ടാക്കി. നല്ല ഭംഗിയുള്ള കളിവഞ്ചി. നല്ല ശില്പസൗകു മാര്യമുള്ള കളിവള്ളം. എത്രനാൾ കൊണ്ടാണ് അവൻ അതു ണ്ടാക്കിയത്! എന്തു കഷ്ടപ്പെട്ടു! എത്ര ഉറക്കമിളച്ചു!

ഒരു ദിവസം അവൻ അവന്റെ കൂട്ടുക്കാരുമൊത്ത് ഈ വള്ളവുമായി പുറപ്പെട്ടു. ഒരു ചെറിയ ആറ്. അതിൽ വള്ളം ഇട്ടു. ഒരു ചരട് വള്ളത്തിൽ ബന്ധിച്ച് അതിന്റെ അറ്റം കൈയിൽ പിടിച്ചു. വെള്ളത്തിൽ വള്ളം ഒഴുകിപ്പോകുമ്പോഴും അവന്റെ കൈയിലാണ് നിയന്ത്രണം. കുട്ടികൾ ആർത്തു വിളിച്ച് അവന്റെ കൂടെയുണ്ട്. അവർ അരികത്തു കൂടെ നീങ്ങുകയാണ്.

എപ്പോഴോ ഒരു ചുഴിയിൽപെട്ടു വള്ളം. ആഞ്ഞുപിടിച്ച താണ്. പക്ഷേ ചരട് പൊട്ടിപോയി. അയ്യോ, കഷ്ടം! വള്ള മിതാ വേഗം താഴോട്ട് ഒഴുകുന്നു. കരയ്ക്കുനിന്ന് ആ ബാലൻ ഏങ്ങലടിച്ചു കരഞ്ഞു. വീട്ടിൽ വന്നിട്ടും കരച്ചിലടങ്ങിയില്ല. അമ്മയും അപ്പനുമെല്ലാം എന്തെല്ലാം പറഞ്ഞിട്ടും അവന്റെ കരച്ചിലടങ്ങിയില്ല.

അങ്ങനെയിരിക്കെ, ഒരുദിവസം അവന്റെ അപ്പന്റെ കൂടെ സിറ്റിയിൽ അവനും പോയി. ഒരു കടയിൽ ചെന്നപ്പോൾ അവൻ ഓടിവന്ന് അപ്പന്റെ കയ്യിൽ പിടിച്ച് അപ്പനെ വിളി ച്ചുകൊണ്ടുപോയി കാണിച്ചു. അവിടെ ഷോക്കേയ്സിൽ ഒരു വള്ളം ഇരിക്കുന്നു. അവൻ പറഞ്ഞു : “ അപ്പാ, അത് എന്റെ വള്ളമാണ്. ഞാൻ പണിപ്പെട്ടുണ്ടാക്കിയ വള്ളമാണ്. അതെ

നിക്ക് വേണം."

"മോനെ, നീ ഉണ്ടാക്കിയതാണെങ്കിലും ഇപ്പോൾ അന്യന്റെ കയ്യിലായിപോയില്ലേ?"

"അപ്പാ, എന്തുവിലകൊടുത്തും നമുക്കത് വാങ്ങിക്കണം."

വൻവില കൊടുക്കേണ്ടി വന്നു. കനത്ത വില. അപ്പൻ അത് വാങ്ങി അവന്റെ കയ്യിൽ കൊടുത്തു. ആ ബാലനുണ്ടായ സന്തോഷത്തിനതിരുണ്ടോ? അവൻ ആ വള്ളത്തെ എടുത്ത് ഉമ്മ വച്ചിട്ടു പറഞ്ഞു:

"എന്റെ കൈകൊണ്ട് ഞാൻ തന്നെ ഉണ്ടാക്കി, എന്നാൽ നീ അന്യന്റെ കൈവശമായി പോയി. ഇപ്പോൾ ഞാൻ വലിയ വിലകൊടുത്ത് നിന്നെ വാങ്ങി. ഞാനങ്ങനെ നിന്നെ വീണ്ടും എന്റേതാക്കി."

പ്രിയപ്പെട്ടവരെ, ഇതാണ് വീണ്ടെടുപ്പ്. ക്രിസ്തു ചെയ്തതിതാണ്. പാപംമൂലം ശത്രുവായ സാത്താന്റെ കൈവശമായിപ്പോയ മനുഷ്യനെ ക്രിസ്തു സ്വന്തം രക്തംകൊടുത്ത് വിലയ്ക്കുവാങ്ങി. വീണ്ടെടുപ്പുകാരനെ ലഭിച്ചാൽ കയ്പു മാറും. പാപം പോകും. സ്വഭാവം മാറും. ജീവിതം ശാന്തി കൊണ്ട് നിറയും.

നൊവൊമിക്ക് ഈ വീണ്ടെടുപ്പുകാരനെ ലഭിക്കുന്നതിന് മുഖാന്തരമായിത്തീർന്ന നാലു കാര്യങ്ങളുണ്ട്. അത് രൂത്തിന്റെ പുസ്തകത്തിലെ ഓരോ അദ്ധ്യായത്തിന്റെയും ആകത്തുകയാണ്.

ഒന്ന്, Ruth deciding - രൂത്തിന്റെ തീരുമാനം.

രൂത്ത് 1:16 – “നിന്നെ വിട്ടു പിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോട് പറയരുതേ. നീ പോകുന്നേടത്ത് ഞാനും പോരും. നീ പാർക്കുന്നേടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം.”

ദൈവത്തോടും ദൈവജനത്തോടും ചേരുവാനുള്ള തീരുമാനം. ദൈവത്തോടു ചേരുന്നെങ്കിൽ ദൈവജനത്തോടും ചേർന്നുപോകും. ദൈവത്തോടു ചേരണമെങ്കിൽ പാപം വിട്ടേ പറ്റൂ. കാരണം തിരുവചനം പറയുന്നു.

> “നിങ്ങളുടെ അകൃത്യങ്ങളത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്.” യെശയ്യാ 59 : 1–2

കുറെക്കാലം അമ്മായിഅമ്മയുടെ കൂടെ ജീവിച്ച രൂത്ത് പറയുന്നത്, എനിക്ക് അമ്മയുടെ കൂടെ മരണത്തോളം പാർക്കണമെന്നാണ്. അങ്ങനെയുള്ള മരുമക്കൾ ഉണ്ടായിരുന്നെങ്കിൽ! അങ്ങനെ മരുമകൾ പറയാൻ തക്കവണ്ണമുള്ള സ്വഭാവം അമ്മായിഅമ്മമാർക്കുണ്ടായിരുന്നെങ്കിൽ!

എങ്കിൽ നമ്മുടെ വീടുകൾ കൊച്ചു കൊച്ചു സ്വർഗ്ഗങ്ങളാകുമായിരുന്നില്ലേ?

ഒന്ന്, Ruth deciding.

രണ്ട്, Ruth serving - രൂത്ത് വേല ചെയ്തു. രൂത്ത് 2:3.

“ഭാഗ്യവശാൽ അവൾ ബോവസിനുള്ള വയലിലായിരുന്നു ചെന്നത്.”

ബോവസ് ക്രിസ്തുവിന്റെ നിഴലാണ്. ക്രിസ്തുവിന്റെ

പ്രതീകമാണ്. വീണ്ടെടുപ്പുകാരന്റെ വയലിൽ വേല ചെയ്യുന്നത് എന്തൊരു പദവി. ധനികനും കുലീനനുമായ ബോവസിന്റെ വയലിൽ രൂത്ത് വേല ചെയ്തു. സ്നേഹിതാ, ക്രിസ്തുവിന്റെ വയലിൽ വേല ചെയ്വാൻ ഒരു തീരുമാനമിപ്പോൾ എടുക്കുമോ?

മൂന്ന്, Ruth resting - രൂത്ത് വിശ്രമിച്ചു.

> "അർദ്ധരാത്രിയിൽ അവൻ ഞെട്ടിത്തിരിഞ്ഞു, തന്റെ കാല്ക്കൽ ഒരു സ്ത്രീ കിടക്കുന്നത് കണ്ടു. നീ ആർ എന്ന് അവൻ ചോദിച്ചു. ഞാൻ നിന്റെ ദാസിയായ രൂത്ത്. നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ. നീ വീണ്ടെടുപ്പുകാരനല്ലോ."
>
> രൂത്ത് 3 : 8

അർദ്ധരാത്രിയിൽ ക്രിസ്തുവിന്റെ പാദത്തിൽ; രാത്രിയുടെ യാമങ്ങൾ ക്രിസ്തുവിന്റെ പാവന പാദത്തിൽ; കുളിച്ച്, തൈലം പൂശി, വസ്ത്രം ധരിച്ച് ക്രിസ്തുവിന്റെ സന്നിധിയിൽ.

കർത്താവിന്റെ കരുണയ്ക്കായി കരഞ്ഞുകൊണ്ട് യാചിച്ച് കിടക്കുന്നു. ആത്മാവിന്റെ അഭിഷേകം ലഭിക്കാനുള്ള കാത്തിരിപ്പ്. എലീശയുടെ മേൽ വീണ പുതപ്പ് തന്റെ മേൽ ലഭിക്കാനുള്ള യാചന. പരിശുദ്ധാത്മാവിന്റെ കൃപയും ശക്തിയും ലഭിക്കാനുള്ള കാത്തിരിപ്പ്.

നാല്, Ruth rewarded - രൂത്തിന് പ്രതിഫലം ലഭിച്ചു.

> "ബോവസ് രൂത്തിനെ പരിഗ്രഹിച്ചു. അവൾ അവന് ഭാര്യയായി." രൂത്ത് 4 : 13

ദാസിയായി വയലിൽ പ്രയത്നിച്ചവൾ. ഇന്നിതാ ഭാര്യ

യായി മണവറയിൽ.

"കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലുമുണ്ട്."

യെശയ്യാ 62 : 11, യെശയ്യാ 40 : 10

"ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്."

വെളി. 22:12

സ്നേഹിതാ, നീ ഈ വീണ്ടെടുപ്പുകാരനെ പ്രാപിച്ചുവോ? എങ്കിൽ നീ മാത്രമല്ല, നിന്റെ കുടുംബവും രക്ഷപ്പെടും. നിന്നോടു ചേർന്നു നില്ക്കുന്നവർ രക്ഷപ്പെടും. നിന്റെ തലമുറകൾ അനുഗ്രഹിക്കപ്പെടും.

"യഹോവയുടെ സഭയിൽ പ്രവേശിക്കരുത്" എന്ന് ന്യായപ്രമാണത്തിൽ വിലക്കിയിട്ടുള്ളവരാണ് മോവാബ്യർ. ആവർത്തനം 23:3, നെഹമ്യാവ് 13:1.

ആ രൂത്തിൽ ബോവസിന് ഓബേദ് ജനിച്ചു. ഓബേദിന്റെ മകൻ യിശ്ശായി. യിശ്ശായിയുടെ മകൻ ദാവീദ്. ദാവീദിന്റെ പതിനാലാം തലമുറയിൽ യേശുക്രിസ്തു.

സ്നേഹിതാ, പ്രിയ സഹോദരീ, നീ മൂലം തലമുറകളുടെ ശാപം പോകും. അതിനാഗ്രഹമുണ്ടോ? എങ്കിൽ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കൂ. "നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ വക" - എന്ന് പറയൂ.

നമുക്ക് പ്രാർത്ഥിക്കാം :

കാരുണ്യവാനേ, സ്നേഹവാനേ, കയ്പ് മാറ്റി മധുരം

തരാൻ അവിടുന്ന് ജീവിക്കുന്നതിനാൽ സ്തോത്രം. നൊവൊമിയെയും രൂത്തിനെയും അനുഗ്രഹിച്ചതുപോലെ എന്നെയും അനുഗ്രഹിക്കേണമേ. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു, കേൾക്കണമേ.

## പത്ത്

"സമാധാനത്തിനായി എനിക്ക് അത്യന്തം കയ്പ്പായതു സംഭവിച്ചു." യെശയ്യാ 38 : 17

കയ്പ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോകുന്നവരാണ് മനുഷ്യരധികവും. സോക്രട്ടീസിന്റെ കുടുംബജീവിതം അസമാധാനംകൊണ്ടും സ്വൈരക്കേടുകൊണ്ടും കയ്പ്പുറ്റതായിരുന്നു. പ്രസിദ്ധ നോവലിസ്റ്റായ വിക്റ്റർ യൂഗോ വളരെ ദുരിതപൂരിതമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. ഇംഗ്ലീഷ് സാഹിത്യത്തിലെ മികവുറ്റ കൃതിയായ "Paradise Lost" രചിച്ച ജോൺ മിൽട്ടൺ അന്ധത ബാധിച്ച് കഠിന യാതനയിൽ കഴിഞ്ഞ ആളായിരുന്നു. ദുഃഖവും ദുരിതവും ബാധിച്ച് വലഞ്ഞുപോയ ഒരു സാഹിത്യകാരനാണ് "Pilgrim's Progress" (പരദേശി മോക്ഷയാത്ര) എഴുതിയ ജോൺ ബനിയൻ.

വേദപുസ്തകത്തിലെ മോശ നാല്പതു കൊല്ലം സീനായിമലയുടെ ചെരിവിലൂടെ ആടിനെ മേയ്ച്ചു നടന്നവനാണ്.

ശൗലിന്റെ കുന്തമുനയിൽനിന്ന് അത്ഭുതകരമായി രക്ഷ

പ്പെട്ട ദാവീദ് എന്നും മരണഭീതിയുടെ താഴ്‌വരയിൽ അലഞ്ഞും വലഞ്ഞും കഴിഞ്ഞവനാണ്.

ദുരിതത്തിന്റെയും യാതനയുടെയും ഉപദ്രവത്തിന്റെയും പീഡയുടെയും നടുവിൽ തകരാതെയും തളരാതെയും നിന്ന അത്ഭുത പുരുഷനത്രേ, കർത്താവായ യേശു ക്രിസ്തു.

> "തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കയും ചെയ്തു."
>
> എബ്രായർ 12 : 2

കയ്പുറ്റ അനുഭവത്തിലൂടെ കടന്നുപോയ ഒരു രാജാവാണ് ഹിസ്ക്കീയാ രാജാവ്. വളരെ ഐശ്വര്യപൂർണ്ണമായ ജീവിതം നയിച്ച്, നാടുവാണുകൊണ്ടിരുന്നപ്പോഴാണ് പെട്ടെന്ന് ഒരു മഹാവ്യാധി രാജാവിന് പിടിപെട്ടത് - രോഗം മൂർച്ഛിച്ചു. വൈദ്യന്മാരെല്ലാം കൈവിട്ടു. പ്രതീക്ഷകൾ അറ്റു. രാജാവ് കടന്നുപോകും എന്ന് എല്ലാവരും കരുതി.

അപ്പോഴാണ് ദൈവം തന്റെ പ്രവാചകനായ യെശയ്യാവിനെ രാജകൊട്ടാരത്തിലേക്കയച്ചത്. ദൈവത്തിന്റെ അരുളപ്പാട് യെശയ്യാ പ്രവാചകൻ പറഞ്ഞു.

> "രാജാവേ, നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക; നീ മരിച്ചുപ്പോകും. സൗഖ്യമാകയില്ല."
>
> യെശയ്യാ 38 :1 , 2 രാജാക്കന്മാർ 20 : 1

ഹിസ്ക്കീയാവ് ഏറ്റവും ദു:ഖിതനായി. ഉള്ളൂ തകർന്നുപോയി ഈ ദൈവിക സന്ദേശം കേട്ടപ്പോൾ. നിലയില്ലാക്കയത്തിലകപ്പെട്ട പ്രതീതി. ജീവിതം ഇവിടെ ഇതാ തീരുകയാണല്ലോ. മാറാവ്യാധിയാണല്ലോ പിടിച്ചിരിക്കുന്നത്.

ഹിസ്ക്കീയാവ് ഏങ്ങലടിക്കാൻ തുടങ്ങി. ശരീരം തളർന്നല്ലോ ഇപ്പോൾ ഇതാ മനസ്സും തളർന്നു. ഹിസ്ക്കീയാവ് മുഖം ചുവരിന്റെ നേരെ തിരിച്ചു പ്രാർത്ഥിച്ചു.

> "അയ്യോ, യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്ന് നിനക്ക് പ്രസാദമായുള്ളത് ചെയ്തിരിക്കുന്നുവെന്ന് ഓർക്കേണമേ." യെശയ്യാ 38 : 3

ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനായ ദൈവം ഹിസ്ക്കീയാവിന്റെ നിലവിളികേട്ടു. മനസ്സു തകർന്നവരെ രക്ഷിക്കുന്ന ദൈവം ഹിസ്ക്കീയാവിന്റെ രോഗം മാറ്റികൊടുത്തു. അതു മാത്രമല്ല, ഹിസ്ക്കീയാവിന്റെ ആയുസ്സ് പതിനഞ്ചു സംവത്സരം നീട്ടിക്കൊടുക്കുകയും ചെയ്തു.

യെശയ്യാവ് ദൈവത്തിന്റെ അരുളപ്പാട് വീണ്ടും ഹിസ്ക്കീയാവോട് പറഞ്ഞു :

> "ഞാൻ നിന്റെ പ്രാർത്ഥന കേട്ടു, നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു. ഞാൻ നിന്റെ ആയുസ്സിനോട് പതിനഞ്ചു സംവത്സരം കൂട്ടും. ഞാൻ നിന്നെയും ഈ നഗരത്തെയും അശ്ശൂർ രാജാവിന്റെ കൈയിൽനിന്ന് വിടുവിക്കും. ഈ നഗരത്തെ ഞാൻ കാത്തുരക്ഷിക്കും."
>
> യെശയ്യാ 38 : 5 – 6

ദൈവമപൈതലേ, നീ ഇത് കേട്ടില്ലയോ? ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്. ആർക്കാണ് ദൈവം സമീപസ്ഥനായിരിക്കുന്നത്?

> ഒന്ന്, "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ." സങ്കീ. 34 : 18

രണ്ട്, "സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്ഥൻ," സങ്കീ. 145 : 18

മൂന്ന്, "അരിഷ്ടനും മനസ്സ് തകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാവ് 66 : 2

ഹിസ്ക്കീയാവിനെപ്പോലെ നീ അരിഷ്ടതയോടെ കരയുകയാണോ? ഉള്ളുരുകി നീ വലയുകയാണോ? കരകാണാക്കടലിൽ നീ ഉഴലുകയാണോ? ആയുസ്സിന്റെ മദ്ധ്യത്തിൽ ഈ ഭൂമിയിൽനിന്ന് മാറ്റപ്പെടും എന്നറിഞ്ഞ് നിന്റെ ജീവിതം ആശയറ്റിരിക്കയാണോ?

ദൈവപൈതലേ, പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നു. തീരെ ചെറുപ്രായത്തിൽ ഞാൻ കാണാതെ പഠിച്ച ഒരു വേദവാക്യമുണ്ട്.

"Call upon Me in the day of your trouble; I will deliver thee and thou shalt glorify My name."

സങ്കീർത്തനം 50 : 15

"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും."

മാന്യ സ്നേഹിതാ, ജീവനുള്ള ദൈവത്തെ നീ ഒന്നുവിളിച്ചപേക്ഷിക്കുമോ? മടുത്തുപോകാതെ പ്രാർത്ഥിക്കുമോ?

"സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്ക് ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസന്മാരുടെ കണ്ണ് യജമാനന്റെ കൈയിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കൈയിലേക്കും എന്നപോലെ, ഞങ്ങളുടെ കണ്ണ് ഞങ്ങ

ളുടെ ദൈവമായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോട് കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു." സങ്കീ. 123 : 1 – 2

മഹാവ്യാധി പിടിച്ച്, അതുമാറി സുഖമായശേഷം, ഹിസ്ക്കിയാവ് എഴുതി ഒരു സ്തോത്ര കീർത്തനം. ആ ധ്യാനത്തിൽ പറയുന്ന ഒരു വാക്യമാണ് നമ്മുടെ ചിന്താവിഷയം:

"സമാധാനത്തിനായി എനിക്ക് അത്യന്തം കയ്പ്പായതു സംഭവിച്ചു." യെശ. 38 : 17

ഈ കയ്പ്പേറിയ തീരാരോഗം വന്നതുകൊണ്ട് തനിക്കു ലഭിച്ച ചില പ്രയോജനങ്ങൾ ഈ ധ്യാനത്തിൽ ഹിസ്ക്കീയാവ് പറയുന്നുണ്ട്.

ഒന്നാമതായി, ഈ കയ്പ്പുനിറഞ്ഞ മാറായുടെ അനുഭവത്തിലൂടെ കടന്നുപോയപ്പോൾ ഹിസ്ക്കീയാവിന് ആഴമായ പാപബോധം, Conviction ഉണ്ടായി. മരണം അത്യാസന്നം എന്നറിഞ്ഞപ്പോൾ ആദ്യം ഹിസ്ക്കീയാവ് പ്രാർത്ഥിക്കുന്നത് "ഞാൻ വിശ്വാസ്തതയോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്ന് നിനക്ക് പ്രസാദമായുള്ളത് ചെയ്തിരിക്കുന്നു" എന്നതാണ്.

എന്നാൽ തീവ്രമായ ദൈവാശ്രയത്തോടെ പ്രാർത്ഥിച്ചപ്പോൾ അഗാധമായ കുറ്റബോധം ലഭിച്ചു. അനുതാപവും ലഭിച്ചു. അതുകൊണ്ടാണ് ഈ ധ്യാനത്തിൽ പറയുന്നത് :

"നീ എന്റെ സകലപാപങ്ങളെയും നിന്റെ പിറകിൽ എറിഞ്ഞ് കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്ന് സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു." യെശയ്യാ 38 : 17

മറഞ്ഞിരുന്ന തെറ്റുകൾ ഹിസ്ക്കീയാവിന് ബോദ്ധ്യമായി. അവയെ ഓർത്ത് തകരാനും അനുതപിക്കാനും കഴിഞ്ഞു.

ഒന്ന്, Repentance.

രണ്ടാമതായി, സമാധാനത്തിനായി സംഭവിച്ചത് പാപ ക്ഷമ ലഭിച്ചു എന്നതാണ്.

> "നീ എന്റെ സകല പാപങ്ങളെയും നിന്റെ പുറകിൽ എറിഞ്ഞു കളഞ്ഞു."

ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം പാപമോചനമാണ്. Remission of sins.

> "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സങ്കീ. 32 : 1 – 2

മൂന്നാമതായി, ഹിസ്ക്കീയാവിന് നിത്യജീവന്റെ അവകാശം ലഭിച്ചു. Eternal life.

"എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്ന് രക്ഷിച്ചിരിക്കുന്നു" എന്നാണ് ഹിസ്ക്കീയാവ് പറയുന്നത്.

> "നീ എന്റെ പ്രാണനെ മരണത്തിൽനിന്നും, എന്റെ കണ്ണിനെ കണ്ണുനീരിൽ നിന്നും എന്റെ കാലിനെ വീഴ്ചയിൽനിന്നും രക്ഷിച്ചിരിക്കുന്നു" എന്ന് സങ്കീർത്തനക്കാരൻ പറയുന്ന അനുഭവം തന്നെ ഹിസ്ക്കീയാവിന് ഉണ്ടായി. സങ്കീ. 116 : 8

നാലാമതായി, ഹിസ്ക്കീയാവിന് സത്യാരാധനയ്ക്കുള്ള ഭാഗ്യം ലഭിച്ചു. ദൈവത്തെ സ്തുതിക്കാനുള്ള ഭാഗ്യം. ദൈവം

ചെയ്ത നന്മകളോർത്ത് ദൈവത്തെ വാഴ്ത്തിപാടി, സ്തോത്രം ചെയ്യാനുള്ള ഭാഗ്യം. Worship

"ഞാൻ ഇന്നു ചെയ്യുന്നതുപോലെ ജീവനുള്ളവൻ, ജീവനുള്ളവൻ മാത്രം നിന്നെ സ്തുതിക്കും." യെശയ്യാ 38:19.

വീണ്ടും അദ്ദേഹം പറഞ്ഞു :

> "അതുകൊണ്ട് ഞങ്ങൾ ജീവപര്യന്തം യഹോവയുടെ ആലയത്തിൽ തന്ത്രിനാഥത്തോടെ എന്റെ ഗീതങ്ങളെ പാടും." യെശയ്യാ 38 : 20

കയ്പ്പായതാണ് സംഭവിച്ചത്. പക്ഷേ, അത് സമാധാനത്തിനായി ദൈവം രൂപാന്തരപ്പെടുത്തി. ഭൂമിയിൽനിന്ന് മാറിപോകേണ്ട സ്ഥിതിയാണ് വന്നത്. എന്നാൽ ഭൂമിയിൽ ഐശ്വര്യത്തോടെ ജീവിക്കാൻ മാത്രമല്ല, കടന്നുചെല്ലുമ്പോൾ നിത്യസമാധാനതീരത്ത് സന്തോഷോല്ലാസങ്ങളോടുക്കൂടി വാഴുവാനുള്ള ഭാഗ്യംലഭിച്ചു.

ബഹുമാന്യ സ്നേഹിതാ, താങ്കളുടെ ജീവിതത്തിൽ സംഭവിച്ച കയ്പ്പെല്ലാം സമാധാനത്തിനായി രൂപാന്തരപ്പെടുത്തുവാൻ ക്രിസ്തുവിന് കഴിയും എന്ന് നീ വിശ്വസിക്കുന്നുവോ? ആനന്ദൈശ്വര്യങ്ങളെഴുന്ന മാസങ്ങളും ആണ്ടുകളും നിനക്ക് ഇനിയും ലഭിക്കും എന്ന് വിശ്വസിക്കുന്നുവോ?

എങ്കിൽ ഹിസ്ക്കീയാവിനെപോലെ ഉള്ളം നുറുങ്ങി ഹൃദയം അലിഞ്ഞുപ്രാർത്ഥിക്കുക. ക്രിസ്തു താങ്കൾക്ക് സമാധാനം തരും. ജീവിതം ക്രിസ്തുവിന്റെ ആണിപ്പഴുതുള്ള കരങ്ങളിലേക്ക് സമർപ്പിക്കുക. മകനേ, നിനക്കുവേണ്ടി തകർക്കപ്പെട്ട കരങ്ങൾ നിന്നെ സ്വീകരിപ്പാൻ നിന്റെ നേരെ നീട്ടിയിരിക്കുന്നു.

ക്രിസ്തുവിനോടു പറയൂ : “ഇന്നുമുതൽ നാഥാ ഞാൻ നിന്റെ വക.” “യേശുവേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും.”

നമുക്ക് പ്രാർത്ഥിക്കാം :

സ്നേഹം നിറഞ്ഞ കർത്താവേ, ജീവന്റെ തിരുമൊഴികൾ എന്നെ കേൾപ്പിച്ചതിനാൽ നിനക്കു സ്തോത്രം. നിന്റെ കൃപയിൽ എന്നെ പൊതിയണമേ. അന്ത്യത്തോളം കാക്കണമേ. യേശുവിൻ നാമത്തിൽ തന്നെ.

## പതിനൊന്ന്

"കരഞ്ഞ് കരഞ്ഞ് എന്റെ മുഖം ചുവന്നിരിക്കുന്നു. എന്റെ കണ്ണിന്മേൽ അന്ധതമസ്സ് കിടക്കുന്നു."
ഇയ്യോബ്ബ് 16 : 16

"My eyes are red with weeping and on my eyelids is the shadow of death."

"കരഞ്ഞ് കരഞ്ഞ് എന്റെ കണ്ണ് ചുവന്നിരിക്കുന്നു. എന്റെ കൺപോളകളിലോ മരണത്തിന്റെ കരിനിഴൽ വ്യാപിച്ചിരിക്കുന്നു" എന്ന് ഈ വാക്യത്തെ തർജ്ജമചെയ്യാം.

യാതനയും വേദനയും കണ്ണീരും ദുരിതവുമായി തകർന്നുലഞ്ഞ ജീവിതമാണ് ഇയ്യോബിന്റേത്. ഇയ്യോബ്ബിന്റെ പുസ്തകത്തിന്റെ ആകത്തുകതന്നെ "The problem of suffering" ആണ്. കഷ്ടതയുടെ പ്രശ്നം - ദുരിതത്തിന്റെ ഭീകരത - യാതന

യുടെ ആധിക്യം.

ഇയ്യോബ് ദൈവഭക്തനായിരുന്നു; നിഷ്ക്കളങ്കനായിരുന്നു; നേരുള്ളവനായിരുന്നു; ദോഷം വിട്ടകലുന്നവനായിരുന്നു. മക്കളും സമ്പത്തും ഐശ്വര്യവും! എല്ലാം കൊണ്ടും ധന്യമായ ജീവിതം. ദൈവം പ്രത്യേക സംരക്ഷണം നൽകി ഇയ്യോബിനെ പരിപാലിച്ചുകൊണ്ടിരുന്നു എന്നാണ് തിരുവെഴുത്ത് പറയുന്നത്.

ഇയ്യോബിന്റെ നന്മയിലും ദൈവഭക്തിയിലും വളർച്ചയിലും സമൃദ്ധിയിലും സാത്താൻ അസൂയാലുവായി. അവൻ ഇയ്യോബിന്റെ മേൽ ദൃഷ്ടിവെച്ചു. ഇയ്യോബിനെ കുറ്റം ചുമത്തിക്കൊണ്ട് സാത്താൻ ദൈവസന്നിധിയിൽ ചെന്നു.

ഇയ്യോബിന്റെ സ്വയവും സ്വന്തനീതിയും തന്നെക്കുറിച്ചുള്ള മതിപ്പും കണ്ട് ഇയ്യോബിന്മേൽ അവകാശം പറഞ്ഞുകൊണ്ട് ദുഷ്ടനായ സാത്താൻ ദൈവത്തോട് വാദിച്ചു. ഇയ്യോബിന് കഷ്ടവും നഷ്ടവും വരുത്തുവാൻ ദൈവം സാത്താനെ അനുവദിച്ചു.

അടിക്കടി ആപത്തുകൾ. ഒന്നിനു പിറകെ ഒന്നായി കഷ്ടനഷ്ടങ്ങൾ. മക്കൾ മരിച്ചു. അവരുടെ വീടുകൾ നശിച്ചു. ആടുമാടുകൾ നശിച്ചു. സമ്പത്ത് നശിച്ചു. എല്ലാം നശിച്ചപ്പോഴും ഇയ്യോബ് പറയുന്നത് :

> "യഹോവ തന്നു; യഹോവ എടുത്തു; യഹോവയുടെ നാമം വാഴ്ത്തപ്പെടട്ടെ." ഇയ്യോബ് 1 : 21

ഇയ്യോബ് ദൈവത്തോട് പരിഭവിച്ചില്ല. ദൈവസ്നേഹത്തെ സംശയിച്ചില്ല.

അടുത്ത പ്രാവശ്യം സാത്താൻ ദൈവസന്നിധിയിൽ പറയുന്നത്:

അവന് രോഗം വരട്ടെ. സ്വത്തും മക്കളുമല്ലേ പോയുള്ളൂ. കഠിന രോഗം വന്നാൽ അവൻ ദൈവത്തെ ത്യജിച്ചു പറയും എന്നാണ്.

> "നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്നു തൊടുക. അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും."
>
> ഇയ്യോബ് 2 : 5

ഇയ്യോബിന്റെ പ്രാണന് മാത്രം കേടു വരുത്തരുത് എന്നു പറഞ്ഞ് ഇയ്യോബിനെ ബാധിക്കാൻ ദൈവം സാത്താനെ അനുവദിച്ചു. സാത്താൻ ഇയ്യോബിനെ ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു.

ദേഹമാസകലം പരുക്കൾ, വേദനയും ചൊറിച്ചിലുമുളവാക്കുന്ന വ്രണങ്ങൾ. അവ പഴുത്ത് പൊട്ടി, ചോരയും ചലവും ഒലിക്കുന്നു. അതിന്റെ ദുർഗന്ധം അസഹ്യം. ഓട്ടിൻകഷണംകൊണ്ട് ശരീരം ചുരണ്ടിക്കൊണ്ട് ഇയ്യോബ് ചാരത്തിൽ ഇരുന്നു.

"കരഞ്ഞു കരഞ്ഞ് എന്റെ മുഖം ചുവന്നിരിക്കുന്നു" എന്ന് ഇയ്യോബ് പറയുന്നതിൽ ഒരത്ഭുതവുമില്ല.

ശരീരത്തിലെ ഈ യാതനയ്ക്കു പുറമേയാണ് മനസ്സിനേറ്റ കനത്ത ആഘാതം. കാരണം ഭാര്യ പറയുകയാണ്.

"നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞ് മരിച്ചു കളക."

ഭാര്യ സാത്താന്റെ ഇംഗിതം നിവർത്തിക്കുന്നതിന് ആലോചന പറഞ്ഞുകൊടുക്കുകയാണ്. ആത്മാഹത്യ ചെയ്യരുതോ എന്നാണ് അവൾ ചോദിക്കുന്നത്. ഇനിയും ദൈവഭക്തനായിരിക്കേണ്ട ആവശ്യമെന്ത് എന്നാണ് അവളുടെ ചോദ്യം.

"നീ ഒരു പൊട്ടി സംസാരിക്കുന്നതുപോലെ സംസാരിക്കുന്നു. നാം ദൈവത്തിന്റെ കൈയിൽനിന്ന് നന്മ കൊക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?"

വാക്കുകളിലൊന്നിലും ഒരു പാപം വരാതെ ഇയ്യോബ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ ഭാര്യയുടെ വാക്കുകൾ ഇയ്യോബിനെ വളരെ നൊമ്പരപ്പെടുത്തി.

അതിനു പുറമെയാണ് തന്റെ സ്നേഹിതന്മാരുടെ പ്രതികരണം. കൂട്ടായ്മ ഒന്ന് ലഭിച്ചെങ്കിൽ എന്ന് ദൈവ പൈതൽ വളരെ ആഗ്രഹിച്ച സമയമാണത്. സ്നേഹിതന്മാർ ചിലരുണ്ട്. അവരൊന്നു വന്നിരുന്നെങ്കിൽ! ഭാഗ്യം! അവർ വരുന്നുണ്ട്; തേമാന്യനായ എലീഫസ്, ശൂഹ്യനായ ബിൽദാദ്, നയമാത്യനായ സോഫർ - ഇവർ മൂവരും വന്നു. പക്ഷേ ഏഴു ദിവസത്തേക്ക് അവർ ഒരു വാക്കും മിണ്ടിയില്ല.

ഭാര്യ പറയരുതാത്തത് പറഞ്ഞു; കൂട്ടായ്മയിലെ സഹോദരന്മാർ പറയേണ്ടത് പറഞ്ഞില്ല. രണ്ടും ഇയ്യോബിനെ മാനസികമായി തളർത്തി.

ഇങ്ങനെ അകത്തും പുറത്തും ദുരിതവും താങ്ങാനാകാത്ത വേദനയുമായി, ദൈവപൈതലേ, നീ വലയുകയാണോ? ഒരു നല്ല വാക്ക് പറയാൻ ആരുമില്ലാതെ നീ വേവലാതിപ്പെടുകയാണോ? കേൾക്കരുതാത്തത് കേട്ടും കേൾക്കേണ്ടത് കേൾക്കാതെയും നീ ഇന്ന് ജീവിത നൈരാശ്യത്തിൽ സ്വയം

ശപിച്ച് കഴിയുകയാണോ? ഈ ദുരിതമെല്ലാം എനിക്ക് വന്ന തെന്തുകൊണ്ട് എന്ന് ചോദിച്ച് സ്വയം സഹതപിച്ചും പരിത പിച്ചും നീ ഇന്ന് ദിവസങ്ങൾ തള്ളി നീക്കുകയാണോ?

എങ്കിൽ മാന്യ സഹോദരാ, യേശു അരികിൽ നിൽക്കു ന്നുണ്ട്. അവൻ കരയുന്നവരുടെ കരച്ചിൽ അകറ്റാൻ മതിയാ യവനാണ്. അവൻ നിന്റെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്നവനാണ്. അവൻ മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവവുമാണ്.

> "കരഞ്ഞു കരഞ്ഞ് എന്റെ മുഖം ചുവന്നിരി ക്കുന്നു. എന്റെ കണ്ണിന് മേൽ അന്ധതമസ്സ് കിട ക്കുന്നു."

"My eyes are red with weeping and on my eyelids is the shadow of death."

മരണത്തിന്റെ കരിനിഴൽ കൺപോളകളിൽ വ്യാപിച്ചു കഴിഞ്ഞു. കണ്ണ് കരഞ്ഞു കരഞ്ഞ് കലങ്ങി ചുവന്നിരിക്കു ന്നു.

ഈ വാക്കുകളെ പറഞ്ഞതിന് ശേഷം ഇയ്യോബ് പറ യുന്ന വാക്കുകൾ ശ്രദ്ധിക്കുക :

"എങ്കിലും സാഹസം എന്റെ കൈകളിലില്ല. എന്റെ പ്രാർത്ഥന നിർമ്മലമത്രേ." Yet, I am innocent and my prayer is pure - എങ്കിലും ഞാൻ നിരപരാധിയാണ്. ഞാൻ പാപം ചെയ്യാതെ എന്നെത്തന്നെ കാക്കുകയാണ്. എന്റെ പ്രാർത്ഥന നിർമ്മലമാണ്.

അതാണ് ഇയ്യോബിന്റെ പ്രാഗത്ഭ്യം. അടിക്കടിയുള്ള ആപ

ത്തുകളും കഷ്ടനഷ്ടങ്ങളും കൊണ്ട് കരഞ്ഞു കരഞ്ഞ് കണ്ണ് ചവന്നു കലങ്ങുന്നുവെങ്കിലും ഇയ്യോബിന്റെ ജീവിത ത്തിൽ പ്രാഗത്ഭ്യം ഉണ്ടായിരുന്നു. ധൈര്യം ഉണ്ടായിരുന്നു. ജീവിതവും പ്രാർത്ഥനയും നിർമ്മലമെന്നും നിഷ്ക്കളങ്കമെ ന്നുമുള്ള ഉറപ്പുണ്ടായിരുന്നു.

ദൈവപൈതലേ, അതാണ് ഏറ്റവും വലിയ ഭാഗ്യം. ഹൃദ യത്തിന്റെ പ്രാഗത്ഭ്യം. തെറ്റു പറ്റരുതെന്നുള്ള നിർബന്ധം. തെറ്റുപറ്റാതെ നിൽക്കുന്നതിലുള്ള സമാധാനം. ദാനിയേൽ പറഞ്ഞതുപോലെ :

> "യാതൊരു കാരണവശാലും ഞാൻ എന്നെ ത്തന്നെ അശുദ്ധമാക്കുകയില്ല" എന്ന തീരുമാനം.
> ദാനിയേൽ 1 : 8
>
> പൗലോസ് പറഞ്ഞു : "എനിക്ക് ദൈവ ത്തോടും മനുഷ്യനോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിപ്പാൻ ഞാൻ ശ്രമിക്കു ന്നു." അപ്പൊസ്തല പ്രവൃത്തികൾ 24 : 16
>
> പൗലോസ് തന്നെ പറയുന്നു : "എനിക്ക് യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല എന്ന വിധിക്കുന്നത് കർത്താവാകുന്നു. "As for me, my heart tells me I am not guilty of anything. But that does not prove I am free from guilt. It is the Lord who looks into my life and says what is wrong. 1. കൊരി. 4 : 4

മറ്റൊരു തർജ്ജമയിൽ ഇങ്ങനെ കാണുന്നു : "My conscience is clear, but that is not final proof. It is the Lord himself who must examine me and decide."

നോക്കൂ! കുറ്റമില്ലാത്ത മനസ്സാക്ഷി! കറ പറ്റാത്ത ജീവിതം. ചെളി പുരളാത്ത ജീവിതം. അതുകൊണ്ട് ഇയ്യോബ് തുടർന്നു പറയുന്നു.

“ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു.”

“Yet even now the Witness to my innocence is there in Heaven, my Advocate is there on high.”

ഇയ്യോബ് 16 : 19

നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്ന നിത്യ മഹാപുരോഹിതനായ ക്രിസ്തുവിനെയത്രേ ഈ വേദഭാഗം വിരൽ ചൂണ്ടിക്കാണിക്കുന്നത്.

മാന്യ സ്നേഹിതാ, നിന്റെ പാപത്തിനുവേണ്ടി ക്രൂശിൽ മരിച്ച്, നിനക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥതയണയ്ക്കുന്ന ഏക മദ്ധ്യസ്ഥനായ ക്രിസ്തുവിനെ നീ നിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചിട്ടുണ്ടോ? നിന്റെ കഷ്ടതയുടെയും കണ്ണീരിന്റെയും മദ്ധ്യത്തിൽ ക്രിസ്തുവിന്റെ വിശുദ്ധി കൈമുതലാക്കി നില്പാനുള്ള പ്രാഗത്ഭ്യം നീ നേടിയോ? ഇപ്പോൾത്തന്നെ ക്രിസ്തുവിനായി നിന്റെ ഹൃദയം നീ തുറക്കുക.

“ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം ദൈവം അനുഗ്രഹിച്ചതുപോലെ (ഇയ്യോബ് 42 : 12) അനുഗ്രഹത്തിന്റെ ഒരു നല്ല നാളെ നീ ആഗ്രഹിക്കുന്നു എങ്കിൽ കുറ്റമറ്റ ഒരു ജീവിതം നയിപ്പാനായി ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിന്റെ ജീവിതത്തെ നീ അർപ്പിക്കുക.

നമുക്ക് പ്രാർത്ഥിക്കാം. :

യേശുവേ, നിന്റെ സ്നേഹമാർന്ന കരങ്ങളിലേക്ക്, എനിക്കുവേണ്ടി ആണി അടിക്കപ്പെട്ട കരങ്ങളിലേക്ക് ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. നാഥാ, നീ എന്നെ കഴുകേണമേ. എന്നെ വിശുദ്ധീകരിക്കണമേ. യേശുവിന്റെ നാമത്തിൽ തന്നെ.

# പന്ത്രണ്ട്

"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും. അന്യനല്ല, എന്റെ സ്വന്ത കണ്ണ് അവനെ കാണും.."
ഇയ്യോബ് 19 : 25 – 27

കഴിഞ്ഞ അദ്ധ്യായത്തിൽ ഇയ്യോബിന്റെ ജീവിതത്തിലെ യാതനകളെപ്പറ്റി നാം ധ്യാനിക്കുകയുണ്ടായി. സാത്താന്റെ ഭീകരമായ ആക്രമണം മൂലം സമ്പത്ത് നഷ്ടപ്പെട്ടു, മക്കൾ നഷ്ടപ്പെട്ടു, ആരോഗ്യം നഷ്ടപ്പെട്ടു. ഭാര്യ പറയരുതാത്തത് പറഞ്ഞു. സ്നേഹിതന്മാർ പറയേണ്ടതു പറഞ്ഞില്ല. കഠിനമായ ശോധനകൾ! താങ്ങാനാവാത്ത പരീക്ഷകൾ!

കരഞ്ഞ്, കരഞ്ഞ് എന്റെ മുഖം ചുവന്നിരിക്കുന്നു. എന്ന്

ഇയ്യോബ് പറഞ്ഞു. മരണത്തിന്റെ കരിനിഴലുകൾ എന്റെ കൺപോളകളിലുണ്ട് എന്ന് ഭീതിയോടും തീവ്രമായ ദുഃഖത്തോടും കൂടെ ഇയ്യോബ് പറയുന്നുണ്ട്.

"തീപ്പൊരി ഉയരെപ്പറക്കും പോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു."
ഇയ്യോബ് 5 : 7

"ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, സർവ്വശക്തന്റെ ശിക്ഷ നീ നിരസിക്കരുത്. അവൻ മുറിവേല്പിക്കുകയും മുറി കെട്ടുകയും ചെയ്യുന്നു. അവൻ ചതയ്ക്കയും തൃക്കൈ പൊറുപ്പിക്കയും ചെയ്യുന്നു." ഇയ്യോബ് 5 : 17-18

എന്നിങ്ങനെ ഇയ്യോബിന്റെ സ്നേഹിതനായ എലീഫസ് ഇയ്യോബിനെ ആശ്വസിപ്പിക്കുന്നുണ്ട്. സ്നേഹിതരോട് ഇയ്യോബ് പറയുന്നത്.

"നിങ്ങൾ എല്ലാവരും വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ." ഇയ്യോബ് 16 : 2

ഇയ്യോബ് ദുരിതത്തിന്റെ കയത്തിൽ താണുകൊണ്ടിരുന്നപ്പോഴും നിത്യനായ ദൈവത്തെ മുറുകെ പിടിച്ചു.

"ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു."
ഇയ്യോബ് 16 : 19

"എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും." ഇയ്യോബ് 23 : 10

എന്നിങ്ങനെ ഇയ്യോബ് ആശ്വാസം പ്രാപിക്കുകയും സ്വയം സമാധാനപ്പെടുത്തുകയും ചെയ്യുന്നു.

അങ്ങനെ വിശ്വാസത്തിലുറച്ച് പ്രത്യാശയുടെ ധൈര്യത്തിൽ ആ ദൈവപൈതൽ പറയുന്ന ഒരു വാക്യമാണ് നമ്മുടെ ചിന്താവിഷയം.

> "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു." ഇയ്യോബ് 19 : 25

സുദൃഢമായ പ്രത്യാശയിൽ നിന്നും സുസ്ഥിരമായ വിശ്വാസത്തിൽ നിന്നുമാണ് ഈ വാക്കുകൾ പറയുന്നത്. ക്രിസ്തു വീണ്ടും വരും. അവൻ അക്ഷരികമായി ഈ ഭൂമിയിൽ കാൽ ചവുട്ടി നിൽക്കും എന്ന പ്രവചനാത്മകമായ ഒരു വചനമാണ് ഇയ്യോബ് പറയുന്നത്. എന്റെ ത്വക്ക് ക്ഷയിച്ചാലും എന്റെ ശരീരം അഴുകി നശിച്ചാലും ഞാൻ എന്റെ വീണ്ടെടുപ്പുകാരനെ കാണും. എന്റെ സ്വന്തകണ്ണ് അവനെ കാണും. ഇതാണ് ഇയ്യോബിന്റെ മഹത്വകരമായ പ്രത്യാശ.

> അപ്പോസ്തലനായ പൗലോസ് പറഞ്ഞു : "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടം സാരമില്ല എന്ന് ഞാൻ എണ്ണുന്നു." റോമർ 8 : 18

> "നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു." 2 കൊരി 4 : 17

ഇതത്രേ ഒരു വിശ്വാസിയുടെ ഭാഗ്യകരമായ പ്രത്യാശ. ഇവിടെ കഠിന ശോധനകളുണ്ട്. ഭീകര ദുരിതങ്ങളുണ്ട്. യാത

നകളും വേദനകളുമുണ്ട്. പക്ഷേ ഒരുനാൾ കണ്ണീരു തോരും. കഷ്ടത മാറും. യാതന മറയും. ക്രിസ്തു വീണ്ടും വരും.

"സഹിക്കുന്നു എങ്കിൽ കൂടെ വാഴും."
2 തീമോഥെയോസ് 2 : 11

ഇന്ന് മുൾമുടിയേറ്റ് കടന്നുപോയവൻ രാജകിരീടം ചൂടി മടങ്ങി വരും. പാപിയെ രക്ഷിക്കാൻ അവൻ ഒന്നാമത് വന്നു. പരിശുദ്ധന്മാരെ ചേർക്കാൻ അവൻ രണ്ടാമത് വരും. പാപിയെ പരിശുദ്ധനാക്കുന്ന കൃപയുടെ കാലമത്രേ ഇത്.

മാന്യ സ്നേഹിതാ, ഇന്ന് നീ നിന്റെ പാപജീവിതത്തോട് വിട പറയുമെങ്കിൽ ക്രിസ്തു നിന്നെ പരിശുദ്ധനാക്കും. ക്രിസ്തുവിന്റെ കുറ്റമില്ലാത്ത രക്തം നിന്റെ കഴിഞ്ഞകാല ജീവിതത്തിലെ പാപക്കറകളെ കഴുകിമാറ്റി നിന്നെ ശുദ്ധീകരിക്കും. വചനം ഇങ്ങനെ പറയുന്നു :

''യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."
1 യോഹന്നാൻ 1 : 7

ക്രിസ്തു തന്റെ പുണ്യാഹ രക്തം കൊടുത്ത് സാത്താന്റെ കൈകളിൽ നിന്ന് മനുഷ്യനെ വിലയ്ക്കുവാങ്ങി. അതിനാണ് വീണ്ടെടുപ്പ് എന്ന് പറയുന്നത്.

പത്രോസ് അപ്പോസ്തലൻ പറഞ്ഞു :

"വ്യർത്ഥവും പിതൃ പാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല. ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാ

ടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ.”

പത്രോസ് 1 : 18

സങ്കീർത്തനത്തിൽ നാം കാണുന്നു :

“സഹോദരൻ ശവക്കുഴി കാണാതെ എന്നന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുപ്പാനോ ദൈവത്തിന് വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴിയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയത്, അത് ഒരുനാളും സാധിക്കയില്ല.

Living Bible – ൽ ഈ വാക്യം പറയുന്നതു കേൾക്കൂ :

Not one of them, though rich as kings, can ransom his own brother from the penalty of sin. For God's forgiveness does not come that way. For a soul is far too precious to be ransomed by mere earthly wealth. There is not enough of it in all the earth to buy eternal life for just one soul, to keep it out of hell.

എത്ര സമ്പന്നനായാലും ഒരാൾക്ക് തന്റെ സഹോദരനെ പാപത്തിന്റെ കനത്ത ശിക്ഷയിൽ നിന്ന് വീണ്ടെടുക്കാൻ സാദ്ധ്യമല്ല. പാപക്ഷമയ്ക്കുള്ള ദൈവത്തിന്റെ വഴി അതല്ല. കാരണം, കേവലം ഭൗതിക സമ്പത്തുകൊണ്ട് വീണ്ടെടുക്കാൻ സാദ്ധ്യമല്ലാത്ത അത്ര മൂല്യവത്താണ് ഒരാത്മാവിന്റെ വില. ഒരാത്മാവിനെ നരകത്തിൽ നിന്നകറ്റി നിത്യജീവൻ നൽകാൻ സർവ്വ ലോകത്തിലുമുള്ള സമസ്ത സമ്പത്തും മതിയാകില്ല.

അതാണ് ക്രിസ്തുവിന്റെ രക്തം നമ്മുടെ വീണ്ടെടുപ്പുവിലയായി കാൽവരിയിൽ ചൊരിഞ്ഞതിനു കാരണം. ക്രിസ്തുവിനെ കൈക്കൊണ്ട് സ്വന്ത കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്ന യാതൊരാൾക്കും ഈ വീണ്ടെടുപ്പു ലഭിക്കും. അങ്ങനെയുള്ളവൻ നരകത്തിലേക്ക് ഉപേക്ഷിക്കപ്പെടു

കയില്ല. നിത്യ ജീവന്റെ അവകാശിയായിത്തീരും.

ആ മഹാഭാഗ്യം കൈവരുമ്പോഴാണ് ഉള്ളം സന്തോഷം കൊണ്ടും നന്ദികൊണ്ടും നിറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നത്. ആ അനുഭവമുള്ള പരിശുദ്ധന്മാരാണ് "ഭയത്തോടുകൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നത്. യുക്തവും ന്യായവുമാകുന്നു" എന്ന് പ്രഖ്യാപിച്ചത്. സങ്കീർത്തനക്കാരൻ പറഞ്ഞു.

> "ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും." സങ്കീ. 71 : 23

പ്രിയ സഹോദരാ, ഈ വീണ്ടെടുപ്പ് നീ അവകാശമാക്കിയോ? നരകാഗ്നിയുടെ നിത്യ ഭീകരയാതന ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തിയാൽ ഒഴിവായി എന്ന് ഉറപ്പ് ലഭിച്ചുവോ? വീണ്ടെടുക്കപ്പെട്ട ഒരു ദൈവപൈതലായി നീ ഇന്ന് വിശുദ്ധിയോടെ ജീവിക്കുന്നുവോ? നിന്റെ വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ ഛായയ്ക്കും സ്വഭാവത്തിനും അനുഗുണമായിട്ടാണോ നീ ജീവിക്കുന്നത്? എങ്കിൽ നിനക്ക് ഏതു ദുരിതത്തിന്റെയും കഷ്ടതയുടെയും പീഡയുടെയും മദ്ധ്യത്തിൽ –

"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ – ഈ ഭൂമിമേൽ – നിൽക്കുമെന്നും ഞാൻ അറിയുന്നു" എന്ന് പറയാൻ കഴിയും. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചുപോകും. എന്റെ ദേഹം ക്ഷയിക്കും. എന്റെ ശരീരം ഇല്ലാതാകും. എങ്കിലും ഞാൻ അവന്റെ രണ്ടാമത്തെ വരവിൽ അവനെ കാണും.

ഇതാണ് ഭാഗ്യകരമായ പ്രത്യാശ. ക്രിസ്തു വീണ്ടും

വരും.

> "ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യോഹ 14 : 2 – 3

ദൈവം ഈ അണ്ഡകടാഹത്തെ അഞ്ച് ദിവസം കൊണ്ട് സൃഷ്ടിച്ചു. ആറാം ദിവസം മനുഷ്യനെയും സൃഷ്ടിച്ചു. എല്ലാം ആറ് ദിവസം കൊണ്ടു മെനഞ്ഞുണ്ടാക്കിയ നിത്യനായ ദൈവം തന്റെ പരിശുദ്ധന്മാർക്ക് കഴിഞ്ഞ രണ്ടായിരം കൊല്ലമായി ഭവനമൊരുക്കിക്കൊണ്ടിരിക്കുകയാണ്. ഇന്നും ആ ഭവനമൊരുക്കിത്തീർന്നിട്ടില്ല!

> "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." 1 കൊരി 2 : 9, യെശയ്യാ 64 : 4

പ്രിയ സഹോദരി, മാന്യ സ്നേഹിതാ, ഇയ്യോബിന്റെ പ്രത്യാശയുടെ ആഴം ഉൾക്കൊള്ളാൻ നിനക്ക് കഴിയുന്നുണ്ടോ? രോഗം, കടം, മക്കളുടെ ദുസ്സ്വഭാവം, ഭർത്താവിന്റെ മദ്യപാനം, ഭാര്യയുടെ സ്നേഹമില്ലായ്മ, പണത്തിന്റെ ഞെരുക്കം എന്നിങ്ങനെ വിവിധ പ്രശ്നങ്ങളിൽ നീ വലഞ്ഞിരിക്കുകയാണോ? ക്രിസ്തുവിനെ നിന്റെ വീണ്ടെടുപ്പുകാരനായി നീ കൈക്കൊണ്ടുവോ? ഈ നിമിഷം നിന്റെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോട് നീ പറയൂ.

"നാഥാ, ഇന്നു മുതൽ ഞാൻ നിനക്കായിട്ട് ജീവിക്കും. യേശുവേ, നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ

ഞാൻ നിനക്കായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം :

ജീവനുള്ള യേശുവേ, അൻപുള്ള രക്ഷകാ, ഇയ്യോബിന്റെ വിശ്വാസവും പ്രത്യാശയും എന്നെ കേൾപ്പിച്ചതിനാൽ നിനക്കു സ്തോത്രം. നാഥാ, നിന്റെ രണ്ടാമത്തെ വരവിനുവേണ്ടി എന്നെ ഒരുക്കണമേ. നിന്റെ വിശുദ്ധന്മാരുടെ നിരയിൽ നിന്നുകൊണ്ട് നിന്നെ എതിരേല്പാൻ എനിക്ക് ഭാഗ്യം തരേണമേ. യേശുവിന്റെ നാമത്തിൽ തന്നെ.

## പതിമൂന്ന്

"അപ്പാ, എന്നെ, എന്നെയും കൂടെ അനുഗ്ര
ഹിക്കണമേ എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞു."
ഉല്പത്തി 27 : 38

അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിന്റെ മകനായ ഏശാവ് അപ്പന്റെ മുമ്പിൽ പൊട്ടിക്കരഞ്ഞുകൊണ്ട് യാചിക്കുകയാണ്.

"നിനക്ക് ഒരനുഗ്രഹം മാത്രമേ ഉള്ളുവോ, അപ്പാ? എന്നെ, എന്നെയും കൂടെ അനുഗ്രഹിക്കേണമേ, അപ്പാ."

ഏശാവിന്റെ നിലവിളി ആരുടെയും കരളലിയിക്കുന്നതാണ്. ഏശാവിന്റെ പ്രാർത്ഥന ഉള്ളുരുകികൊണ്ടാണ്. ഏങ്ങലടിച്ചുകൊണ്ടാണ് ഏശാവ് അപ്പന്റെ അനുഗ്രഹത്തിനുവേണ്ടി യാചിക്കുന്നത്. പക്ഷേ, അവന്റെ പ്രാർത്ഥന ഫലശൂന്യമായിപ്പോയി. എബ്രായ ലേഖന കർത്താവ് മുന്നറിയിപ്പു തരുന്നു :

"ആരും ഒരു ഊണിനു ജ്യേഷ്ഠാവകാശം

വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനായി ത്തീരാതിരിപ്പാൻ കരുതികൊൾവിൻ. അവൻ പിന്ന ത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു. കണ്ണുനീരോടുകൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു വല്ലോ." എബ്രായർ 12 : 16 – 17

ജ്യേഷ്ഠാവകാശം പദവിയുള്ളതായിരുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നതിന്റെ ഇരട്ടിപ്പങ്ക് ജ്യേഷ്ഠാ വകാശിക്ക് നൽകണമെന്നത് യിസ്രായേലിന്റെ നിയമമായിരുന്നു. ഉല്പത്തി 43 : 33

രാജ്യത്തിന്റെ പദവിയും ആദ്യജാതനുണ്ടായിരുന്നു. 2 ദിനവൃത്താന്തം 21 : 3

ആദ്യജാതൻ യഹോവയ്ക്കായി വേർതിരിക്കപ്പെട്ടവനാകു ന്നു. സംഖ്യാപുസ്തകം 3:13; നെഹമ്യാ 10:36; പുറപ്പാട് 13:2; 34:19; ലേവ്യാപുസ്തകം 27:26.

ഇത്രയേറെ പദവികളുള്ള ജ്യേഷ്ഠാവകാശമാണ് അല്പ നേരത്തെ തൃപ്തിക്കും സുഖത്തിനും രസത്തിനും മധുര ത്തിനും വേണ്ടി ഏശാവ് അഗണ്യമാക്കിയത്. പായസത്തിന്റെ ചുവപ്പ് ഏശാവിനെ ആകർഷിച്ചു – കണ്മോഹം. പായസ ത്തിന്റെ രുചി ഏശാവിനെ വശീകരിച്ചു-ജഡമോഹം.

തിരുവചനം പറയുന്നു.

"ഏശാവ് തന്റെ ജ്യേഷ്ഠാവകാശം യാക്കോ ബിനു വിറ്റു. യാക്കോബ് ഏശാവിന് അപ്പവും പയറുകൊണ്ടുള്ള പായസവും കൊടുത്തു. അവൻ ഭക്ഷിച്ചു, പാനം ചെയ്തു. എഴുന്നേറ്റുപോയി. ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശത്തെ അല

ക്ഷ്യമാക്കിക്കളഞ്ഞു." ഉല്പത്തി 25 : 34

ചുവന്ന പായസത്തിലേക്ക് ആശ പോയപ്പോൾ ഏശാവ് ചിന്തിച്ചില്ല, നിത്യമായ പദവിയാണ് നഷ്ടപ്പെടാൻ പോകുന്നത് എന്ന്. കൊതിപൂണ്ട്, നാവിൽ നനവൂറി ആ പായസത്തിനുവേണ്ടി ചോദിക്കുമ്പോൾ ഏശാവ് ഗൗനിച്ചില്ല, നിത്യസൗഭാഗ്യമാണ് തന്നിൽനിന്ന് തെറിച്ചു പോകുന്നതെന്ന്.

സ്നേഹിതാ, ക്ഷണനേരത്തെ സുഖത്തിനും രസത്തിനും വേണ്ടി നിന്റെമേൽ ദൈവം കരുതിയിരിക്കുന്ന ശോഭനമായ നിത്യത നീ നഷ്ടപ്പെടുത്തുന്നു എന്ന് നീ അറിയുന്നുണ്ടോ? നിമിഷങ്ങളുടെ സന്തോഷം! നഷ്ടമോ? നിത്യ സൗഭാഗ്യം.

സമയം തെറ്റിയുള്ള കരച്ചിൽ നിഷ്പ്രയോജനമാണ്. സമയം കഴിഞ്ഞതിനുശേഷമുള്ള അനുതാപവും നിഷ്ഫലമത്രേ.

ഈസ്ക്കര്യോത്ത യൂദാ അനുതപിച്ചു. "ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു; പാപം ചെയ്തു" എന്ന് ഏറ്റുപറഞ്ഞു. മഹാപുരോഹിതന്മാരുടെ അടുക്കൽ ഏറ്റു പറഞ്ഞു. പാപത്തിന്റെ കൂലിയായി കിട്ടിയത് തിരികെ കൊടുത്ത് പ്രായശ്ചിത്തം ചെയ്തു. "അത് ഞങ്ങൾക്കെന്ത്? നീ തന്നെ നോക്കികൊൾക" എന്ന് നിരാശകരമായ മറുപടിയാണ് അവന് കിട്ടിയത്. അവൻ കെട്ടിഞാന്ന് ചത്തുകളഞ്ഞു.

യൂദായുടെ അനുതാപം, ഏറ്റുപറിച്ചിൽ, പ്രായശ്ചിത്തം എല്ലാം സമയം കഴിഞ്ഞായിരുന്നു.

ഒന്ന്, ഏശാവിന്റെ കരച്ചിൽ സമയം കഴിഞ്ഞായിരുന്നു.

രണ്ട്, യൂദായുടെ അനുതാപം സമയം കഴിഞ്ഞായിരുന്നു.

മൂന്ന്, ധനവാന്റെ പ്രാർത്ഥന.

"ധനവാനും മരിച്ചു അടക്കപ്പെട്ടു. പാതാള ത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി. ദൂരത്തുനിന്ന് അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു."

ലൂക്കോസ് 16 : 23

ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ മേലോട്ട് നോക്കാൻ തോന്നി യിരുന്നില്ല. അതിന് സമയവും ഇല്ലായിരുന്നു അന്ന്. ധൂമ്രവ സ്ത്രവും പട്ടും ധരിച്ച് ദിനംപ്രതി ആഡംബരത്തോടെ സുഖി ച്ചുകൊണ്ടിരുന്നു.

ഇപ്പോഴിതാ, നിത്യത എന്ന യാഥാർത്ഥ്യത്തിന്റെ മുമ്പിലെ ത്തിയിരിക്കയാണ്. ഒഴിവാക്കാൻ പാടില്ലാത്ത യാതന. അതോ ഒരിക്കലും തീരാത്ത യാതന. നാവ് വരളുന്നു. ഒരിറ്റ് വെള്ളം കിട്ടിയിരുന്നെങ്കിൽ! ഈ ജ്വാലയിൽ കിടന്ന് വേദന അനുഭ വിക്കുന്നു. അറുതിയില്ലാത്ത വേദന!

"അബ്രാഹാം പിതാവേ, എന്നോട് കനിവു ണ്ടാകേണമേ. ലാസർ വിരലിന്റെ അറ്റം വെള്ള ത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ട തിന് അവനെ അയയ്ക്കേണമേ, ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു." ലൂക്കോ 16 : 24

"ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലി യോരു പിളർപ്പ്. തമ്മിൽ കാണാം. പക്ഷേ അങ്ങോട്ടും ഇങ്ങോട്ടും കടക്കാൻ സാദ്ധ്യമല്ല."

ലൂക്കോ 16 : 28

എന്റെ കാര്യം ആശയ്ക്കു വകയില്ലാതായിപ്പോയല്ലോ.

ഭൂമിയിൽവെച്ച് മാനസാന്തരപ്പെടാനും നിത്യത ഒന്നുണ്ടെന്ന് വിശ്വസിക്കാനും കഴിഞ്ഞില്ല. മരണത്തിനുശേഷം അനുതപിച്ചിട്ട് ഫലമില്ല. ഒരു കാര്യം ചെയ്യുമോ? എന്റെ അഞ്ച് സഹോദരന്മാർ ഭൂമിയിലുണ്ട്. അവർ ഇപ്പോൾ ജീവിക്കുന്നതുപോലെ ജീവിച്ചാൽ ഈ യാതനാസ്ഥലത്തെത്തും. നിത്യ യാതന. അത് അവർക്ക് വരാതിരിപ്പാൻ ഈ ലാസർ ചെന്ന് എന്റെ അഞ്ചു സഹോദരന്മാരോട് ഒരു സാക്ഷ്യം പറയാൻ അവനെ ഭൂമിയിലേക്ക് ഒന്ന് അയയ്ക്കണമേ.

ആ അപേക്ഷയും തള്ളപ്പെട്ടു. ഭൂമിയിൽ മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ. അവരുടെ വചനം അവർ കേൾക്കട്ടെ എന്നാണ് അബ്രഹാമിന്റെ മറുപടി.

അല്ലല്ല, അബ്രാഹാം പിതാവേ, ഒരത്ഭുതം കണ്ടാലേ അവർ മാനസാന്തരപ്പെടുകയുള്ളൂ. എനിക്കും അവർക്കും പറ്റിയിരിക്കുന്ന അബദ്ധം മാനസാന്തരപ്പെട്ടില്ല എന്നതാണ്. ഞാനോ നശിച്ചു. അവരെങ്കിലും ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ മാനസാന്തരപ്പെട്ട് ഈ നിത്യയാതനയിൽനിന്നു രക്ഷപ്പെടാൻ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്ന് അവരോട് സാക്ഷ്യം പറയട്ടെ.

> “അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്ക് കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്ന് ഒരുത്തൻ എഴുന്നേറ്റ് ചെന്നാലും വിശ്വസിക്കയില്ല.” ലൂക്കോ 16 : 31

സമയം കഴിഞ്ഞുള്ള നിലവിളിയും പ്രാർത്ഥനകളും നിഷ്പ്രയോജനമായി.

നാല്, കതകടച്ചശേഷം പുറത്തുനിന്നുള്ള പ്രാർത്ഥന. ബുദ്ധിയില്ലാത്ത കന്യകന്മാരുടെ പ്രാർത്ഥന. ബുദ്ധിയില്ലാത്ത

അഞ്ചു കന്യകമാർ പാത്രത്തിൽ എണ്ണ ശേഖരിച്ചില്ല. ബുദ്ധി യുള്ള അഞ്ചു കന്യകമാർ വിളക്കിലെ എണ്ണയ്ക്ക് പുറമെ പാത്രത്തിലും എണ്ണ എടുത്തു. ഇപ്പോൾ വിളക്ക് കത്തുന്നു ണ്ടെങ്കിലും കത്തുന്തോറും വിളക്കിലെ എണ്ണ കുറഞ്ഞു പോകും എന്നവർക്കറിയാമായിരുന്നു. കുറയുന്തോറും ഒഴി ച്ചുകൊടുക്കാൻ അവർ reserve oil കരുതി. എണ്ണ കുറഞ്ഞു പോകാനുള്ള സാദ്ധ്യതയുണ്ട് എന്ന് ചിന്തിക്കാത്തതാണ് അഞ്ചു കന്യകമാരുടെ ബുദ്ധിയില്ലായ്മ.

അവർ വാതിലിനു പുറത്തുനിന്ന് മുട്ടുന്നുണ്ട്. കർത്താ വേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്ന് അവർ നിലവിളിക്കുന്നുണ്ട്.

> "ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന മറുപ ടിയാണ് അകത്തുനിന്നുണ്ടായത്."
>
> മത്തായി 25 : 12

ലൂക്കോസ് 13 : 25ൽ കാണുന്നു :

> "വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ചശേഷം നിങ്ങൾ പുറത്തുനിന്ന്, കർത്താവേ, തുറന്നു തര ണമേ എന്ന് പറഞ്ഞുകൊണ്ട് കതകിനു മുട്ടിത്തു ടങ്ങുമ്പോൾ നിങ്ങൾ എവിടെനിന്ന് എന്ന് ഞാൻ അറിയുന്നില്ല എന്ന് ഉത്തരം പറയും."

> "അഞ്ച്, ആഖാൻ, പാപം ഏറ്റു പറയാൻ വൈകിപ്പോയി." യേശുവ 7 : 24 –26

ആഖാൻ യറീഹോയിൽനിന്ന് ബാബിലോന്യ മേലങ്കിയും വെള്ളിയും പൊൻകട്ടിയും മോഹിച്ചു, എടുത്തു, മറച്ചു

എന്ന് ഏറ്റുപറഞ്ഞു. സമയം വൈകിപ്പോയി അവൻ ഏറ്റു പറയാൻ. അവൻ കല്ലേറുകൊണ്ട് മരിക്കേണ്ടി വന്നു.

ആറ്, യിസ്രായേയിലെ ഒന്നാമത്തെ രാജാവായ ശൗൽ.

> "ഞാൻ യഹോവയുടെ കല്പനയും നിന്റെ വാക്കും ലംഘിച്ച് പാപം ചെയ്തിരിക്കുന്നു."
> 1 ശമുവേൽ 15:24

> "ഞാൻ പാപം ചെയ്തിരിക്കുന്നു."
> 1 ശമുവേൽ 15:30

ശൗൽ ശമുവേൽ പ്രവാചകന്റെ അടുക്കൽ വേദനയോടെ ഏറ്റുപറയുകയാണ്. പക്ഷേ സമയം കഴിഞ്ഞുള്ള പ്രാർത്ഥ നയ്ക്ക് ഫലം കിട്ടിയില്ല.

ഏഴ്, ഫറവോൻ മോശെയോടു പറയുകയാണ് :

> "നിങ്ങളുടെ ദൈവമായ യഹോവയോടും നിങ്ങളോടും ഞാൻ പാപം ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ പ്രാവശ്യം മാത്രം എന്റെ പാപം ക്ഷമിച്ച് ഈ ഒരു മരണം എന്നെ വിട്ടു നീങ്ങു വാൻ നിങ്ങളുടെ ദൈവമായ യഹോവയോടു പ്രാർത്ഥിപ്പിൻ." പുറപ്പാട് 10 : 16 – 17

അനുതാപവും മാനസാന്തരവുമില്ലാത്ത പ്രാർത്ഥനയായി രുന്നു അത്. ആ പ്രാർത്ഥന നിരസിക്കപ്പെട്ടു.

പ്രിയ സ്നേഹിതാ, സമയം കഴിഞ്ഞ് നിലവിളിക്കാനും പ്രാർത്ഥിക്കാനും താങ്കൾക്ക് സംഗതി വരരുതേ. സുബോധ മുള്ളപ്പോൾ പ്രാർത്ഥിപ്പിൻ. ഓർമ്മയുള്ളപ്പോൾ ഏറ്റുപറയു വിൻ. കൃപയുടെ വാതിൽ അടയ്ക്കുന്നതിനു മുമ്പെ മാനസാ ന്തരപ്പെടുവിൻ.

“ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം.”

2 കൊരിന്ത്യർ 6 : 2

താങ്കളുടെ സമീപത്ത് നില്ക്കുന്ന ക്രിസ്തുവിനെ സ്വന്തം ഹൃദയത്തിലേക്ക് ഇപ്പോൾ വിളിക്കുമോ? ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുമോ?

“നാഥാ, ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം നയിക്കും.” ക്രിസ്തുവിനോട് പറയുക : ’‘യേശുവേ, ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം നയിക്കും.”

പ്രാർത്ഥിക്കാം :

യേശുവേ, അവിടുത്തെ ജീവവചനങ്ങൾക്കായി സ്തോത്രം. സ്വർഗ്ഗകവാടം തുറന്നിരിക്കുന്നതിനാൽ സ്തോത്രം. തീരുമാനമെടുത്തവർക്ക് അത് പാലിപ്പാനുള്ള കൃപ നൽകണമേ. യേശുവിൻ നാമത്തിൽ തന്നെ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| **വെള്ളി** | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : **6.30** AM |
| **ശനി** | സൂര്യ ടിവി | : **6.30** AM |
| **ഞായർ** | ജീവൻ ടിവി | : **7.30** AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| **ചൊവ്വ**<br>**ശനി** | SW 25 മീറ്റർ | : **7.45** PM |

### പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |